
# കാർമ്മൽ

ജനുവരി 1961

ത്രൈമാസികം

CARMEL QUARTERLY



January 1961

കാർമ്മൽ

വഷം 14 പു. 14 | ജാനുവരി 1961 | ലക്കം 1

# AUGURIES

"Carmel" feels very happy to associate itself in a special manner with the magnificent and joyous celebrations being organised by the priests and people of the diocese of Trivandrum to convey their felicitations and to proclaim their allegience and devotion to His Excellency the Right Rev. d Dr. Vincent Victor Dereere, their revered Pastor and Father, on the occasion of the Silver Jubilee of his Episcopal consecration.

The diocese of Trivandrum has every reason to commemorate the event which is the first land mark in the history of the new-born diocese. It was its singular privilege to be nourished and nursed by His Excellency the Right Rev. d Dr. Vincent Dereere ever since its birth in 1937 Under his zealous leadership the diocese of Trivandrum has made such great strides of progress in the last 24 years of its existence that to-day, with the integration of a part of the old Cochin diocese, it counts 232,672 catholics among a total population of 1,426,157 within an area of 840 sq. miles.

Front Picture
**H. E. The Right**
**Rev. d Dr. Vincent V. Dereere**
*Bishop of Trivandrum*
The Jubilerian

It is a matter of legitimate pride for the diocese that it can count upon its faithful, especially from the beach in times of peril against Catholic faith. Simple but staunch, they will die for what they hold to be true. Together with the Catholics of the mid-Kerala, they have distinguished themselves in our historic "liberation struggle" for the safety and security of Catholic Schools against the Communist menace.

As there is much to do for the spiritual and social uplift of these good people, nobody can assume a self-complaisant attitude on the past achievements; but instead, the people and the priests of the Diocese should rightly rally round their Bishop and Pastor even with more loyalty, cooperation and apostolic zeal than in the past years. The number of priests and institutions is to be increased; social work is to be organised. Eighty priests and few Religious of a single monastery in the Diocese are too inadequate to cater for the spiritual needs of over two lakhs of the faithful.

The Minor Seminary, started few years ago to meet this long-felt need is ofcourse a far-sighted measure which will certainly bear abundant fruits in future.

The most significant of the works recently undertaken in the Diocese under the inspiration of their Excellencies the Bishop and his Auxilary is to provide homes for the homeless. We are glad to note that Social Action has seen the need of descending from the platform to the practical ground. If Catholics take an active part in Social Action to be organised on non-communal basis in predominantly catholic centres under able and enlightened catholic leadership, much of the Government subsidies which otherwise would go to private pockets, may be utilised for the good of our people.

The present celebrations of the Episcopol Silver Jubilee of His Excellency the Rt. Rev. Dr. Vincent V. Dereere must be a pledge of an enthusiastic co-operation from the generous people and priests of the Diocese of Trivandrum towards an all-round progress of its faithful.

While extending to His Excellency, the Venerable Jubilerian, our most cordial and best auguries on the occasion of this Jubilee of gratitude and rejoicing, we ardently wish and pray that our Lord may shower His most abundant graces and blessings to enable him to see the realisation of his cherished desires and apostolic programmes for the spiritual and temporal welfare of the flock entrusted to him by Divine Providence. Ad multos annos!

കാർമ്മലിന്റെ ലേഖകന്മാർക്കും, വരിക്കാർക്കും

അഭ്യുദയകാംക്ഷികൾക്കും

നവവത്സരമംഗളം

# *SILVER JUBILEE*

## *of*

## *His Excellency the Right Reverend Dr. Vincent Victor Dereere, O.C.D. Bishop of Trivandrum.*

*(By Rev. Fr. Constantine, O.C.D.)*

The 4th February 1961 will be for the Latin Diocese of Trivandrum, a day of grand celebrations and of great jubilation on the completion of the 25 years of Episcopate of His Exc. Rt. Rev. Vincent V. Dereere, O. C. D. its First Bishop.

Victor Dereere was born in Ostend (Belgium) on the 12th February 1880. He entered the Major Seminary at Bruges and was ordained Priest there on the 15th June 1905. He was given several important offices, especially in the Diocesan College at Menin. But he wanted to devote himself entirely to the service of God and was attracted to the Order of Carmel; he entered the Novitiate of the Order at Bruges on the 2nd Sept. 1925 and became Father Vincent of St. Theresa of Lisieux.

It was His Exc. Rt. Revd. A. M. Benziger, the then Bishop of Quilon, who on a visit to Belgium, became the instrument in the Hands of God and of Our Lady, Mediatrix of all Graces, to influence and convince the young Father Vincent to give himself to the Work of the Missions. Revd. Fr. Vincent came to India on the 30th October 1926, and he joined immediately the staff of the Quilon Major Seminary as Professor of Philosophy and as Spiritual Director. His devotion and his experience made him very soon the confidant of all the seminarists. He took his Solemn Vows in the "Carmel Hill Monastery" Trivandrum on the 17th June 1928. He was nominated Vicar Provincial of the Trivandrum Mission on the 10th of June 1933 and became the Rector of the Major Seminary of Quilon on the 10th Oct. 1934.

But the Divine Providence had still greater designs: His Rev. was to become the immediate successor of His Exc. Rt. Revd. A.M. Benziger himself. Mgr. Benziger had become old and sickly, and several times His Exc. had asked Rome to allow him to retire, but Rome did not agree to it so soon; He gave his resignation in 1931 and at once withdrew to the Carmelite Novitiate at Carmel Hill, where he continued to lead a humble, simple and penitential religious life.

His Excellency Rt. Revd. Vincent Victor Dereere, O.C.D., elected on the 10th February 1936, was consacrated Bishop of Quilon, at Quilon itself, on the 17th May 1936.

By this time a bifurcation of the ancient Diocese of Quilon, so extensive and so thickly populated, became a necessity; the new Diocese of Trivandrum, was erected and his Exc. Rt. Rev Vincent Dereere, became its First Bishop in December 1937. The new Bishop gave all his energy to the work to which Divine Providence had destined him, and with the grace of God and with the help of Mary, his untiring zeal and devotion brought his work to a magnificent and unforeseen success. The Diocese of Trivandrum has at present a catholic population of 232, 672 souls, and obtains the fourth rank among the Latin Dioceses of India, as regards the number of Catholics.

Let us thank God and Our Lady for all the favours and graces the Venerable Jubilerian Bishop has received and let us also pray that the Good God and Our Lady may continue to help and protect His Excellency.

# IN MEMORIAM



Very Rev. Fr. Celestine of St. Joseph O. C. D.

*It was with sentiments of deep sorrow that we heard of the sad demise of Very Rev. Fr. Celestine of St. Joseph O. C. D., which occurred in Ghent, Belgium, on 28th December 1960. Carmel in India has lost in him on earth a great benefactor and well-wisher, nay, a veritable Father; for it was he who with the late Very Rev. Fr. William of St. Albert, the then Superior General, who brought to realisation a long-felt need and desire of a Novitiate of the Carmelite First Order for the Indians. His broad out-look, and sense of vision coupled with firm determination and indomitable courage could over-come with God's help the manifold difficulties which paved his way to success. As Father of Indian Carmel he always took very keen interest in all that concerned the Province of Malabar, even when he ceased to exercise any authority over it. The first batch of Indian students who went to Belgium for their religious and priestly training still remember with gratitude and admiration with what fatherly affection and kindness he came to Paris to receive them.*

*He was a very jovial man, full of spirit and good humour. Extremely sociable as he was, nobody could feel sad in his presence. His spirit of joy and sense of humour did not leave him even when he was bed-ridden with acute pain and suffering during the last ten years.*

*He was born on 18th December 1889, made his religious profession on 8th September 1909 and slept in the Lord on 28th December 1960.*

*He has successfully discharged the office of Provincial and Definitor General.*

*His memory will ever be cherished with gratitude not only in the Province of Flanders but also in that of Malabar.*

**R. I. P.**

# പുണ്യപൂർണ്ണതയുടെ ഗിരിശൃംഗം

ദൈവസാന്നിദ്ധ്യസ്മരണ: ദൈവത്തിന്റെ മലയിൽ ആരു പ്രവേശിക്കും? (Psalm 23, 3). അവിടുന്ന് വസിക്കുകയും, തൻെറ മഹിമയിലും പ്രതാപത്തിലും ഏകനായി വാഴുകയും ചെയ്യുന്ന ആ മലയിലേക്ക് പ്രവേശനം അനുവദിക്കണമെന്ന് ദൈവത്തോട്ട് ഞാൻ പ്രാത്ഥിക്കുന്നു.

ധ്യാനം

1) ചുരുക്കമായി ആദ്ധ്യാത്മികജീവിതം മുഴുവൻ വിശദീകരിക്കുന്ന ഒരു ചിത്രം, യോഹന്നാൻ ക്രൂസ്പുണ്യവാൻ നമുക്ക് നൽകിയിട്ടുണ്ട്. അതിൽ ഒരു ഗിരിശൃംഗം പ്രത്യക്ഷപ്പെട്ടുന്നുണ്ട്. പുണ്യപൂണ്ണതയുടെ സ്ഥിതിയെയാണ് അതു് സൂചിപ്പിക്കുന്നതു്. അതിൻെറ ചുററും ഒരു വട്ടമുണ്ട്. ഈ വൃത്തത്തിൻെറ മദ്ധ്യത്തിലേക്ക് മൂന്നു വഴികൾ ഉണ്ട്. എന്നാൽ ഒന്നുമാത്രമെ അവിടെ എത്തുന്നുള്ളു. അതു് "ഇല്ലാ"യ്മയുടെ അഥവാ പരിപൂർണ്ണ പരിത്യാഗത്തിൻെറ മാഗ്ഗമാണ്. വൃത്തത്തിൻെറ മദ്ധ്യത്തിലേക്ക് ഈ മാഗ്ഗം നേരെ ചെന്നെത്തുന്നു. "ദൈവത്തിൻെറ മഹത്വവും പ്രതാപവും മാത്രം ഇവിടെ വസിക്കുന്നു" എന്നു് അവിടെ ഉല്ലേഖനം ചെയ്യപ്പെട്ടിരിക്കുന്നു.

പരിപൂർണ്ണസ്നേഹത്താൽമാത്രം ആനീതമായി ദൈവഹിതത്തോട്ട് പൂണ്ണമായി യോജിക്കുകയും, അതിൻെറ പ്രേരണയാൽ പരിശുദ്ധ ത്രിത്വത്തിൻെറ മഹത്വത്തിനുവേണ്ടിമാത്രം പ്രയത്നിക്കുകയും ചെയ്യുന്ന ആത്മാവു് ഈ ഉന്നത പദവിയിൽ എത്തുന്നു. "ഇവിടെ ഇനിയും വഴിയൊന്നുമില്ല. എന്തുകൊണ്ടെന്നാൽ നീതിമാനു് നിയമമില്ല" എന്നു് വൃത്തത്തിൻെറ ചുററും എഴുതപ്പെട്ടിരിക്കുന്നു. യഥാത്ഥത്തിൽ, ദൈവസ്നേഹത്തിനു് പൂണ്ണമായി വഴങ്ങിയ ഒരാത്മാവിന് തൻെറ കടമകൾ നിവ്വഹിക്കുന്നതിനും, അതിനെ നേർവഴിയിൽ നിറുത്തുന്നതിനും നിയമത്തിന്റെ പ്രചോദനം ആവശ്യമില്ല. ആദ്ധ്യാത്മികമായി അതിനെ നയിക്കുകയും, സകല പ്രവൃത്തികളിലും നിയന്ത്രിക്കുകയും ചെയ്യുന്ന ഏക പ്രവർത്തനതത്വം ദൈവതിരുമനസ്സാണ്. തൻമൂലം വിശുദ്ധൻ പറയുന്നതു് ഈ സ്ഥിതിയിൽ ദൈവത്തിൻേറയും മനുഷ്യൻേറയും മനസ്സുകൾ ഒന്നായിത്തീരുന്നു എന്നാണ്. ഈ ഏകീകരണത്തിൽ ദൈവതിരുമനസ്സ് മനുഷ്യമനസ്സായി തീരുകയും മനുഷ്യമനസ്സ് ദൈവ തിരുമനസ്സിൽ പൂണ്ണമായി ലയിക്കുകയും ചെയ്യുന്നു. തൻമൂലം സ്വയമേ അതു് ഒന്നും തെരഞ്ഞെടുക്കുന്നില്ല.

ദൈവദത്തമായ സകല സുകൃതങ്ങളും, പരിശുദ്ധാത്മാവിൻെറ ദാനങ്ങളും ഫലങ്ങളും ഈ ആത്മാവിൽ സമൃദ്ധിയായി വളരുന്നു. അങ്ങനെ അതു് "നിത്യമായ ഒരു വിരുന്നിൽ, ദൈവീക നിശ്ശബ്ദതയിലും ദൈവികജ്ഞാനത്തിലും ദൈവവുമായുള്ള ആർദ്രസ്നേഹം ആസ്വദിക്കുന്നു.'

ഈ വിധത്തിൽ "ഇല്ലാ"യ്മയുടെ കക്കശമായ പാതയിൽക്കൂടെ തൻെറ ഏകനിധിയായ ദൈവത്തിൻെറ അനന്തതയിലേക്ക് ആത്മാവു് പ്രവേശിക്കുകയും, അവിടെ ലയിക്കുകയും ചെയ്യുന്നു.

2) ഇല്ലായ്മയുടെ കഷ്ടതനിറഞ്ഞ വഴിമാത്രമാണ് നമ്മെ പുണ്യപൂണ്ണതയുടെ ഉച്ചിയിലെത്തുവാൻ പ്രാപ്തരാക്കുന്നതു്. അതു് അപൂർണ്ണതയുടെ രണ്ടു് മാഗ്ഗങ്ങളേയും പിന്നിട്ടുകൊണ്ടു് പുരോഗമിക്കുന്നു. അപൂർണ്ണതയുടെ പാതകളാകട്ടെ പുണ്യപൂർണ്ണതയാകുന്ന ഗിരിയുടെ പകുതിഭാഗം മാത്രം എത്തിയിട്ട് അവിടെവെച്ച് അടഞ്ഞുപോകുകയും മുന്നോട്ടുള്ള ഗമനം തടയുകയും ചെയ്യുന്നു. അപൂർണ്ണതയുടെ അരുപികളിൽ ഒന്ന് ലൌകികവസ്തുക്കളിലേക്കു ചായുമ്പോൾ, മറേറതു് ആദ്ധ്യാത്മികനന്മകളെ സ്വന്തം തൃപ്തിക്കുവേണ്ടി അനാശാസ്യമായവിധം അന്വേഷിക്കുന്നു.

അപൂണ്ണമായ അരൂപിയുടെ മാഗ്ഗത്തിൽ നിന്നു് രക്ഷപ്പെടുന്നതിനു് യാതൊരുകായ്യവും ദൈവ തിരുമനസ്സിനോടുള്ള പരിപൂണ്ണ യോജിപ്പോടുകൂടെയല്ലാതെ സ്നേഹിക്കാതിരിക്കേണ്ടതു്

ആവശ്യമാണ്. വാസ്തവത്തിൽ, ദൈവതിരുമനസ്സിനു് യോജിക്കാത്തവിധം, അതിനുവേണ്ടിത്തന്നെ നാം സ്നേഹിക്കുന്ന ഓരോ വസ്തുവും നമ്മിൽ ഉൽക്കണ്ഠയുടെയും ആഗ്രഹങ്ങളുടെയും ചാഞ്ചല്യത്തിൻെറയും അന്വേഷണങ്ങളുടെയും ഉറവിടമായിത്തീരുന്നു. അതു് നമ്മുടെ ഹൃദയത്തെ സ്വസംതൃപ്തിക്കായി പ്രവർത്തിക്കുന്നതിനു് പ്രേരിപ്പിക്കുന്നു. സൃഷ്ടവസ്തുക്കളുടെ മേൽ പക്ഷമുള്ള ആത്മാവിൽ ദൈവതിരുമനസ്സിൽ നിന്നും വ്യത്യസ്തമായ എത്രയോ പ്രവർത്തന മൂല്യങ്ങളാണു് സ്ഥിതി ചെയ്യുന്നതു്! ഏതായാലും ആത്മാക്കൾ, തങ്ങളെ ഒരിക്കലും ഉദ്ദിഷ്ടസ്ഥലത്തു് എത്തിക്കാൻ കഴിവില്ലാത്ത അപൂർണ്ണതയുടെ പാതയിൽ വ്യാപരിക്കുന്നു. തൻമൂലമാണു് ആ പാതകളുടെ അരികിൽ "ലൗകികവസ്തുക്കളോ സ്വർഗ്ഗീയവസ്തുക്കളോ പാടില്ല" എന്നു് എഴുതിയിരിക്കുന്നതു്. അതായതു് "ഇല്ലായ്മ"യുടെ മാർഗ്ഗത്തിൽക്കൂടെ അവർ ചരിക്കണം. പടത്തിൻെറ അടിയിൽ എഴുതിയിരിക്കുന്ന വാചകങ്ങളും ഈ മൗലികമായ ആശയത്തെത്തന്നെ പിൻതാങ്ങുന്നു. "സർവ്വവും രുചിക്കുന്നതിനും അറിയുന്നതിനും സ്വന്തമാക്കുന്നതിനും ആയിരിക്കുന്നതിനും സാധിക്കുന്നതിനുവേണ്ടി യാതൊന്നും രുചിക്കുന്നതിനും അറിയുന്നതിനും സ്വന്തമാക്കുന്നതിനും ആയിരിക്കുന്നതിനും ആഗ്രഹിക്കാതിരിക്കുക. നീ നിൻെറ പാതയിൽ രുചിയോ, അറിവോ, സ്വാത്മമോ ഇല്ലാതെ ചരിക്കണം; നീ യാതൊന്നും അല്ല എന്നു് ബോദ്ധ്യമാകത്തക്ക മാർഗ്ഗത്തിൽക്കൂടെ നീ പ്രയാണം ചെയ്യണം." ഇതു് ആത്മാവിനെ ഇല്ലായ്മയാക്കിത്തീർക്കുന്നതും ഇന്ദ്രിയങ്ങളേയും അരൂപിയേയും ശുദ്ധീകരിക്കുന്നതുമായ ശുഷ്കവും ശൂന്യവുമായ മാർഗ്ഗമാണു്. അങ്ങനെ ആ ആത്മാവു് സർവ്വവുമായ ദൈവത്തോടു് ദൈവതിരുമനസ്സിനോടുള്ള പരിപൂർണ്ണയോജിപ്പു് വഴിയായി അഗാധമായ വിധം ഐക്യപ്പെടുന്നതിനു് ഒരുങ്ങുന്നു.

### സംഭാഷണം

എൻെറ ദൈവമേ, പരിപൂർണ്ണതയാകുന്ന സമുന്നതമായ ഗിരിശൃംഗത്തിന്റെ അടിവാരത്തു് ഇതാ ഞാൻ നിൽക്കുന്നു! ഇത്ര കഠിനവും ദീർഘവുമായ ഒരു യാത്രയുടെ ക്ലേശങ്ങൾ സഹിക്കുന്നതിനു് എനിക്കു് എങ്ങനെ കഴിവുണ്ടാകും?

എൻെറ ഭീരുത്വം അകററുന്നതിനും അങ്ങയിലേക്കു് നയിക്കുന്ന ഈ ഏകമാർഗ്ഗം ഞങ്ങൾക്കു കാണിച്ചുതരുന്നതിനും, ഈ മാർഗ്ഗത്തിൽ ഞങ്ങളുടെ മുന്നോടി ആയിരിക്കുന്നതിനും വേണ്ടി അങ്ങയുടെ പ്രിയസുതൻ ഈ ലോകത്തിലേക്കു് ഇറങ്ങി വന്നു എന്നു ചിന്തിക്കേണ്ടതു് എനിക്കു് ആവശ്യമാണു്. "ആരെങ്കിലും എന്നെ അനുഗമിക്കുമെങ്കിൽ അവൻ സ്വയം പരിത്യജിച്ചു്, സ്വന്തകുരിശു് എടുത്തുകൊണ്ടു് എൻെറ പിന്നാലെ വരട്ടെ" (Mt. 16, 24) എന്നു് അവിടുന്നു് ആദ്യമായിത്തന്നെ ഞങ്ങളെ ഉൽബോധിപ്പിച്ചിട്ടുണ്ടു്. ഇതല്ലേ വാസ്തവത്തിൽ, ഇല്ലായ്മയുടെ മാർഗ്ഗം? "സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിപ്പിൻ" എന്നു് അരുളിച്ചെയ്തുകൊണ്ടു് ദൈവത്തിൻെറ മഹത്വവും പ്രതാപവും മാത്രം ഞങ്ങളുടെ അന്വേഷണവിഷയമായിരിക്കുന്ന ആ പരിപൂർണ്ണതയുടെ ഉന്നതനിലയിലേക്കു് അവിടുന്നു എന്നെ ക്ഷണിക്കുകയല്ലേ ചെയ്യുന്നതു്?

നാഥാ, അങ്ങു് എന്നെ വിശുദ്ധിയിലേക്കു് ക്ഷണിക്കുന്നുവെങ്കിൽ അവിടെ എത്തുന്നതിനു് ആവശ്യമായ പ്രസാദവരവും എനിക്കു് അങ്ങു് നൽകണമെ. മാത്രമല്ല, അങ്ങയുടെ സഹായഹസ്തം നിരന്തരമായി എന്നെ നയിക്കുകയും മാധുര്യത്തോടെ എന്നെ പ്രേരിപ്പിക്കുകയും ചെയ്യട്ടെ. അങ്ങയുടെ സഹായത്തോടുകൂടെ സകലവും, ഏററവും പ്രയാസമേറിയ കാര്യങ്ങൾ കൂടെ, ഇതാ, സുമധുരവും സുഗമവും ആയിത്തീരുന്നു.

ഓ, എന്റെ ദൈവമെ, അങ്ങു് ശക്തനാണെന്നു് എത്ര എളുപ്പത്തിൽ അങ്ങു് തെളിയിക്കുന്നു. മാനുഷികചിന്തകൾക്കു വിരുദ്ധമായി അങ്ങു തെളിയിക്കുന്നു, സകലതും സാദ്ധ്യമാണെന്നും സകലതും എളുപ്പമായിത്തീരുന്നതിനു് അങ്ങയെ ആത്മാർത്ഥമായി സ്നേഹിക്കുകയും സകലവും അങ്ങയുടെ തൃക്കരങ്ങളിൽ സമർപ്പിക്കുകയും ചെയ്താൽ മതിയെന്നും.

# ഭഗീത

## വികാരോജ്ജ്വലമായ സംഭവകഥ

(തുടർച്ച)

(Miss Jenette Isaac M. Sc.)

മുറിവുകളുടെ ആധിക്യത്താൽ അനങ്ങുവാൻകൂടി നിവൃത്തിയില്ലാതെ തൻെറ പായിൽ ഒരു മാസത്തോളം അവൾക്കു് കഴിച്ചുകൂട്ടേണ്ടിവന്നു. പാവം ഭഗീത. നിഷ്ഠൂരമായ വേദനകളിൽ അവൾക്കു് എങ്ങുനിന്നും ഒരു സഹായഹസ്തം നീട്ടപ്പെട്ടില്ല. അവളെ ആശ്വസിപ്പിക്കുവാൻ ആരും മധുരവാക്കുകൾ പൊഴിച്ചില്ല. ഏകാകിനിയായി വേദനയുടെ തീച്ചൂളയിൽ നീറുമ്പോൾ എത്രയെത്ര വിവിധ ഭാവനകളാണു് ആ കൊച്ചു ഹൃദയത്തിൽ കടന്നുകൂടുന്നതു്. ക്രൂരന്മാരായ അടിമവ്യാപാരികളുടെ പേടിപ്പിക്കുന്ന മുഖങ്ങൾ അവളെ വല്ലാതെ ഭയപ്പെടുത്തി. ചിലപ്പോൾ അവളെ സ്നേഹിച്ചിരുന്നവരുടെ ശാന്തമധുരമായ മുഖങ്ങൾ അവളുടെ പിഞ്ചിളംമനസ്സിൽ പ്രത്യക്ഷപ്പെടാറുണ്ടു്.

സാമാന്യം നല്ല കായികബലം ഉണ്ടായിരുന്നതിനാൽ ഭീകരമായ വേദനകളെ അതിജീവിക്കുവാൻ ഭഗീതയ്ക്കു സാധിച്ചു. ഒരുമാസത്തിനു

---

അങ്ങയുടെ നിയമം അനുസരിച്ചുള്ള ജീവിതം കഠിനമാണെന്നു് അങ്ങു് നടിക്കുന്നതു് മാത്രമേയുള്ളു എന്നു് പറയേണ്ടിയിരിക്കുന്നു. എനിക്കു് വാസ്തവത്തിൽ അങ്ങനെ തോന്നുന്നില്ല. അങ്ങയുടെ അടുക്കലേക്കു് നയിക്കുന്ന വഴി ഇടുങ്ങിയതാണെന്നും ഞാൻ മനസ്സിലാക്കുന്നില്ല. അതു് ഒരു ഊടുവഴിയല്ല, നേരെ മറിച്ചു് ഒരു രാജപാതയാണ്. അതിൽക്കൂടെ ധൈര്യപൂർവം നടക്കുന്നവൻ സുരക്ഷിതമായി പുരോഗമിക്കുന്നു. കാരണം, അവിടെ കാൽതെറ്റുമെന്നോ കല്ലിൽ തട്ടുമെന്നോ—അതായതു്, ദൈവത്തെ ദ്രോഹിക്കാൻ ഇടവരുമെന്നു്—ചിന്തിക്കാൻ അവകാശമില്ല. ഓ, എൻെറ സർവ്വ നന്മയുമായ ദൈവമേ, അങ്ങയെ യഥാർത്ഥത്തിൽ സ്നേഹിക്കുന്നവൻ അപകടരഹിതമായതും വിസ്താരമുള്ളതുമായ ഒരു രാജകീയ പാതയിൽക്കൂടെ പ്രയാണം ചെയ്യുന്നു. എപ്പോഴെങ്കിലും അവൻ കാൽതട്ടിയെങ്കിൽ, അവനെ താങ്ങുന്നതിനു് അങ്ങു് ഒരുങ്ങിനിൽക്കുന്നു. മാത്രമല്ല, അവൻെറ ഹൃദയം അങ്ങയോടുള്ള സ്നേഹത്താൽ മാത്രം പ്രേരിതമാണെങ്കിൽ, ലൌകികസ്നേഹത്തിനു് അവിടെ യാതൊരുസ്ഥാനവും ഇല്ലെങ്കിൽ, ഒരു വീഴ്ചയല്ല പല വീഴ്ചകൾ പോലും ഉണ്ടായാലും അവനു് ഒരു നാശവും സംഭവിക്കാൻ പോകുന്നുമില്ല. കാരണം, അവൻ ശാലീനതയുടെ താഴ്‌വരയിൽക്കൂടെയാണു് യാത്ര ചെയ്യുന്നതു്. തൻമൂലം, പുണ്യപൂർണ്ണതയുടെ മാർഗ്ഗത്തിൽ ചരിക്കുന്നതിനു് അവനു് എന്താണു ഭയപ്പെടാനുള്ളതു് എന്നു് എനിക്കു മനസ്സിലാകുന്നില്ല. അങ്ങിൽ ഞങ്ങളുടെ ദൃഷ്ടി ഞങ്ങൾ പതിക്കുകയാണെങ്കിൽ, ഞങ്ങൾതന്നെ അങ്ങയെ ഉപേക്ഷിക്കാത്തിടത്തോളം കാലം നീതിസൂര്യനായ അങ്ങു് സ്വയം മറച്ചുകൊണ്ടു് അന്ധകാരത്തിലും, നശിച്ചുപോകാനുള്ള അപകടത്തിലും ഞങ്ങൾ നടക്കുന്നതിനു് അനുവദിക്കുമെന്നു് ഭയപ്പെടാൻ കാരണമില്ല.

നമ്മെ, ഏതുനിമിഷവും വിഴുങ്ങുന്നതിനു് കാത്തിരിക്കുന്ന സിംഹങ്ങളുടെ— അതായതു് ലോകം, ബഹുമാനം സന്തോഷം സംതൃപ്തി എന്നിങ്ങനെ വിളിക്കുന്ന കാര്യങ്ങളുടെ—ഇടയിൽ ജീവിക്കുന്നതിനു് നാം ഭയപ്പെടുന്നില്ല. എന്നാൽ പുണ്യസമ്പാദനത്തിൻെറ കാര്യം വരുമ്പോൾ പിശാചിനു് ഒരു ചിലന്തിവല മതി നമ്മെ ഭയപ്പെടുത്താൻ. ഈ യാഥാർത്ഥ്യം എന്നെ എത്രമാത്രം സന്തപ്തചിത്തനാക്കുന്നു! എത്ര കണ്ണുനീർ ഒഴുക്കുന്നതിനു് ഞാൻ ആഗ്രഹിക്കുന്നു!

കാരുണ്യവാനും സർവ്വശക്തനുമായ നാഥാ, ഞങ്ങളുടെ കണ്ണുകൾ തുറക്കുന്നതിനു് ദയയുണ്ടാകണമെ. കഴിഞ്ഞുപോയ എൻെറ അന്ധതയിൽ വീണ്ടും നിപതിക്കുന്നതിനു് എനിക്കു് ഇടവരുത്തല്ലെ. ആമേൻ.

ശേഷം അവൾ വീണ്ടും പഴയ അടിമവേലക്കു തന്നെ നിയുക്തയായി. വീണ്ടും കർശന നിയമങ്ങൾ. നിഷ്ഠൂരശാസനകൾ. ആ കൊച്ചു നീഗ്രോ പെൺകുട്ടി വിവിധങ്ങളായ ക്രൂരയാതനകളുമായി പൊരുത്തപ്പെടേണ്ടിവന്നു. ഉണങ്ങിയ വ്രണങ്ങൾ വീണ്ടും ചാട്ടയടിയാൽ നവീകരിക്കപ്പെട്ടു. കയ്പേറിയ അനുഭവങ്ങളിൽനിന്നു വിമുക്തയാകുവാനുള്ള അവസാനത്തെ ആശയും അവസാനിച്ചു.

ഒരു ദിവസം തുക്കി പട്ടാളത്തിന്റെ ഒരു കമാണ്ടിംഗ് ഓഫീസർ കോർട്ടൂഫാനിലെ അറബിയെ സന്ദർശിച്ചു. അയാൾ ഒരു അടിമപ്പെൺകുട്ടിയെ അന്വേഷിച്ചുകൊണ്ടിരിക്കയായിരുന്നു. തന്റെ മകനോടു് ചെയ്ത വാഗ്ദാനം ഓർത്തുകൊണ്ടു് അറബി ഭഗീതയെതന്നെ പട്ടാള ഉദ്യോഗസ്ഥനു കൈമാറി. അവളുടെ ശക്തിയും കഴിവും പരിശോധിച്ചിട്ടു് ആ ഉദ്യോഗസ്ഥൻ ഭഗീതയെ തക്ക വിലകൊടുത്തു് സ്വീകരിച്ചു. ഉൽക്കണ്ഠാകുലമായ ഹൃദയത്തോടെ ആ കൊച്ചു പെൺകുട്ടി പുതിയ യജമാനനെ പിൻതുടർന്നു. പുതിയ വീട്ടിലുള്ളവർ ആരായിരിക്കും? ഒരുപക്ഷേ പഴയ യജമാനന്മാരെക്കാൾ അവർ ക്രൂരന്മാരായിരിക്കുമോ? ആ കൊച്ചുഹൃദയം വരാൻപോകുന്ന ഭയങ്കരതകൾ ഓർത്തു് വേദനിക്കുകയായിരുന്നു. വരിഞ്ഞുമുറുക്കിയ കെട്ടുകൾ അഴിച്ചു് പഴയ കാട്ടുകളിലേക്കു് ഒന്നു ഓടുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ? വനാന്തരത്തിലെ ക്രൂരമൃഗങ്ങൾ ഈ മനുഷ്യരെക്കാൾ എത്രയോ ഭേദമാണു്. അവളുടെ നാഡികൾ ശക്തിയായി അടിച്ചുകൊണ്ടിരുന്നു. വൃത്തിഹീനമായ ഇടുങ്ങിയ പാതകളിലൂടെ അവൾ വലിച്ചിഴക്കപ്പെട്ടപ്പോഴും ആ കൊച്ചു ഹൃദയം തന്റെ അമ്മയിൽനിന്നുള്ള സ്നേഹവാത്സല്യങ്ങൾക്കുവേണ്ടി തുടിച്ചുകൊണ്ടിരുന്നു.

പുതിയ വീട്ടിൽ എത്തിയപ്പോൾ ഒരു സ്വപ്നത്തിൽ നിന്നെന്നപോലെ അവൾ ചുററുമുള്ള കാഴ്ചകൾ കാണുകയായിരുന്നു. പട്ടാള ഉദ്യോഗസ്ഥൻ ഒരു വലിയ ഹാളിലേക്കു് അവളെ കൊണ്ടുപോയി. തുർക്കിരീതിയിൽ അലങ്കരിക്കപ്പെട്ട ആ ഹാളിൽ രണ്ടു സ്ത്രീകളെ ഒരു വലിയ വീശറികൊണ്ടു് ഒരു നീഗ്രോ അടിമ വീശിക്കൊണ്ടിരുന്നു. ഭഗീതയെ മുൻപോട്ടു തള്ളിനീക്കിക്കൊണ്ടു് പട്ടാള ഉദ്യോഗസ്ഥൻ പറഞ്ഞു. "ഇതാ നിങ്ങൾ ആവശ്യപ്പെട്ട നീഗ്രോ കുട്ടി." ആ സ്ത്രീകളുടെ പ്രഥമ വീക്ഷണംതന്നെ ഭഗീതയെ ഭയപ്പെടുത്തി. ആ കണ്ണുകളിൽ ക്രൂരത നിറഞ്ഞിരുന്നു. 'കൊള്ളാം, നന്നായിരിക്കുന്നു.' അവിടെ ഇരുന്നിരുന്ന സ്ത്രീകളിൽ മൂത്തവളാണു് അതു പറഞ്ഞതു്. "പക്ഷേ, തീരെ ചെറുപ്പമാണു്. കുറെയൊക്കെ പരിശീലിപ്പിക്കേണ്ടിയിരിക്കുന്നു."

"ഓ അതു സാരമില്ല. നമുക്കു് ചാട്ടയല്ലേ ഉള്ളതു്." കയ്യിലിരുന്ന ചാട്ട ഉയർത്തി വീശിക്കൊണ്ടു് മററവൾ പറഞ്ഞു. "ഇതാ നോക്കു. നീ ഒരു അടിമയാണു്. നീ നല്ലവണ്ണം ശ്രദ്ധിച്ചില്ലെങ്കിൽ ഇതിന്റെ രുചി നന്നായി അറിയും. ഓർമ്മിച്ചുകൊള്ളു." അടിമുതൽ മുടിവരെ ആ കൊച്ചു പെൺകുട്ടി ഭയന്നു വിറച്ചുപോയി. മറേറസ്ത്രീ വീണ്ടും ഗർജ്ജിച്ചു. "ഇതു കൂടാതെ ഇവിടെ നല്ല ചൂരലും പട്ടാളക്കാരും ഉണ്ടെന്നു് ഓർമ്മവേണം. വിശ്വസ്തമായി പണിയെടുക്കാഞ്ഞാൽ തുള്ളി വെള്ളംപോലും നിനക്കു കിട്ടുകയില്ല. തന്നെയല്ല, അരിഞ്ഞു മുറിച്ചു കാക്കകു കൊടുക്കുമെന്നും കരുതിക്കൊള്ളുക. ഞങ്ങളാണു് ഇവിടുത്തെ യജമാനർ. നിങ്ങൾ അടിമകൾ, വെറും മൃഗങ്ങൾ; മനസ്സിലായോ?" ഈ നിർദ്ദേശം അവസാനിച്ചതു് നീണ്ട ഒരു അട്ടഹാസത്തിലായിരുന്നു. കൊച്ചു ഭഗീത ഭയന്നു വിറച്ചുപോയി.

ഒരു മണിയുടെ ശബ്ദം കേട്ടപ്പോൾ ദീർഘകായകനായ ഒരു അടിമവന്നു് ഭഗീതയെ ഒരു ഇരുട്ടറയിലേക്കു് കൂട്ടികൊണ്ടുപോയി അവിടെ ഉണ്ടായിരുന്ന ഒരു പായിൽ അവളെ ഇരുത്തി. ഭക്ഷണത്തിനായി ഒരു കഷണം റൊട്ടികൊടുത്തുകൊണ്ടു ഇങ്ങനെ പറഞ്ഞു: "ഇന്നു നീ ഇവിടെ കിടന്നു വിശ്രമിച്ചുകൊള്ളു. നാളെമുതൽ നിന്റെ വേല തുടങ്ങണം." വാതിൽ അടച്ചുകൊണ്ടു് അയാൾ പുറത്തേക്കു പോയി.

ഉരുണ്ടുകൂടിയ അശ്രുകണങ്ങളെ നിയന്ത്രിക്കുവാൻ ഭഗീതയ്ക്കു് കഴിഞ്ഞില്ല. എങ്ങിനെ കര

(ശേഷം 28-ാം പേജിൽ)

# വിശുദ്ധൻ

* (തുടർച്ച)

( ജി. സി. ടീലാർ )

പിള്ളത്തൊട്ടിമുതൽ കുഴിമാടംവരെ വിശുദ്ധിയ്ക്കു കോട്ടം തട്ടാതെ ജീവിച്ചിരുന്ന വിശുദ്ധന്മാരുണ്ട്. വി. കൊച്ചുത്രേസ്യാ, വി. അലോഷ്യസ്, വി. ബക്ക്മാൻസ്, വി. ഡൊമിനിക്ക് സാവ്യോ തുടങ്ങിയുള്ളവർ ആ ഗണത്തിൽപ്പെട്ടുന്നു. വളരെക്കാലം അപഥസഞ്ചാരം ചെയ്തിട്ട്, പിന്നീട് മാനസാന്തരപ്പെട്ട വിശുദ്ധന്മാർ ധാരാളമാണ്. വി. അഗുസ്റ്റിൻ 30 വയസ്സുവരെ പാപങ്ങളിൽ മുഴകി ജീവിച്ചിരുന്നു. 30–ാമത്തെ വയസ്സിൽ അദ്ദേഹം ദൈവത്തിലേക്കു തിരിഞ്ഞു് ഏററം വലിയ വിശുദ്ധനായി,

വി. ആൻഡ്രൂ കൊർസീനിയുടെ ജീവിതത്തിൻെറ ആദ്യഘട്ടം ദുഷ്ടന്മാരുടെ സഹവാസത്തിലാണ് ഇഴഞ്ഞു നീങ്ങിയിരുന്നതു്. ഒട്ടവിൽ ചീത്ത കൂട്ടുകെട്ടുകളെല്ലാം ഉപേക്ഷിച്ച് അദ്ദേഹം വിശുദ്ധപദത്തിലേക്കുള്ള കോവണിപ്പടിയേൽ കാലുകുത്തി. ഒരു മെത്രാൻ സ്ഥാനിയായി ഉയരുകകൂടി ചെയ്തു. ആൻഡ്രൂവിൻെറ ജനനത്തിൽ അദ്ദേഹത്തിൻെറ അമ്മയ്ക്കു് ഒരു സ്വപ്നമുണ്ടായി എന്നു് ഐതിഹ്യമുണ്ട്. താൻ ഒരു ചെന്നായെ പ്രസവിച്ചു എന്നും, അതു ഒരു ദേവാലയത്തിലേക്ക് ഓടിക്കയറി എന്നും, അതൊരു കുഞ്ഞാടായി രൂപാന്തരപ്പെട്ടു് തൻെറ അട്ടക്കലേയ്ക്കു തിരിയെ വന്നു എന്നുമായിരുന്നു ആ അമ്മയുടെ സ്വപ്നം. വി. ആൻഡ്രൂ കൊർസീനിയുടെ ജീവചരിത്രം ആ സ്വപ്നത്തിൻെറ ഒരു സാക്ഷാല്ക്കാരമാണെന്നു തോന്നും.

കൊർട്ടോണായിലെ വി. മാർഗരററു് 9 കൊല്ലത്തോളം ഒരു പ്രഭുകുമാരൻെറ വസതിയിൽ അയാളുടെ സർവ അഭിലാഷങ്ങൾക്കും കീഴ്പ്പെട്ടു് അധമമായ ഒരു ജീവിതം നയിച്ചിരുന്നു. അവൾക്കു് ഒരു കുട്ടിയും ജനിച്ചു. വനത്തിൽ വച്ചുള്ള പ്രഭുകുമാരൻെറ മരണം അവളുടെ ജീവിതത്തെ തിരിച്ചുവിട്ടു ഒരു പുതിയ മാർഗ്ഗത്തിലേക്കു്. ശേഷിച്ച ജീവിതം സാധുക്കളെയും രോഗികളെയും പരിചരിച്ചുകൊണ്ടു് അവൾ നയിക്കുകയും ഒരു വലിയ വിശുദ്ധയായിത്തീരുകയും ചെയ്തു.

വേറൊരാൾ, വി. കമില്ലോസ് 16–ാം നൂററാണ്ടിൻെറ അന്ത്യഘട്ടത്തിൽ ജീവിച്ചിരുന്നു ഒരു പട്ടുവികൃതിയായിരുന്നു ബാല്യത്തിലും യൗവനത്തിലും. 19–ാമത്തെവയസ്സിൽപിതാവുമൊന്നിച്ചു തുക്കികളോടു യുദ്ധത്തിനുപോയി. അലസതയും ചൂതുകളിയിലുള്ള ഭ്രമവുംമൂലം പട്ടാളത്തിൽനിന്നും പിരിച്ചുവിട്ടു. കൈവശം ഒററ കാശുപോലുമില്ലാതെ കുറേനാൾ കമില്ലോസ് അലഞ്ഞുതിരിയുകയുണ്ടായി. ഒരു കപ്പൂച്ചിൻ സന്യാസിയുമായുള്ള സംസർഗ്ഗം അദ്ദേഹത്തിൻെറ ബോധം തെളിച്ചു. അദ്ദേഹം ഒരു ഫ്രാൻസിസ്കൻ സന്യാസിയായി. രോഗശുശ്രൂഷയ്ക്കായി പ്രത്യേകം ഒരു സന്യാസസഭ അദ്ദേഹം സ്ഥാപിക്കുകയും ചെയ്തു.

മരണശേഷം ഇടത്തരക്കാരുടെ ജീവചരിത്രം ചികഞ്ഞെടുത്തു പുറത്തുകൊണ്ടുവരാൻ വളരെ ബുധിമുട്ടുണ്ട്. അതിനു പണച്ചെലവും ധാരാളമുണ്ട്. വിശുദ്ധൻ വല്ല ഗ്രന്ഥവും ചമച്ചിട്ടുണ്ടെങ്കിൽ അതാണ് ആദ്യമായി പരിശോധനയ്ക്കു വിധേയമാകുന്നതു്. അതിൽ വിശ്വാസത്തിനോ സന്മാർഗ്ഗത്തിനോ എതിരായി വല്ല വാചകവും കണ്ടുപോയി എങ്കിൽ നടപടികളെല്ലാം അതോടെ സ്തംഭിച്ചുപോകും. ഗ്രന്ഥങ്ങളിൽ കളങ്കമില്ലെന്നു കണ്ടാൽ സാക്ഷികളിലേക്കാണ് സഭ തിരിയുന്നതു്. ദൈവദാസൻ അസാധാരണമായ വിധത്തിൽ പരിപാവനമായ ജീവിതം നയിച്ചിരുന്നു എന്നതിനു സാക്ഷികളിൽനിന്നുള്ള തെളി

---

* കാർമ്മലിൻെറ 1960 ഒക്ടോബർ ലക്കം 127–ാം പേജിൽനിന്നു്

വാണ് ആവശ്യം. കുമ്പസാരക്കാരൻ വൈദികനൊഴിച്ച് മററു ബന്ധപ്പെട്ടവരെയെല്ലാം സാക്ഷിപ്പട്ടികയിൽ വരും. ഓരോരുത്തരുടെയും മൊഴി രേഖപ്പെടുത്തുവാൻതന്നെ വളരെക്കാലം പിടിക്കുന്നതാണ്. മരണത്തിനുശേഷം നൂറോ ഇരുനൂറോ കൊല്ലങ്ങൾ കഴിഞ്ഞിട്ടാണ് ദൈവദാസൻെറ നാമകരണത്തിനുള്ള നടപടികൾ ആരംഭിക്കുന്നതെങ്കിൽ, ദൃക്സാക്ഷികളെ വിസ്തരിക്കുവാൻ കഴിയുന്നതല്ലല്ലോ. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻെറ കാര്യത്തിൽ സംഭവിച്ചിരിക്കുന്നതു് ഇതാണ്. പ്രിയോരച്ചൻ 1871 ജനുവരി 8-ാംതിയതി മരണമടഞ്ഞു. 1961 ജനുവരി 8-ാം തിയതി 90 കൊല്ലമാകും അദ്ദേഹം മരിച്ചിട്ട്. ഇന്ന് 100 വയസ്സ് പ്രായമുള്ളവക്കേ അദ്ദേഹത്തെപ്പററി വല്ല സ്മരണയും ഉണ്ടാകാൻ വഴിയുള്ളു. അദ്ദേഹത്തിൻെറ നാമകരണച്ചടങ്ങുകൾ പുരോഗമിക്കുന്നതു് പഴയ രേഖകളിൽക്കൂടെയും ഗ്രന്ഥങ്ങളിൽക്കൂടെയുമാണ്.

ഗ്രന്ഥങ്ങളും രേഖകളും സാക്ഷികളും അനുകൂലമായിക്കഴിഞ്ഞാൽ പിന്നെ അൽഭുതങ്ങളെപ്പററിയുള്ള പരിശോധനയായി. അൽഭുതങ്ങളെ മൂന്നു ഗണമായി തിരിച്ചിരിക്കുന്നു. നൊവേനകഴിച്ചും മററും ചില സുഖക്കേടുകൾ ഭേദപ്പെട്ടു എന്നു പറയുന്നതു് മൂന്നാംതരത്തിലേ പെടൂ. കാഴ്ച, കേൾവി, സംസാരം ഇവ പെട്ടെന്നു ലഭിക്കുക, ക്യാൻസർരോഗം, ഒടിവു്, പഴുപ്പ് മുതലായവ ഒരു നിമിഷംകൊണ്ടു ഭേദമാകുക, ഇങ്ങനെയുള്ളതെല്ലാം രണ്ടാംതരത്തിൽ പെടും. മരിച്ചവരുടെ ഉയിർപ്പ്, കടുത്ത പാപികളുടെ മാനസാന്തരം തുടങ്ങിയവ ഒന്നാംതരത്തിൽ വരുന്നു.

രോഗശമനമാണെങ്കിൽ അംഗീകാരമുള്ള ഒരു ഡോക്ടറുടെ സർട്ടിഫിക്കററ് രോഗശമനത്തിനു മുമ്പും അതു കഴിഞ്ഞും സമ്പാദിച്ചിരിക്കണം. രോഗത്തെ സംബന്ധിച്ചും അതിൻെറ ശമനത്തെസംബന്ധിച്ചും ഉള്ള വസ്തുതകളും തെളിവുകളും നൽകുവാൻ അധികാരമുള്ള ആൾ ഒരു ഡോക്ടർ തന്നെയാണ്. പക്ഷേ, കേരളത്തിൽ സാധാരണഗതിയിൽ യാതൊരു ഡോക്ടരും ഒരു രോഗം അസാദ്ധ്യമാണെന്നു പറഞ്ഞു് സർട്ടിഫിക്കററു നൽകുകയില്ല. രോഗം അൽഭുതകരമായി ശമിച്ചു കഴിഞ്ഞാൽ ആ വസ്തുത സമ്മതിച്ചു പറയാൻ സന്നദ്ധതയുള്ള ഡോക്ടർമാരും ചുരുക്കം. അൽഫോൻസാമ്മയുടെ മാദ്ധ്യസ്ഥംമൂലം അനേകം രോഗശമനങ്ങൾ നടക്കുന്നുണ്ട്. ചിലതെല്ലാം രണ്ടാംക്ലാസിൽ പെടുന്നു. എന്നാൽ യാതൊരു രോഗിക്കും ഒരു ഡോക്ടരുടെ സർട്ടിഫിക്കററു ഹാജരാക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നു തോന്നുന്നില്ല. അൽഭുതങ്ങൾ കണ്ടിട്ടുള്ള നാട്ടുകാൎക്ക അൽഫോൻസാമ്മയിൽ വലിയ വിശ്വാസമാണ്. പക്ഷേ അൽഭുതങ്ങളൊന്നും സ്വന്തം കണ്ണുകൾകൊണ്ടു കണ്ടിട്ടില്ലാത്ത ജഡ്ജിമാരെയാണ് തെളിവുകൾ ഹാജരാക്കി ബോദ്ധ്യപ്പെടുത്തേണ്ടതു്. അതെത്രമാത്രം സഫലമാകുമെന്നു കണ്ടറിയണം.

നാമകരണത്തിനുള്ള ആദ്യത്തെ പടി ദൈവദാസനെ ഭാഗ്യവാൻ അല്ലെങ്കിൽ വാഴ്ത്തപ്പെട്ടവൻ എന്നു പ്രഖ്യാപിക്കയാണ്. അതിനും വേണംതെളിയിക്കപ്പെട്ട രണ്ടു അൽഭുതങ്ങളെങ്കിലും. ഒരു വാഴ്ത്തപ്പെട്ടവനെ വണങ്ങുവാൻ അദ്ദേഹത്തിൻെറ ദേശത്തുള്ളവർക്കും, ഒരു സന്യാസി എങ്കിൽ അതതു സഭക്കാക്കും അനുവാദം നൽകാറുണ്ട്.

പിന്നീട്ട് അദ്ദേഹത്തിൻെറപേരിൽ രണ്ടത്ഭുതങ്ങൾ കൂടിയെങ്കിലും നടന്നെങ്കിലേ വിശുദ്ധൻ എന്ന പ്രഖ്യാപനം ചെയ്യപ്പെടുകയുള്ളൂ. വിശുദ്ധപദപ്രഖ്യാപനത്തോടുകൂടി സാർവ്വത്രിക സഭയിൽ അദ്ദേഹത്തിൻെറ തിരുനാൾ കൊണ്ടാടുവാനും പള്ളികളും അൾത്താരകളും അദ്ദേഹത്തിനു പ്രതിഷ്ഠിക്കുവാനും, അദ്ദേഹത്തിൻെറ രൂപങ്ങളും പടങ്ങളും പ്രചരിപ്പിക്കുവാനും അനുവദിക്കപ്പെടുന്നു.

വാഴ്ത്തപ്പെട്ടവൻ എന്നു വിളിച്ചുകഴിഞ്ഞാൽ വിശുദ്ധപദപ്രഖ്യാപനത്തിന് അധികദൂരം സഞ്ചരിക്കേണ്ടതില്ല. രണ്ടോ, അഞ്ചോ, പത്തോ കൊല്ലം കൂടിയപക്ഷം നീണ്ടുപോയേക്കാം. പക്ഷേ, ചിലപ്പോൾ വാഴ്ത്തപ്പെട്ടവൻ എന്ന പദവിയിൽത്തന്നെ എന്നും അങ്ങു കഴിഞ്ഞുകൂടികളയാമെന്നു വരുന്നവരുമുണ്ട്. ''ഓ ഈശോയെ എൻെറ സ്നേഹമേ'' എന്നു കുരിശുരൂപത്തെനോക്കി ഉച്ചരിച്ചുകൊണ്ടു ഭാഗ്യപ്പെട്ട അക്കാഞ്ചലാ ഗിർലാനി 1494 ജനുവരി 25-ാം

# തിരുമുഖത്തിൻെറ മറവിൽ

(ഫാ. ഫിലിപ്പ്, ഒ. സി. ഡി.)

"ഈ ചെറിയ മണൽത്തരിക്കുവേണ്ടി പ്രാർത്ഥിക്കുക. ഈ മണൽത്തരി എപ്പോഴും അതിന്റെ സ്ഥാനത്തു സ്ഥിതിചെയ്യട്ടെ—അതായതു് എല്ലാവരുടെയും കാൽക്കീഴിൽ. യാതൊരുത്തരും അതെപ്പററി ചിന്തിക്കാതിരിക്കട്ടെ. അതിൻെറ ആസ്തിത്വംതന്നെ അജ്ഞാതമായിരിക്കട്ടേ... മററുള്ളവർ അതിനെ എളിമപ്പെടുത്തണമെന്നല്ല ഈ മണൽത്തരി ആഗ്രഹിക്കുന്നതു്. ഏതാദൃശ പ്രവൃത്തി അതിനെ മററുള്ളവരുടെ പരിഗണനയ്ക്കു് പാത്രമാക്കുന്നതുകൊണ്ടു്, അതുതന്നെ ആ മണൽത്തരിക്കൊരു മാഹാത്മ്യമായിരിക്കും. ഒരു സംഗതി മാത്രമെ ഈ എളിയ മണൽത്തരി അഭിലഷിക്കുന്നുള്ളു: വിസ്മരിക്കപ്പെടുന്നതിനും ഇല്ലായ്മയായി ഗണിക്കപ്പെടുന്നതിനും. എന്നാൽ ഈശോ അതിനെ ദർശിക്കണമെന്നു് അതു് ആഗ്രഹിക്കുന്നുണ്ടു്. അതിൻെറ അടുക്കൽ എത്താൻമാത്രം താഴവാൻ സൃഷ്ടികളുടെ ദൃഷ്ടിക്കു് സാദ്ധ്യമല്ല. എന്നാൽ രക്തപങ്കിലമായ ഈശോയുടെതിരുമുഖമെങ്കിലും അതിന്റെ നേരെ തിരിയാൻ ഇടയാകട്ടെ."

---

തിയതി മരണം പ്രാപിച്ചു. ഇന്നും അവൾ വാഴ്ത്തപ്പെട്ടവൾ മാത്രമാണു്. മറെറാരു അക്കാഞ്ചലയും 1449 ജനുവരി 25–ാംതിയതി ചരമം പ്രാപിച്ചിട്ടുണ്ടു്. അവളും ഇപ്പോഴും "ഭാഗ്യപ്പെട്ടവൾ" തന്നെ. യക്കോബീൻ എന്നൊരാൾ 15–ാം നൂററാണ്ടിൽ ജീവിച്ചിരുന്നു. ഒരു കമ്മെലീത്താ സന്യാസി. 1508 മാർച്ചു് 3–ാംതിയതി തൻെറ 80-ാമത്തെ ജന്മദിനത്തിൽ അദ്ദേഹം മരിച്ചു. 16-ാം ഗ്രീഗോറിയോസ് പാപ്പാ അദ്ദേഹത്തെ വാഴ്ത്തപ്പെട്ടവൻ എന്നു നാമകരണം ചെയ്തു. അതിൽപ്പിന്നെ ആ പദത്തിൽനിന്നും അദ്ദേഹം നീങ്ങിയിട്ടില്ല. 16–ാം ഗ്രീഗോറിയോസ് തന്നെ വാഴ്ത്തപ്പെട്ടവൻ എന്നു വിളിച്ചതാണു് റൊമയോസിനെ. അദ്ദേഹവും ഇന്നും അവിടെത്തന്നെ നിൽക്കുന്നു. ക്ലമെൻറു് മേരി ഹോഫ് ബൗവ്വർ, ബാപ്ററിസ്റ്റ്, അലെക്സീസ് ഫാൽക്കൊനിയേരി മുതലായ അനേകംപേർ ഈ ഗണത്തിൽ പെടുന്നുണ്ടു്.

ഒരാളുടെ മരണം കഴിഞ്ഞു് 50 കൊല്ലത്തിനുശേഷമേ നാമകരണത്തിനുള്ള നടപടികൾ ആരംഭിക്കാവൂ എന്നാണു് സഭയുടെ പാരമ്പര്യം. എന്നാൽ ചിലരുടെ കാര്യത്തിൽ അതിനു് ഒഴിവു നൽകുന്നുണ്ടു്. മദർ കബ്രീനി (Mother Cabrini) യാണു് ആദ്യത്തെ അമേരിക്കൻ വിശുദ്ധ. മരണത്തിനുശേഷം 24-ാംകൊല്ലത്തിൽ അതായതു് 1946-ൽ അവൾ വിശുദ്ധയായി പ്രഖ്യാപനം ചെയ്യപ്പെട്ടു. മരണം കഴിഞ്ഞു് 28-ാമത്തെ കൊല്ലത്തിലാണു് കൊച്ചുത്രേസ്യായെ വിശുദ്ധ എന്നു വിളിച്ചതു്. അതു് 1925-ലായിരുന്നു.

പഴയ കാലങ്ങളിൽ ജനങ്ങളുടെ സ്വരം തന്നെയായിരുന്നു ചിലരെ വിശുദ്ധപദത്തിലേയ്ക്കു് ഉയർത്തിയിരുന്നതു്. പ. മറിയം, ശ്ലീഹാന്മാർ, ആദ്യത്തെ വേദസാക്ഷികൾ എന്നിങ്ങനെയുള്ളവർ ഈ ഗണത്തിൽ വരുന്നു. പിന്നീടു് രൂപതാധികാരികളുടെ പ്രഖ്യാപനമായിരുന്നു വിശുദ്ധപദപ്രാപ്തിക്കു് ആധാരം. അതിലും കുഴപ്പമുണ്ടെന്നു കണ്ടപ്പോഴാണു് മാർപ്പാപ്പാതന്നെ നാമകരണം നടത്തണമെന്നുള്ള നിയമമുണ്ടായതു്. 993-ൽ 15-ാം ജോൺ പാപ്പായാണു് ആദ്യത്തെ നാമകരണം നടത്തിയതെന്നു കാണുന്നു. ഓസ്ബർഗ്ഗിലെ ഉൾറിക്കു് എന്ന മെത്രാനായിരുന്നു അത്തരത്തിലുള്ള ആദ്യത്തെ വിശുദ്ധൻ. എന്നാലും മെത്രാന്മാർ ഇടയ്ക്കിടയ്ക്കു് സ്വന്തം രൂപതകളിൽ വിശുദ്ധന്മാരെ വർദ്ധിപ്പിച്ചിരുന്നു, ഒടുവിൽ 8-ാം ഊർബൻപാപ്പാ 1634-ൽ എല്ലാ മെത്രാന്മാർക്കും ഒരു നിരോധനാജ്ഞ നൽകി. അതിൽപ്പിന്നെ നാമകരണം മാർപ്പാപ്പായുടെ അധികാരത്തിനുമാത്രം വിധേയമായിത്തീർന്നു. അതോടുകൂടി അതിനു പ്രൗഢിയും ഗൌരവവുംഉണ്ടായി.

1890-ൽ വി. കൊച്ചുത്രേസ്യാ ആഗ്നസ്സമ്മയ്ക്ക് എഴുതിയ ഒരു കുറിപ്പാണ് മേല്പദ്ധരിച്ചിരിക്കുന്നതു്. അവൾ 1888-ൽ കർമ്മലമഠത്തിൽ പ്രവേശിച്ചപ്പോൾ ഉണ്ണിയീശോയുടെ ത്രേസ്യാ എന്ന പേരു സ്വീകരിച്ചു. അവൾക്കു് ഏററവും ആനന്ദസംദായകമായ ഒരു പേരായിരുന്നു അതു്. കുഞ്ഞീശോയെപ്പോലെ കുഞ്ഞായി ജീവിക്കുക എന്നതായിരുന്നു അവളുടെ ആദർശം.

എന്നാൽ സഭാപ്രവേശനത്തിനുശേഷം മദർ ആഗ്നസ്സ് ഈശോയുടെ തിരുമുഖത്തിൽ ഒളിഞ്ഞുകിടക്കുന്ന സൂക്ഷ്മരഹസ്യങ്ങളെ അവൾക്കു് കാണിച്ചുകൊടുത്തു. അക്കാലത്തു ഫ്രാൻസിലെ കർമ്മല മഠങ്ങളിൽ തിരുമുഖഭക്തിക്കു് വളരെ പ്രചാരമുണ്ടായിരുന്നു. 1845-ൽ ടൂർസിലെ കർമ്മലമഠത്തിൽ വസിച്ചിരുന്ന സെൻറു് പീയേർ എന്ന കന്യാസ്ത്രീക്കു് തിരുമുഖത്തെ സംബന്ധിച്ച ചില വെളിപാടുകൾ ലഭിക്കുകയുണ്ടായി. തൻെറ പീഡാനുഭവവേളയിൽ തിരുമുഖത്തെ വേദനപ്പെടുത്തുകയും വിരൂപമാക്കുകയും ചെയ്ത അവിശ്വാസത്തിൻേറയും ദൈവദൂഷണത്തിൻേറയും പാപങ്ങൾക്കു പരിഹാരം ചെയ്തു തന്നെ ആശ്വസിപ്പിക്കാൻ നന്മനസ്സുള്ള പുതിയ വേറൊനിക്കാമാരെ തനിക്കു് ആവശ്യമുണ്ടെന്നു് ദിവ്യനാഥൻ ആ സഹോദരിയെ അറിയിച്ചു.

ലിസ്യൂമഠത്തിൻെറ സ്ഥാപകയായ ജനവീവു് അമ്മ തിരുമുഖഭക്തിയെ ആദരപൂർവ്വം സ്വീകരിക്കുകയും തൻെറ മക്കളെ പരിശീലിപ്പിക്കുകയും ചെയ്തു. മദർ ജനവീവിൻെറ പ്രിയപ്പെട്ട ഒരു ശിഷ്യയായിരുന്നു ആഗ്നസ്സമ്മ. അങ്ങനെ കൊച്ചുത്രേസ്യായെ തിരുമുഖത്തിൻെറ ദിവ്യരഹസ്യങ്ങൾ പഠിപ്പിക്കുന്നതിനു് അവളുടെ കൊച്ചമ്മയ്ക്കു് സാധിച്ചു. തിരുമുഖത്തോടുള്ള ഭക്തി വിശുദ്ധയുടെ ജീവിതത്തെ പാടെ രൂപാന്തരപ്പെടുത്താൻ പര്യാപ്തമായ ഒരു ശക്തിയായിത്തീരുകയും ചെയ്തു.

1889-ജാനുവരി 10-ാംതീയതി സഭാവസ്ത്രം സ്വീകരിച്ചപ്പോൾ തൻെറ പേരിനോടു് "തിരുമുഖത്തിൻെറ" എന്നു ചേർക്കുന്നതിനു അവൾചെയ്ത അഭ്യർത്ഥന സ്വീകരിക്കപ്പെട്ടു. അന്നു മുതൽ അവൾ ഉണ്ണിയീശോയുടേയും തിരുമുഖത്തിൻേറയും കൊച്ചുത്രേസ്യായായിത്തീർന്നു. ഇതു് അവളുടെ ജീവിതവീക്ഷണത്തിൽത്തന്നെ തിരുമുഖഭക്തി വരുത്തിയ രൂപാന്തരത്തിൻെറ ബാഹ്യപ്രകടനം മാത്രമായിരുന്നു. കൊച്ചുത്രേസ്യായുടെ വാക്കിൽത്തന്നെ പറഞ്ഞാൽ തിരുമുഖം അവളുടെ ജീവിതത്തെ മുഴുവൻ പ്രകാശമാനമാക്കിത്തീർത്ത ഒരു സൂര്യനായിരുന്നു.

ഈ പുതിയ ആശയം പുണ്യവതിയുടെ ജീവിതസരണിയിൽ പ്രവേശിച്ചതു 1888 ജൂൺ മാസത്തിലായിരുന്നെന്നു തോന്നുന്നു. മഠത്തിൽ ചേർന്ന ഉടനെ അവൾ തൻെറ ആത്മാവിൻെറ നിയന്ത്രണം ഫാദർ പീഷോൺ എന്ന ഈശോസഭാ വൈദികനെ ഏല്പിച്ചു എന്നാൽ ഉടൻ തന്നെ അദ്ദേഹം കാനഡായിലേക്കു് സ്ഥലംമാറിപ്പോയി. അതെസംബന്ധിച്ചു സ്വയംകൃതചരിത്രത്തിൽ വിശുദ്ധ ഇങ്ങനെ എഴുതുന്നു:

"അദ്ദേഹത്തിൽനിന്നു പിരിയുന്നതിലുള്ള വേദന അനുഭവിക്കുവാൻ വേണ്ടിയായിരുന്നെന്നു തോന്നുന്നു അദ്ദേഹത്തോടു ഞാൻ പരിചയപ്പെട്ടതു്. ഞാൻ അദ്ദേഹത്തിനു് കൊല്ലത്തിൽ 12 പ്രാവശ്യം എഴുതിയിരുന്നു; എന്നാൽ എനിക്കു ഒരു മറുപടിമാത്രമാണു കിട്ടിയതു്. തൻമൂലം ആത്മനിയന്താക്കളുടെ നിയന്താവിനെത്തന്നെ ഞാൻ ശരണം ഗമിച്ചതിൽ തെല്ലും വിസ്മയമില്ലല്ലോ.

വിവേകമതികളിൽനിന്നും വിജ്ഞരിൽനിന്നും മറച്ചുവയ്ക്കുന്നതും ശിശുക്കൾക്കു വെളിപ്പെടുത്തുന്നതുമായ ആ ശാസ്ത്രം അവിടുന്നെന്നെ പഠിപ്പിച്ചു. കർമ്മലഗിരിയിൽ പറിച്ചു നട്ടിരിക്കുന്ന ഈ ചെറുപുഷ്പം കുരിശിൻെറ തണലിൽ വളർന്നു പുഷ്ടിക്കേണ്ടിയിരിക്കുന്നു. ഈശോയുടെ കണ്ണുനീരും ചോരയുമാണു്. അതിനെ നനയ്ക്കുന്ന മഞ്ഞുതുള്ളികൾ; സന്താപനിമഗ്നവും ആരാധനീയവുമായ അവിടത്തെ തിരുമുഖമാണു് അതിനു പ്രകാശം നൽകുന്ന സൂര്യൻ. അതുവരെ ഈശോയുടെ തിരുമുഖത്തിൽ നിഗൂഢമായി സ്ഥിതിചെയ്തിരുന്ന നിധികളുടെ അഗാധത എനിക്കറിവില്ലായിരുന്നു. എൻെറ പ്രിയപ്പെട്ട അമ്മേ, അമ്മവഴിയാണു് അതു ഞാൻ ഗ്രഹിച്ചതു്...... അജ്ഞാതനായിരിക്കുവാനും ശൂന്യമായി പരിഗണിക്കപ്പെടുവാനും ആഗ്രഹിക്കുന്നതാണു യഥാർത്ഥ

വിജ്ഞാനമെന്നും തന്നെത്തന്നെ നിന്ദിക്കുന്നതിലാണ് ഒരുവന്റെ ആനന്ദം സ്ഥിതിചെയ്യുന്നതെന്നും ഈ ലോകത്തിൽ രാജ്യമൊന്നുമില്ലാത്ത ദിവ്യഗുരു എനിക്കു കാണിച്ചുതന്നു. ലോകത്തിൽ ഒരു മനുഷ്യനും തിരിച്ചറിയാൻ പാടില്ലാത്ത വിധം വിരൂപമായിത്തീർന്ന ഈശോയുടെ മുഖം പോലെ എൻെറ മുഖവും ശരിയായി ആച്ഛാദനം ചെയ്യാൻ സാധിച്ചിരുന്നെങ്കിലെന്നു ഞാൻ ആഗ്രഹിച്ചു. സഹിക്കുവാനും മററുള്ളവരാൽ വിസ്മരിക്കപ്പെടുവാനും ഞാൻ ദാഹിക്കുകയായിരുന്നു.''

എന്നാൽ മഠത്തിൽ പ്രവേശിക്കുന്നതിനു മുമ്പുതന്നെ ഈ ആശയത്തിൻേറയും തദനുസരണമായ ജീവിതചര്യയുടേയും പാന്ഥാവിലേക്ക് അവൾ ഒരുക്കപ്പെട്ടിരുന്നു എന്നതു് വാസ്തവമാണ്. കേവലം അഞ്ചുവവസ്സ് പ്രായമുള്ളപ്പോഴാണ് പീഡാനുഭവത്തെ സംബന്ധിച്ച ഒരു പ്രസംഗം അവൾ ശ്രവിച്ചതു്. അവൾക്ക് ആദ്യമായി ഗ്രഹിക്കാൻ സാധിച്ച പ്രസംഗം അതായിരുന്നെന്നും അതു് അവളെ ഗാഢമായി സ്പർശിച്ചെന്നും സ്വയംകൃതചരിത്രത്തിൽ അവൾ പ്രസ്താവിക്കുന്നുണ്ട്,

പ്രേഷിതജീവിതത്തെ സംബന്ധിച്ച ചെറുപ്രായത്തിൽത്തന്നെ വിശുദ്ധയ്ക്കു് ലഭിച്ച ദൈവികനിവേശത്തെപ്പററിയുള്ള അവളുടെ വാക്കുകളും ഏററവും ശ്രദ്ധേയമാണ്. സ്വയംകൃതചരിത്രത്തിൽ അവൾ ഇങ്ങനെ പറയുന്നു:

''ഒരു ഞായറാഴ്ച ക്രൂശിതനായ ഈശോയുടെ ഒരു ചിത്രം നോക്കിനിൽക്കുമ്പോൾ അവിടത്തെ ഒരു കരത്തിൽനിന്നു വീണിരുന്ന രക്തം കണ്ടു ഞാൻ ഞെട്ടിപ്പോയി. ആരും ആ രക്തം സ്വീകരിക്കാനില്ലാതെ അതു് അലക്ഷ്യമായി താഴെ വീഴുവാനിടയായതു് എനിക്കു വലിയ മനസ്താപത്തിനു് കാരണമായി. തിരുക്കുരിശിൻെറ ചുവട്ടിൽ ആത്മനാ നിലയുറപ്പിച്ചുകൊണ്ടു് അതിൽ നിന്നൊഴുകിയ ആ ദിവ്യമായ മഞ്ഞുതുള്ളികൾ സംഭരിച്ചു ആത്മാക്കളുടെമേൽ അവ തളിക്കണമെന്നു ഞാൻ നിശ്ചയിച്ചു. ''എനിക്കു ദാഹിക്കുന്നു'' എന്ന കുരിശിൽനിന്നുള്ള ഈശോയുടെ വിലാപം എൻെറ ചെവികളിൽ മുഴങ്ങിക്കൊണ്ടിരുന്നു. ആ വാക്കുകൾ എത്രയും സജീവമായ ഒരു ദാഹം എന്നിൽ ഉജ്ജ്വലിപ്പിച്ചു.''

ഇങ്ങനെ ദിവ്യനാഥൻെറ പീഡാനുഭവത്തിലും തിരുരക്തപ്രവാഹത്തിലും ആമഗ്നയായി വളർന്നുവന്ന പെൺകുട്ടി തിരുമുഖത്തിൻെറ രഹസ്യങ്ങൾ ഗ്രഹിക്കുന്നതിനു പ്രാപ്തയായിത്തീർന്നതിനെപ്പററി നാം തെല്ലും വിസ്മയിക്കേണ്ടതില്ല. അവളുടെ ആദ്ധ്യാത്മികജീവിതത്തിൻെറ കാതൽതന്നെ തിരുമുഖഭക്തിയായിരുന്നു എന്നു പറയാം. അന്ത്യകാലത്തിൽ. കഴിഞ്ഞുപോയ ജീവിതഘട്ടത്തിലേക്കു തിരിഞ്ഞുനോക്കിക്കൊണ്ടു് അവൾ പറയുകയാണ്:

''തന്നിൽ യാതൊരു സൗന്ദര്യമോ ആകർഷകത്വമോ ഇല്ല; തൻെറ ദൃഷ്ടി മറയ്ക്കപ്പെട്ടതും നിന്ദിക്കപ്പെട്ടതും ആയിരുന്നു എന്നു് ഇസ്സയ്യാസ് ദീർഘദർശി നമ്മുടെ ദിവ്യനാഥനെപ്പററി എഴുതിയിട്ടുള്ള വാക്കുകൾ എൻെറ തിരുമുഖഭക്തിയുടെ മാത്രമല്ല, എൻെറ ആദ്ധ്യാത്മികജീവിതത്തിൻെറ മുഴുവൻ ആധാരമായിരുന്നു.

വി. കൊച്ചുത്രേസ്യായുടെ ദൃഷ്ടികൾ അവഹേളനത്തിനും അവഗണനയ്ക്കും പാത്രമായ ദിവ്യനാഥൻെറ തിരുമുഖത്തിൽ അനുസ്യൂതം പതിഞ്ഞിരുന്നു. ദിവ്യഗുരുവിൻെറ അനന്തമായ സ്നേഹവും പ്രഭാവപൂരിതമായ ദൈവീകത്വവും ആ വദനത്തിൽ അവൾ ദർശിച്ചു. തൻെറ ആത്മനാഥനെപ്പോലെ അവഗണിക്കപ്പെടുന്നതിനും നിന്ദിക്കപ്പെടുന്നതിനും അവൾ അഭിലഷിച്ചു. ഈ മാർഗ്ഗത്തിൽക്കൂടെയാണ് ഏററവും ചുരുങ്ങിയ കാലയളവിൽ പുണ്യപൂർണ്ണതയുടെ കൊടുമുടിവരെ അവൾ എത്തിച്ചേർന്നതു്.

തനിക്കു് ഇഷ്ടപ്പെട്ടവരെയും സുരക്ഷിതമായ ഈ മാർഗ്ഗത്തിൽക്കൂടെ നയിക്കുന്നതിനും കൊച്ചുത്രേസ്യാ പരിശ്രമിച്ചു. 1889 ഏപ്രിൽമാസം 11-ാം തിയതി തൻെറ പ്രിയപ്പെട്ട സെലിനു് അവൾ എഴുതി:

''അവിടത്തെ തിരുമുറിവുകളെ ദർശിക്കുക... അവിടത്തെ തിരുമുഖത്തു ദൃഷ്ടി പതിക്കുക...അവിടന്നു് നമ്മെ എത്രമാത്രം സ്നേഹിക്കുന്നെന്നു അവിടെ നീ ദർശിക്കും.''

1893, ആഗസ്റ്റ് മാസം 2-ാം തീയതി വിശുദ്ധ തന്റെ വത്സല സഹോദരിക്ക് അയച്ച ഒരു കത്തിൽ ഇങ്ങനെ പറയുകയുണ്ടായി:

"എന്റെ ഏററവും പ്രിയപ്പെട്ട സെലിൻ, നിന്റെ സ്ഥിതിയെപ്പററി സന്തോഷിക്കുക. അതു് വളരെ മനോജ്ഞമാണ്.... ഈശോ തന്റെ അതുല്യദാനങ്ങളോടുകൂടെ എല്ലാ ആത്മാക്കൾക്കും സ്വയം പ്രത്യക്ഷപ്പെട്ടുത്തുകയായിരുന്നെങ്കിൽ, യാതൊരുത്തനും തന്നെ അവഗണിക്കുകയില്ലായിരുന്നു; എന്നാൽ തന്റെ ദാനങ്ങൾക്കുവേണ്ടി നാം തന്നെ സ്നേഹിക്കണമെന്നു് അവിടുന്നു ആഗ്രഹിക്കുന്നില്ല. അവിടുന്നു തന്നെയാണു നമ്മുടെ പ്രതിസമ്മാനമായിരിക്കേണ്ടതു്. ഒളിക്കപ്പെട്ട ഒരു സാധനം കണ്ടുപിടിക്കുന്നതിനു നമ്മളും ഒളവിൽ പോകണം. അങ്ങനെ നമ്മുടെ ജീവിതം തന്നെ ഒരു രഹസ്യമായിത്തീരണം. ആച്ഛാദനം ചെയ്യപ്പെട്ട ദൃഷ്ടികളോടുകൂടിയ ഈശോയെപ്പോലെ നാം ആയിത്തീരണം. 'നിനക്കു് ഉപകാരപ്രദമായ എന്തെങ്കിലും അറിയുന്നതിനു് നീ ആഗ്രഹിക്കുന്നെങ്കിൽ അവഗണിക്കുന്നതിനും നിസ്സാരനായി ഗണിക്കപ്പെടുന്നതിനും ഇഷ്ടപ്പെടുക' എന്നു ക്രിസ്ത്വാനുകരണം പറയുന്നു....എന്റെ സെലിൻ ഈ വാക്കുകൾ നിന്റെ ആത്മാവിനു സമാധാനം നൽകട്ടെ."

സെലിൻ തന്റെ പിതാവിന്റെ രോഗത്തിൽ അദ്ദേഹത്തെ ശുശ്രൂഷിച്ചുകൊണ്ടിരുന്ന കാലത്തു് തന്റെ പ്രിയപ്പെട്ട സഹോദരിയെ ആശ്വസിപ്പിച്ചുകൊണ്ടു് വി. കൊച്ചുത്രേസ്യ ഒരു കത്തും തിരുമുഖത്തിന്റെ ഒരു പടവും അയച്ചുകൊടുത്തു. ആ കത്തിൽ അവൾ ഇങ്ങനെ എഴുതിയിരുന്നു:

"ഞാൻ നിനക്കു തിരുമുഖത്തിന്റെ ഒരു പടം അയയ്ക്കുന്നു. തിരുമുഖത്തിന്റെ മേരി (സെലിൻ മഠത്തിൽ ചേരുമ്പോൾ അവൾക്കു നൽകുന്നതിനു കൊച്ചുത്രേസ്യാ ആഗ്രഹിച്ചിരുന്ന പേരു് അവൾ ഇപ്പോൾ മുൻകൂട്ടി ഉപയോഗിക്കുകയാണു്) വേറൊരു വേറോനിക്കയായിത്തീരട്ടെ. അവളുടെ ഏകസ്നേഹമായ ഈശോയുടെ രക്തവും കണ്ണുനീരും അവൾ തുടയ്ക്കട്ടെ; അവിടുത്തേയ്ക്കുവേണ്ടി അവൾആത്മാക്കളെ രക്ഷിക്കട്ടെ; പ്രത്യേകിച്ചു് അവൾ സ്നേഹിക്കുന്ന ആത്മാക്കളെ. അവിടുത്തെ സമീപിക്കുന്നതിനുവേണ്ടി അവൾ ധൈര്യപൂർവ്വം പടയാളികളെ—ലോകത്തെ — ചെറുക്കട്ടെ."

മദർ ആഗ്നസ്സിനും വി. കൊച്ചുത്രേസ്യാ തിരുമുഖഭക്തിയെപ്പററി പലപ്പോഴും എഴുതിയിട്ടുണ്ടു്. 1894 ജാനുവരിമാസം 21-ാം തിയതി അവൾ തന്റെ കൊച്ചമ്മയ്ക്കു് തിരുനാൾ ആശംസിച്ചുകൊണ്ടു്, അവൾ തന്നെ വരച്ച ഒരു പടം സമ്മാനിച്ചു. അതിൽ പുഷ്പങ്ങൾ പിടിച്ചുകൊണ്ടുനിൽക്കുന്ന ഉണ്ണിയീശോയും, പുറകിലായി തിരുമുഖവും പീഡാനുഭവത്തിന്റെ ഉപകരണങ്ങളും ചിത്രീകരിച്ചിരുന്നു. പടത്തോടനുബന്ധിച്ചു് നൽകിയ കുറിപ്പിൽ അവൾ ഇങ്ങനെ എഴുതി:

"തനിക്കു് സന്തോഷം നൽകുന്ന പൂക്കളെ ഉണ്ണിയീശോയുടെ കുഞ്ഞിക്കൈകൾ വിട്ടുകളയുന്നില്ല....എന്നാൽ ആ പൂക്കളോടു യാതൊരു സാദൃശ്യവുമില്ലാത്ത വസ്തുക്കളും അവിടുന്നു ദൂരത്തിൽ ദർശിക്കുന്നു.—ഒരു കുരിശു്, ഒരു കുന്തം, ഒരു മുൾക്കിരീടം. എങ്കിലും ദിവ്യ ഉണ്ണി ഭയപ്പെടുന്നില്ല. താൻ തന്റെ മണവാട്ടിയെ എത്രമാത്രം സ്നേഹിക്കുന്നു എന്നു കാണിക്കുന്നതിനു വേണ്ടി അതെല്ലാം അവിടുന്നു സ്വീകരിക്കുന്നു. എന്നാൽ അതുകൊണ്ടും അവിടുന്നു തൃപ്തിപ്പെടുന്നില്ല. ഉണ്ണിയായ തന്റെ തിരുമുഖം മനോഹരമാണു്. എന്നാൽ ആ മുഖം വിരൂപമായും രക്തം പുരണ്ടതായും തന്റെ കുഞ്ഞുമുഖത്തോടു യാതൊരു സാദൃശ്യവുമില്ലാത്തതായും അവിടുന്നു കാണുന്നു. തന്റെ പ്രിയതമ തന്നെ എപ്പോഴും തിരിച്ചറിയുമെന്നും മററുള്ളവരെല്ലാം തന്നെ ഉപേക്ഷിക്കുമ്പോഴും അവൾ തന്റെ അടുത്തുണ്ടായിരിക്കുമെന്നും ഈശോയ്ക്കു നിശ്ചയമുണ്ടു്. തൻമൂലം രക്തം ഒലിക്കുന്ന ആ മുഖത്തെ നോക്കി ദിവ്യ ഉണ്ണി പുഞ്ചിരിതൂകുന്നു."

1893, ഫെബ്രുവരി മാസം 20-ാംതിയതി മദർ ആഗ്നസ്സ് പ്രയറസ്സായി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ അസുഖകരങ്ങളായ ചില സംഭവങ്ങൾ ഉണ്ടായി. അന്നു സായാഹ്നം ഇങ്ങനെ ഒരു കുറിപ്പെഴുതി കൊച്ചുത്രേസ്യാ ആഗ്നസ്സമ്മയ്ക്കു് നൽകി:

"അങ്ങയുടെ മകൾക്ക് ഇതെത്രയോ പ്രിയംകരമായ ഒരു ദിനമാണ്! ഈശോ ഈ ദിനത്തിൻെറ മേൽ വിരിച്ച തിരശ്ശീല എന്റെ ദൃഷ്ടിയിൽ ഇതിനെ കൂടുതൽ പ്രകാശമാനമാക്കുന്നു. ആ തിരശ്ശീല തിരുമുഖത്തിന്റെ ഒരു മുദ്രയാണ്.... തൻെറ ദിവ്യവദനം ഒളിക്കപ്പെട്ടതായിരുന്നല്ലോ. തിരുഭവാസ്ഥിയിലും അവിടുന്നു ഒളിവിൽ തന്നെയാണു വസിക്കുന്നത്. തൻെറ തിരുമുഖത്തിൻെറ പ്രേഷിതയായ അമ്മയുടെ ജീവിതത്തേയും അവിടന്ന് ശ്രദ്ധാത്മകമായ ഒരു തിരശ്ശീലകൊണ്ട് ആവരണം ചെയ്യുന്നെങ്കിൽ അതെപ്പററി വിസ്മരിക്കാനില്ല. ആ ദിവ്യനാഥനു മാത്രമേ ആ തിരശ്ശീലയുടെ ഉള്ളിലേക്ക് കടന്നു അവിടെ എന്തു നടക്കുന്നെന്നു ഗ്രഹിക്കാൻ സാധ്യമാകുകയുള്ളു."

അങ്ങനെ തിരുമുഖഭക്തി വി. കൊച്ചുത്രേസ്യായെ മാത്രമല്ല, വിശുദ്ധയോടു് അടുത്തു ജീവിക്കാൻ ഭാഗ്യമുണ്ടായ സകലരേയും ആദ്ധ്യാത്മികമായി ഉയർത്തുന്നതിനും വിശുദ്ധീകരിക്കുന്നതിനും കാരണമായി എന്നു നമുക്കു കാണാം. വിരൂപമാക്കപ്പെട്ടതും രക്തം ചിന്തുന്നതുമായ ആ തിരുമുഖം അവരുടെ ജീവിതത്തിനു അഗാധവും നിഗൂഢവുമായ ഒരർത്ഥം നൽകുകയുണ്ടായി.

വിശുദ്ധയുടെ ആശയം മുഴുവൻ അവൾ തന്നെ രചിച്ചു തൻെറ കിഴിലുണ്ടായിരുന്ന നവസന്യാസിനികളുടെ ഉപയോഗത്തിനു നൽകിയ പ്രാർത്ഥനയിൽ നിന്നു നമുക്ക് ഗ്രഹിക്കാം. ആ പ്രാർത്ഥന ഇതാണ്:

"അങ്ങയുടെ പീഢാനുഭവസമയത്തു് സകലരാലും വെറുക്കപ്പെട്ടുന്നതിനും ദുഃഖത്തിൻെറ മനുഷ്യനായിത്തീരുന്നതിനും തിരുമനസ്സായ എൻെറ ഈശോയെ, അങ്ങയുടെ തിരുമുഖത്തെ ഞാൻ ആരാധിക്കുന്നു. ഒരിക്കൽ അത് ദൈവത്തിൻെറ സുമധുരസൗന്ദര്യത്തിൽ പ്രകാശിക്കുകയുണ്ടായി. എന്നാൽ ഇപ്പോൾ അതു് എന്നെ പ്രതി ഒരു "കുഷ്ഠരോഗി"യുടെ മുഖമായിത്തീർന്നിരിക്കുന്നു. എങ്കിലും വിരൂപമായിത്തീർന്നിരിക്കുന്ന ആ ദിവ്യവദനത്തിൽ അങ്ങയുടെ അനന്തസ്നേഹം ഞാൻ ദർശിക്കുന്നു. അങ്ങയെ സ്നേഹിക്കുന്നതിനും മററുള്ളവരാൽ അങ്ങ് സ്നേഹിക്കപ്പെടുന്നതിനുമുള്ള അതിതീവ്രമായ ആഗ്രഹത്താൽ ഞാൻ എരിയുകയും ചെയ്യുന്നു. അങ്ങയുടെ കണ്ണുകളിൽ നിന്നു പ്രവഹിച്ച ബാഷ്പകണങ്ങളാകുന്ന മുത്തുമണികളെ ശേഖരിക്കുന്നതു് എനിക്ക് എത്രയോ ആനന്ദസംദായകമാണ്! അവയുടെ അനന്തമായ വിലകൊടുത്തു് പാപികളുടെ ആത്മാക്കളെ സമ്പാദിക്കാൻ ഞാൻ കൊതിക്കുന്നു.

ഓ, എൻെറ ഈശോ, അങ്ങയുടെ തിരുമുഖത്തിൻെറ സൗന്ദര്യം മാത്രമാണ് എന്നെ പുളകം കൊള്ളിക്കുന്നതു്. അങ്ങയുടെ ദിവ്യ ചക്ഷുസ്സുകളിൽനിന്നു വഴിഞ്ഞൊഴുകുന്ന മാധുര്യം ദർശിക്കുന്നതിനോ അങ്ങയുടെ ചുംബനത്തിൻെറ ആർദ്രത അനുഭവിക്കുന്നതിനോ, ഈ ഭൂമിയിൽ വച്ച് എനിക്കു കഴിഞ്ഞില്ലെന്നു വരാം. അതെപ്പററി എനിക്കു പരാതിയില്ല. എന്നാൽ അങ്ങയുടെ ദിവ്യസാദൃശ്യം എന്നിൽ പതിക്കണമെന്നു അങ്ങയോടു ഞാൻ അപേക്ഷിക്കുന്നു. സർവ്വോപരി എന്നെ മുഴുവനായി ദിവ്യസ്നേഹത്താൽ ദഹിപ്പിച്ച്, അതിവേഗത്തിൽ സ്വർഗ്ഗത്തിലേക്ക് ആനയിക്കണമെന്നും അവിടെ അങ്ങയുടെ മഹത്വീകരിക്കപ്പെട്ട തിരുമുഖം എനിക്ക് ദൃശ്യമാക്കിത്തരണമെന്നും ഞാൻ വിനയപൂർവം പ്രാർത്ഥിക്കുന്നു. ആമേൻ."

---

"നീ ചിരിക്കുന്ന ഓരോ മിനിട്ടിലും നിൻെറ ജീവിതത്തിന് ഒരു മണിക്കൂർ കൂടുതൽ ദൈർഘ്യം ലഭിക്കും."—ഒരു ചൈനീസ് പഴഞ്ചൊല്ല്.

"ക്രിസ്തുമതം പരീക്ഷിക്കപ്പെട്ടു; പക്ഷേ അതു് പര്യാപ്തമായിട്ടില്ല" എന്ന ആരോപണത്തിന് ചെസ്ററർട്ടൻ നൽകിയ മറുപടി "ക്രിസ്തുമതം പ്രയാസമുള്ളതായികാണപ്പെട്ടു; അതിനാൽ അതു് പരീക്ഷിക്കപ്പെട്ടിട്ടില്ല"

# ത്രിലോകങ്ങളും നമിക്കും നാമം

[Rt. Rev. Msgr. Paul Kackachery]

ഈശോ—യഥാർത്ഥ ക്രിസ്ത്യാനികളേവരും പരമാവധി ബഹുമാനിക്കയും സമാദരിക്കയും ചെയ്യുന്ന പരിപാവന നാമധേയം. "ഒരു പേരിൽ എന്താണുള്ളത്?" ഈദൃശമൊരു അവജ്ഞാഗർഭമായ പഴമൊഴി ആംഗ്ലേയഭാഷയിലുണ്ട്. അനേകമനേകം പേരുകളെക്കുറിച്ചു അതു തികച്ചും അനർത്ഥമായിരിക്കാം. എന്നാൽ ചുരുക്കം ചില നാമങ്ങൾ മാനവചരിത്രത്തിൽ ചിരപ്രതിഷ്ഠിതങ്ങളാണ്; ലോകചരിത്രത്തിൽ വിപ്ളവം സൃഷ്ടിച്ചഭാസുരങ്ങളായ നവീനാദ്ധ്യായങ്ങൾ എഴുതിച്ചേർത്തിട്ടുള്ളവയാണ്. അവയുടെയെല്ലാം തലപ്പത്ത്, മറെറാരു നാമത്തിനും എത്തിനോക്കുവാൻ വയ്യാത്ത ഉയരത്തിൽ മദ്ധ്യാഹ്ന സൂര്യൻ കണക്കെ പ്രശോഭിക്കുന്ന അനുഗൃഹീത നാമമാണ് "ഈശോ" എന്ന തിരുനാമം.

ദൈവസുതൻ മർത്ത്യസ്വഭാവം സ്വീകരിക്കയും ഭൂമിയിൽ അവതരിക്കയും ചെയ്തു. മനുഷ്യമക്കളുടെ മദ്ധ്യേ അവിടുന്നു അറിയപ്പെടുവാനുള്ള പ്രസ്തുത നാമധേയം അവിടുന്നു തന്നെ നിർദ്ദേശിച്ചതാണ്. ആ ദിവ്യനാമോച്ചാരണത്തിൽ ആകാശത്തിലും ഭൂമിയിലും പാതാളത്തിലും അധിവസിക്കുന്ന സകലരും മുഴങ്കാൽ മടക്കണം; അത്രമാത്രം സർവ്വാരാദ്ധ്യമാണതു്. സമസ്തനാവുകളും അധിനാഥനായ ഈശോമിശിഹാ, പിതാവായ ദൈവത്തിൻെറ മഹത്വത്തിൽ പങ്കാളിയാണെന്നു പ്രകീർത്തിക്കയും വേണം.

പ്രസ്തുത പരിശുദ്ധ നാമം ശ്രവിക്കുന്ന മാത്രയിൽ വാനദൂതന്മാരും, സിദ്ധന്മാരും, സ്വർഗ്ഗപ്രവേശനം പ്രതീക്ഷിച്ചു കഴിയുന്ന ധന്യാത്മാക്കളും സ്നേഹഭക്തി ബഹുമാനാദരങ്ങളാൽ വികാരതരളിതരായി ഭവിക്കുന്നു; നരകവാസികൾ ഭയചകിതരായി വിറകൊള്ളുന്നു; ലോകവാസികൾ സ്നേഹത്തിൻേറയും വിശ്വാസത്തിൻേറയും പ്രത്യാശയുടേയും ചൈതന്യപ്രകർഷത്താൽ നമോവാകം ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ അതു ലോകോദ്ധാരണാർത്ഥം മർത്ത്യനായി തിരുവവതാരം ചെയ്ത ഈശ്വരസുതൻെറ സംപൂജ്യ നാമധേയമാണ്.

ഏകനായ ദൈവത്തിനു് ഒരു പ്രത്യേക പേരിൻെറ ആവശ്യകതയില്ല. പലരിൽ നിന്നൊരുവനെ തിരിച്ചറിയുവാൻ വേണ്ടിയാണല്ലൊ ഓരോരുത്തനും ഓരോ നാമം സ്വീകരിക്കുന്നതു്. മൂശ ഒരവസരത്തിൽ ദൈവത്തോടു അവിടുത്തെ പേരെന്താണെന്നന്വേഷിച്ചു. ഇതായിരുന്നു പ്രത്യുത്തരം: "ആയിരിക്കുന്നവനത്രെ ഞാൻ." എന്നാൽ കാലത്തിൻെറ തികവിൽ ഈശ്വരതനുജൻ മനുഷ്യരിൽ ഒരുവനായി തീരുവാൻ കനിഞ്ഞരുളി; അങ്ങനെ ഒരു മാനുഷിക നാമധേയവും കയ്ക്കൊള്ളേണ്ടതായി വന്നു.

ഈശോ എന്ന തിരുനാമം കേൾക്കുമ്പോൾ തത്സമയം നമ്മുടെ ഉൾത്തടങ്ങളിൽ ഉദിച്ചുയരേണ്ട വിചാരവികാരങ്ങൾ ആരാധനാപരമായിരിക്കണം. മാംസം ധരിച്ച നിത്യവചനത്തിൻെറ ആരാധനീയമായ നാമധേയമാണല്ലോ അതു്; വ്യക്തമായ താദൃശബോധത്തോടുകൂടി വേണം പരമപരിശുദ്ധമായ ആ പേരു് എല്ലായ്പ്പോഴും ഉച്ചരിക്കുവാൻ. കേവലം കളിയായിട്ടൊ, അശ്രദ്ധയോടുകൂടിയോ, ആദരവില്ലാതെയോ ആ നാമം എടുത്തുപയോഗിക്കുന്നതു അതീവം അപലപനീയമാണെന്നു ആർക്കാണ് അറിഞ്ഞുകൂടാത്തതു്?

ക്രിസ്തുവിനെ യഥാർഹം അടുത്തറിഞ്ഞിട്ടുള്ള ആർക്കും അവിടുത്തെ തിരുനാമം നാവിൽ മധുവിനുതുല്യം മാധുര്യമൂറുന്നതായിരിക്കും. ഹൃദയംഗമമായി അവിടുത്തെ സ്നേഹിക്കുന്നവർക്കു മാത്രമേ അവിടുത്തെ ആരാധ്യമായ നാമധേയത്തെ ഉചിതമായ ഭക്തി പ്രചുരിമയോടെ ഉച്ചരിക്കുവാൻ കഴിയൂ. ദിവ്യകാരുണ്യസ്വീകരണാനന്തരം നമ്മുടേയും ഈശോയുടേയും ഹൃദയത്തുടിപ്പുകൾ സമഞ്ജസമായി സമ്മേളിച്ചുകൊണ്ടിരിക്കുന്ന, അനാദിദീർഘമാണെങ്കിലും അനവദ്യമായ വിനാഴിക

# ആന്തരികമായ മരിയഭക്തി

[ Rev. Sr. M. J. SABS ]

കേരളീയർ മരിയ ഭക്തരെന്നു് പ്രകീർത്തിതരാണു്. നമ്മുടെ മരിയഭക്തിക്കു നമ്മുടെ ക്രൈസ്തവ പാരമ്പര്യത്തോളംപഴക്കമുണ്ടെന്നു നാം അഭിമാനം കൊള്ളുന്നു. ജപമാലഭക്തി, ഉത്തരീയഭക്തി, അമലോത്ഭവഭക്തി, വ്യാകുലമാതാഭക്തി ഇങ്ങനെ പോകുന്നു നമുക്കു് അമ്മയോടുള്ള ഭക്തിപ്രകടനങ്ങൾ. അമ്മയുടെ നാമത്താൽ അറിയപ്പെടുന്ന ദേവാലയങ്ങളും സ്ഥാപനങ്ങളും സന്യാസസഭകളും ഉണ്ടു നമുക്കു്. മരിയാംബികയുടെ പാവനനാമം സ്വീകരിക്കുന്നതും നമുക്കു പ്രിയംകരമാണു്. ഇവയെല്ലാം ദൈവജനനിയുടെ നേർക്കുള്ള സ്നേഹത്തിന്റെയും ആദരവിന്റെയും ലക്ഷണങ്ങൾ തന്നെ. എന്നാൽ സ്നേഹത്താൽ മാത്രം പ്രേരിതരായി നാം സ്വമനസ്സാ ഹൃദയപൂർവകമായും പരിപൂർണ്ണമായും നമുക്കായി യാതൊന്നും മാററി വയ്ക്കാതെ ഒരടിമ എന്ന നിലയ്ക്കു്, നമ്മെത്തന്നെ മറിയത്തിനും അവൾവഴിയായി ഈശോയ്ക്കും സമർപ്പിക്കുന്നതിലാണു് മറിയത്തോടുള്ള ആന്തരികമായ ഭക്തി അടങ്ങിയിരിക്കുന്നതു്. വിശുദ്ധ ഗ്രിഞ്ഞോൺ ദി മോൺഫോർട്ടാണു് ഈ ഭക്തി പ്രത്യേകവിധം നമുക്കു കാണിച്ചു തന്നിരിക്കുന്നതു്. അദ്ദേഹം വിവരിക്കുന്ന ആന്തരികമായ ഭക്തിയാണു് ഈ ലേഖനത്തിന്റെ വിഷയം.

ദാസ്യഭാവം അഥവാ അടിമത്തം മൂന്നുതരത്തിലുണ്ടാകാമല്ലൊ. ഒന്നാമത്തേതു് പ്രകൃതിസിദ്ധമായ ദാസ്യഭാവമാകുന്നു. ഈ അർത്ഥത്തിൽ നാമെല്ലാവരും ദൈവത്തിന്റെ ദാസരാ

---

കളിൽ എത്ര മധുരവും മൃദുലവുമായ സ്നേഹഭക്ത്യാദരങ്ങളോടെ വേണം അവിടുത്തെ രക്ഷാകരമായ തിരുനാമം നാമേവരും ഉച്ചരിക്കുവാൻ!

അപാരവും അവർണ്ണ്യവുമായ കൃതജ്ഞതയുടെ നലം തികഞ്ഞ വികാരപരമ്പരകൾ നമ്മുടെ അന്തരംഗത്തിൽ അലകളുയർത്തണം, തിങ്ങിനിറഞ്ഞുകവിഞ്ഞൊഴുകണം, ആ പവിത്രാൽ പവിത്രതരമായ നാമധേയം ഉച്ചരിക്കുമ്പോൾ, അഥവാ ഉച്ചരിച്ചുകേൾക്കുമ്പോൾ. ചരിത്രത്തിൽ ഏതെങ്കിലുമൊരു പേരിനു യഥാർത്ഥമായ അന്വാർത്ഥതയുണ്ടായിട്ടുണ്ടെങ്കിൽ അതു ഈശോയുടെ തിരുനാമത്തിനു മാത്രമാണു്. ഗബ്രിയേൽ മാലാഖാ വഴി ദൈവംതന്നെ നിർദ്ദേശിച്ച ആ പേരിന്റെ പൊരുൾ "രക്ഷകൻ" എന്നാണല്ലൊ. നാമസൂചിതമായ പരമദൌത്യം എത്ര ഊഹത്തെക്കവിയും വിധം നിഷ്ഠയോടും പുഷ്ടിയോടും കൂടിയാണു് അവിടുന്നു നിർവഹിച്ചതു എന്നു നമുക്കു നന്നായറിയാം.

"ലോകപാപങ്ങളെ പരിഹരിക്കുന്ന ദിവ്യ ചെമ്മരിയാട്ടിൻ കുട്ടിയേ, ഞങ്ങളെ അനുഗ്രഹിച്ചാലും", എന്നു ദൈനംദിനം നാം പ്രാർത്ഥിക്കുന്നതു തക്ക അർത്ഥത്തോടെയാണു്. ഏതു മനുഷ്യനും നിത്യരക്ഷയെ പ്രദാനം ചെയ്യുവാൻ പോന്ന ഇതര നാമധേയം സ്വർഗ്ഗത്തിലോ ഭൂമിയിലോ കാണപ്പെടുകയില്ല. പൊന്നും വെള്ളിയും വിലയായി കൊടുത്തുകൊണ്ടല്ല, അവിടുന്നു നമ്മെ വീണ്ടെടുത്തതു്; പ്രത്യുത സ്വന്തം ജീവരക്തം അവസാനത്തുള്ളിവരെയും ഒഴുക്കിക്കൊണ്ടാണു്.

ദിവ്യ "അജപോത"ത്തിന്റെ സ്വർഗ്ഗീയ സിംഹാസനത്തിനു ചുററും ദൈവദൂതന്മാരും മോക്ഷവാസികളും അണിനിരന്നുനിന്നുകൊണ്ടു് അവിടുത്തെ തിരുനാമം അനവരതം പാടിപ്പുകഴ്ത്തുകയാണു്. ഒരു നാൾ അവരോടൊന്നിച്ചു അതേ മഹനീയ ജോലിയിൽ വ്യാപൃതരാകുവാനുള്ള മഹാഭാഗ്യം നമുക്കും കൈവരേണ്ടതാണു്. ഇതോർമ്മയിൽ വച്ചുകൊണ്ടു ത്രിലോകങ്ങളും നമിക്കും നാമത്തെ അർഹിക്കും വിധം സ്നേഹബഹുമാനാദരങ്ങളോടെ ഉച്ചരിക്കുവാനും ഉപയോഗിക്കുവാനും സദാ ഉൽസുകരായി നാമും വർത്തിക്കുക.

ണ്—അടിമകളാണ്. രണ്ടാമത്തേതു നിർബന്ധത്താലുള്ള ദാസ്യഭാവമാണ്. ഈ വിധത്തിൽ പിശാചുക്കളും ദൈവത്തിൻെറ അടിമകളാണ്. മൂന്നാമത്തേത് സ്നേഹത്തിൻെറയും മനസ്സമ്മതത്തിൻെറയും അടിമത്തമാണ്. ഈ രീതിയിലായിരിക്കണം നാം മറിയത്തിനു നമ്മെത്തന്നെ സമർപ്പിക്കേണ്ടതു്.

അത്യുത്തമമായ ഈ കൃത്യംമൂലം ആരാധ്യമായ പരി. ത്രീത്വത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു. പിതാവായ ദൈവം തൻെറ അരുമസുതനെ മറിയം വഴി മാത്രമാണ് നമുക്കു നല്കിയതു്. പുത്രനേയും നാം അനുകരിക്കുന്നു. അവിടുന്നു ഈ അമ്മവഴിയാണു നമ്മുടെ പക്കലേക്ക് ആഗതനായതു്. നാമും മറിയം വഴി തൻെറ പക്കലേക്കു ചെല്ലുവാൻ അവിടുന്നു നമ്മെ ക്ഷണിക്കുന്നു. പരിശുദ്ധാത്മാവു തൻെറ ദാനങ്ങളും അനുഗ്രഹങ്ങളും ഈ അമ്മവഴിയായിട്ടാണ് നമുക്കു നൽകുന്നതു്, മറിയംവഴി ഈശോയിലേക്കു അടുക്കുന്നതു മൂലം ഈശോയെ പ്രത്യേകവിധം നാം ബഹുമാനിക്കുന്നു. അപരിമേയപരിശുദ്ധിതന്നെയായ അവിടുത്തെ നേരിട്ടു സമീപിക്കാൻ നീച പാപികളായ നമുക്ക് അർഹതയില്ല. ഈശോയുടെ സന്നിധിയിൽ ഇടവിടാതെ നമുക്കുവേണ്ടി മാദ്ധ്യസ്ഥം വഹിക്കുന്ന മാതാവുവഴി നാം ഈശോയെ പ്രാപിക്കുമ്പോൾ നമ്മുടെ ബലഹീനതയെ നാം ഏററു പറയുകയും ഈശോയുടെ മനുഷ്യാവതാരത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു. ഇപ്രകാരം നാം നമ്മെത്തന്നെ സമർപ്പിക്കുമ്പോൾ നമ്മുടെ സൽകൃത്യങ്ങളും ഈ അമ്മയുടെ കരങ്ങളിൽ ഏല്പിക്കുന്നു. എത്രതന്നെ പുണ്യയോഗ്യതാചാരങ്ങളെന്നു നമുക്കുതോന്നുന്ന സൽകൃത്യങ്ങളും ദൈവസന്നിധിയിൽ നിസ്സാരങ്ങളത്രേ. എന്നാൽ റബേക്ക യാക്കോബിനെ എന്നപോലെ ഈ അമ്മ തൻെറ ദിവ്യസുതൻെറ അനന്തയോഗ്യതകളാലും അവൾക്കു സ്വായത്തമായിരിക്കുന്ന അമൂല്യവരങ്ങളാലും നമ്മെ അലങ്കരിക്കും. അങ്ങനെ ഈശോയിക്കും മാതാവിനും അടിമയായിത്തീർന്ന ഒരാത്മാവ് ഈശോയുടേയും മാതാവിൻേറയും യോഗ്യതകളാൽ സമാലംകൃതയാകും.

മേല്പറഞ്ഞവിധം മറിയത്തിനു സ്നേഹാർപ്പണം ചെയ്യുമ്പോൾ, നമ്മുടെ എല്ലാ പ്രവൎത്തനങ്ങളും മറിയത്തിൻെറ ഇഷ്ടാനുസരണം ജീവിക്കുന്നവൎക്കോ മരിച്ചവൎക്കോ വേണ്ടി വിനിയോഗിക്കുവാൻ മറിയത്തെ നാം അനുവദിക്കുന്നു. തൻമൂലം പരസ്നേഹം വീരോചിതമായി നാം അഭ്യസിക്കുന്നു. കൂടാതെ നമ്മുടെ പ്രസാദവരങ്ങളും യോഗ്യതകളും മറിയത്തിൻെറ പക്കൽ നാം സൂക്ഷത്തിനേൽപ്പിക്കുന്നു. നമ്മുടെ ബലഹീനതയും അസ്ഥിരതയും മൂലം അവയെ കാത്തുസൂക്ഷിക്കാൻ നാം അപ്രാപ്തരാകുന്നു. വി. ബെൎണ്ണാർദ്ദ പറയുന്നു: "സ്വപുത്രൻെറ നീതികോപത്തെ അവൾ തടുക്കുന്നു; പിശാചിൻെറ ഉപദ്രവതന്ത്രങ്ങളെ അവൾ നിരോധിക്കുന്നു; നമ്മുടെ സുകൃതങ്ങൾ നഷ്ടമാവാതെ അവൾ പാലിക്കുന്നു; നമ്മുടെ യോഗ്യതകൾ നശിച്ചുപോകാതെ അവൾ കരുതുന്നു." യാതൊരു സന്യാസസഭാനിയമത്തിനും ഈ ഭക്ത്യാഭ്യസനം തടസ്സമല്ല. നമുക്കു പ്രത്യേകം ആൎക്കെങ്കിലുംവേണ്ടി നമ്മുടെ ഭക്ത്യാഭ്യാസങ്ങൾ നിയോഗിക്കണമെങ്കിൽ നമ്മുടെ ആഗ്രഹം പരിശുദ്ധ അമ്മയെ വിനയപൂർവം അറിയിക്കണം. ദൈവദാനങ്ങളെ വിതരണം ചെയ്യുന്ന കരങ്ങൾ വഴി നമ്മുടെ യോഗ്യതകൾ വിഭജിക്കുമ്പോൾ കുറവൊന്നും വരികയില്ലെന്നുള്ളതു തീൎച്ചയാണ്.

ഈ ഭക്തി അഭ്യസിക്കുന്നതുമൂലം ദൈവമക്കളുടെ സ്വാതന്ത്ര്യം നാം അനുഭവിക്കുന്നു. ഈ വത്സലനാഥ കൃതജ്ഞതാപൂൎണ്ണയായി തൻെറ അരുമസന്താനങ്ങളുടെഹൃദയം വിശാലവും പ്രസന്നവുമാക്കുന്നു. അങ്ങനെ ദൈവത്തിൻെറ പ്രമാണത്തിൻെറ വഴിയെ നടക്കുന്നതു ഈ ആത്മാക്കൾക്ക് ഇമ്പകരമായിത്തീരുന്നു. ആന്തരികപരീക്ഷണങ്ങളിലും സന്ദേഹങ്ങളിലും മനോവേദനകളിലും ഈ അമ്മ അവരുടെ അഭയസ്ഥാനമായിരിക്കും. നമ്മുടെ സമൎപ്പണത്തിനനുസരണം ആത്മാൎത്ഥതയോടെ നമ്മൾ പ്രവൎത്തിക്കുന്നെങ്കിൽ മാത്രമേ ഈ അനുഗ്രഹത്തിനു നാം പാത്രമാകു എന്നുള്ള കാര്യവും വിസ്മരിക്കത്തക്കതല്ല.

മറിയംവഴി—മറിയത്തോടുകൂടെ—മറിയത്തിൽ—മറിയത്തിനുവേണ്ടി എല്ലാം നമ്മൾ നിൎവ്വ

ഹിക്കുന്നതിൽ ഈ ഭക്തിയുടെ ആന്തരികാഭ്യസനം അടങ്ങിയിരിക്കുന്നു. മാതാവുവഴിയായി മാത്രം നാം ഈശോയെ സമീപിക്കണം. മറിയത്തിൻെറ സ്വാധീനശക്തിമൂലം നമ്മുടെ പ്രാർത്ഥന കേൾക്കപ്പെടണം. നമ്മുടെ ഉത്തമമാതൃകയായി മറിയത്തെ സ്വീകരിക്കണം. ഈശോയുടെയും പരി. ദിവ്യജനനിയുടെയും നിയോഗങ്ങളോട്ട് ചേർന്നു നാം പ്രവർത്തിക്കണം. അങ്ങനെ പ്രവർത്തിക്കുമ്പോൾ മറിയത്തിൻെറ കാലടികളെ നാം പിഞ്ചെല്ലുന്നു. ഈ അമ്മയുടെ രൂപം ഒരു ചിത്രത്തിലെന്നവിധം നമ്മുടെ ബോധത്തിലുണ്ടായിരിക്കട്ടെ. നാം പ്രവർത്തിക്കുന്നതും പ്രാർത്ഥിക്കുന്നതുമെല്ലാം മറിയത്തിലായിരിക്കണം. അവസാനമായി നമ്മുടെ പ്രവൃത്തികളുടെ ലക്ഷ്യം ദൈവമഹത്വവും ദിവ്യജനനിയുടെ മഹത്വവും ആയിരിക്കണം. മറിയംവഴി പ്രവർത്തിക്കുന്ന ആത്മാവു് ഇപ്രകാരം എല്ലാകാര്യങ്ങളിലും സ്വാർത്ഥത്യാഗം അഭ്യസിക്കും.

ഈ ഭക്തിയുടെ ബാഹ്യാഭ്യാസങ്ങളെക്കുറിച്ചുകൂടെ രണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ. മാതാവിൻെറ മംഗലവാർത്തതിരുനാളിൽ (ഏതെങ്കിലും തിരുനാളാകാം) മറിയത്തിൻെറ കരങ്ങൾ വഴി നാം ഈശോയ്ക്കു് നമ്മെത്തന്നെ സമർപ്പിക്കണം. ആത്മ പിതാക്കന്മാരുടെ അനുമതിയോടെ ഈ സമർപ്പണം ചെയ്യുന്നതു കൂടുതൽ ഉത്തമം. അന്നേദിവസം നാം ദിവ്യകാരുണ്യം സ്വീകരിക്കുകയും പാടുള്ളിടത്തോളം സമയം പ്രാർത്ഥനയ്ക്കായി വിനിയോഗിക്കുകയും ചെയ്യുന്നതും നന്നു്. ആണ്ടുതോറും ഈ പ്രതിഷ്ഠ നവീകരിക്കണം. മാതാവിൻെറ എല്ലാ തിരുനാളിലും സമർപ്പണം പുതുക്കുന്നതു് അമ്മക്കു് ഏററം പ്രിയംകരമായിരിക്കും. ആ ദിവസം പരി. കന്യകയ്ക്കു് എന്തെങ്കിലും ഒരു കാഴ്ച സമർപ്പിക്കണം. ആശാനിഗ്രഹമൊ, ദാനധർമ്മമോ, ജപോച്ചാരണമൊ എന്തുമാകാം. വലിയ ഭക്തിയോടുകൂടെ മംഗലവാർത്താദിനം കൊണ്ടാടുന്നതും സമുചിതം തന്നെ. ഈ ഭക്ത്യാദരത്തിൻെറ പ്രധാന തിരുനാൾ അതാണു്. അന്നാണല്ലോ ദൈവജനനി എന്ന സ്ഥാനം നമ്മുടെ അമ്മയ്ക്കു നിത്യപിതാവു വാഗ്ദാനം ചെയ്തതു്. എല്ലാ ദിവസവും അമലോൽഭവ ജപമാല ചൊല്ലി അമ്മയെ സ്തുതിയ്ക്കുക. കൂടാതെ മറിയത്തിൻെറ സ്തുതിഗീതം (Magnificat)ചൊല്ലി മറിയത്തോടുകൂടെ ദൈവദാനങ്ങൾക്കു കൃതജ്ഞത പ്രകാശിപ്പിക്കുക, ദിവ്യകാരുണ്യ സ്വീകരണാനന്തരം ഈ സ്തുതിഗീതം ചൊല്ലുന്നതു് ഏററവും സ്തുത്യർഹം. പരി. മാതാവു് ദിവ്യകാരുണ്യസ്വീകരണാനന്തരം ഈ ഗീതം ആലപിച്ചതായിട്ടാണു് പണ്ഡിതനായ ജർസോൻ പ്രസ്താവിച്ചിരിക്കുന്നതു്.

വിശ്വസ്തരായ ആത്മാക്കളിൽ നിരവധി ദിവ്യദാനങ്ങൾ ചിന്തുന്നതിനു് ഈ ഭക്തി ഇട വരുത്തുന്നു. ഈ സമർപ്പണത്തിനനുസരിച്ചു ജീവിക്കുന്ന ആത്മാക്കളിൽ മറിയത്തിൻെറ ജീവിതം രൂഢമൂലമാകുന്നു. മറിയം ഒരാളുടെ ആത്മാവിൽ അതിനാഥയായിത്തീരുമ്പോൾ മഹാൽഭുതങ്ങൾതന്നെ ആ ആത്മാവിൽ അവൾ പ്രവർത്തിക്കും. ആത്മാവിനുപോലും അജ്ഞാതമായ രീതിയിൽ അത്ര നിഗൂഢമാണു് അവളുടെ പ്രവർത്തനം. സകല നിർമ്മല സൃഷ്ടികളിലുംവച്ചു് ഫലസംപൂർണ്ണയായ മറിയം നിർമ്മലമായ ഒരാത്മാവിൽ പ്രവൃത്തിരഹിതയായിരിക്കുകയില്ല. ഒരു ദൈവമനുഷ്യനെ ഭൂജാതനാക്കുവാൻ തക്കവണ്ണം അവളുടെ ഫലോൽപ്പാദകത്വം അത്ര ശക്തിമത്തായിരുന്നില്ലേ എന്നാണു് ഗ്രീഞ്ഞോൺ ദിമോൺ ഫോർട്ട ചോദിക്കുന്നതു്.

സുപ്രസിദ്ധ ആദ്ധ്യാത്മികചിന്തകനായ ഫാദർ ഫേബറിൻെറ വാക്കുകൾ ഇത്തരുണത്തിൽ ശ്രദ്ധേയമാണു്. "യഥാർത്ഥമായ ദൈവശാസ്ത്രം മറിയത്തിനു നൽകിയിരിക്കുന്ന വിശേഷസ്ഥാനം തീർത്തും തുച്ഛമായി മാത്രമെ അറിയപ്പെട്ടിട്ടുള്ളു. അതിനാൽ ദൈവത്തിൻെറ നേർക്കുള്ള വണക്കം വളരെയധികം കുറഞ്ഞും പോകുന്നുണ്ടു്. തന്നിമിത്തം ഈശോ മതിയാംവണ്ണം സ്നേഹിക്കപ്പെടുന്നില്ല; തിരുസ്സഭയുടെ മഹത്വം വർദ്ധിക്കുന്നില്ല; വിശുദ്ധരായിത്തീരേണ്ട ആത്മാക്കൾ തളർന്നു ബലഹീനരായിത്തീരുന്നു. ആത്മാക്കൾ ആയിരക്കണക്കിനു നശിക്കുന്നതിനുള്ള കാരണം അവർക്കു മറിയത്തെ ആരും ശരിയായി കാണിച്ചുകൊടുക്കുന്നില്ല എന്നതാണു്." അതിനാൽ മരിയൻ യുഗത്തിൽ ജീവിക്കുന്ന നാം ആന്തരികമായ മരിയഭക്തിയാൽ നയിക്കപ്പെടേണ്ടവരാണു്. അതിനുള്ള അനുഗ്രഹം അമലോത്ഭവനാഥ തന്നെ നമുക്കു പ്രദാനം ചെയ്യട്ടെ.

(ഈ ലേഖനത്തിനു ഭക്തദാസ്യം എന്ന ചെറുഗ്രന്ഥത്തോടു കടപ്പാടുണ്ടു്.)

# അൽമായ കർമ്മെലീത്തരോട്

കുടുംബജീവിതക്കാർക്കാണോ അനുചിന്തനം?

(റവ. ഫാ. ആക്കെയിൻജൽ, ഒ. സി. ഡി.)

കർമ്മലീത്താസന്യാസികൾക്കെന്നപോലെ കുടുംബജീവിതക്കാരായ മൂന്നാം സഭാംഗങ്ങൾക്കും അനുചിന്തനം ലക്ഷ്യമാണെന്നു പറയുമ്പോൾ ചിലർ "മൂക്കത്തു് വിരൽവയ്ക്കാറുണ്ട്." കുടുംബ ജീവിതത്തിലെ ബഹളത്തിലും വൈക്ളബ്യങ്ങളുടെ മദ്ധ്യത്തിലും അനുചിന്തനം എങ്ങനെ സാദ്ധ്യമാകും എന്നാണവരുടെ പ്രശ്നം.

അനുചിന്തനത്തിൻെറ സ്വഭാവം ശരിക്കു മനസ്സിലാക്കാത്തതാണ് അവർക്കു സംഭവിക്കുന്ന പടലപിണക്കത്തിനു നിദാനം.

അനുചിന്തനം അഥവാ ചിന്തനം ചെയ്യുക എന്നു പറഞ്ഞാൽ ഒരു കാര്യത്തെ വൃഥാ നോക്കിക്കൊണ്ടിരിക്കുക എന്നല്ല അർത്ഥം. പ്രത്യുത, വിഷയത്തിലേയ്ക്കു ചുഴിഞ്ഞിറങ്ങി, ഒരു മാതാവ് സ്വശിശുവിനെയെന്നപോലെ വിസ്മയത്തോടും, സ്നേഹത്തോടുംകൂടെ വീക്ഷിക്കുകയാണ്.

പ്രസ്തുത അനുചിന്തനം ആർജ്ജിതമോ നിവേശിതമോ ആവാം. ദൈവകാര്യങ്ങളെക്കുറിച്ചു നിരന്തരം ധ്യാനിച്ച്, വിഷയത്തിലേയ്ക്കു ചുഴിഞ്ഞിറങ്ങി അതിനെ വിസ്മയത്തോടും സ്നേഹത്തോടുംകൂടി വീക്ഷിക്കുന്നതാണ് ആർജ്ജിതാനുചിന്തനം (Active contemplation). നിവേശിതാനുചിന്തനം (passive contemplation) ദൈവംനേരിട്ട് ഒരു സത്യം ആത്മാവിനു വെളിപ്പെടുത്തിയതിൻെറ ഫലമായി സ്വപ്രയത്നം കൂടാതെ ആ വിഷയത്തെ ആത്മാവു വീക്ഷിക്കുന്നതാണ്. രണ്ടാമതു പറഞ്ഞ അനുചിന്തനം ദൈവം തനിക്കിഷ്ടമുള്ളവർക്കു നൽകുന്നു, സന്യാസികളോ കുടുംബജീവിതക്കാരോ എന്ന വ്യത്യാസം പരിഗണിക്കാതെ. പക്ഷെ സാധാരണ ഗതിയിൽ പ്രസ്തുത ദാനം നൽകപ്പെടുന്നതു്, സ്വയം പരിശീലിക്കുന്നതിനു സമ്മാനമായിട്ടാണ്. ഈ പരിശീലനം കുടുംബജീവിതക്കാർക്കും സാദ്ധ്യം തന്നെ.

സ്വപ്രയത്നത്താൽ അനുഭവവേദ്യമാകുന്ന അനുചിന്തനം (ആർജ്ജിതം) അഥവാ ദൈവവുമായുള്ള ഐക്യത്തിൻെറ അനുഭവജ്ഞാനം, പരിശ്രമിക്കുന്നവർക്കു ഒരുപോലെ അനുഭവപ്പെടുന്നില്ല. ചിലർക്കു് അതു് വളരെ നേരത്തേയും സ്പഷ്ടമായും, വേറെ ചിലർക്കു് വളരെ വൈകിയും അസ്പഷ്ടമായുമേ അനുഭവപ്പെടുന്നുള്ളു.

പ്രസ്തുത വ്യത്യാസത്തിനു കാരണം ആത്മാവിൻെറ സ്വഭാവത്തിലാണ് ആധുനിക മൗതിക ദൈവശാസ്ത്രജ്ഞന്മാർ ആരോപിക്കുന്നതു്. തെളിഞ്ഞ സ്വഭാവമുള്ളവരെന്നും (transparent) മങ്ങിയ സ്വഭാവക്കാരെന്നും (opaque) രണ്ടു തരക്കാരായിട്ടാണ് ആത്മാക്കളെ മേല്പറഞ്ഞ മല്പാന്മാർ വിഭജിക്കുന്നതു്. ഇപ്രകാരമുള്ള വിഭജനത്തിനു് അവർ നൽകുന്ന കാരണങ്ങളിലേക്കും മററു വിശദാംശങ്ങളിലേയ്ക്കും കടക്കേണ്ട ആവശ്യം തൽക്കാലം നമുക്കില്ല. പക്ഷെ, അവരുടെ തത്വം പലർക്കും ആശ്വാസപ്രദമായിരിക്കും. മാത്രമല്ല, അവ്യക്തങ്ങളായിരുന്ന പല പ്രശ്നങ്ങൾക്കും അതു് തൃപ്തികരമായ സമാധാനം നൽകുന്നുമുണ്ട്. ഏതായാലും ദൈവൈക്യപ്രാപ്തിക്കായി ഭഗീരഥപ്രയത്നം നടത്തിയിട്ടും അതു് അനുഭവവേദ്യമാകാത്തതിൽ ആത്മാക്കൾ നിരാശാഭരിതരാകേണ്ട ആവശ്യമില്ല. അവരുടെ സ്വഭാവം മങ്ങിയതായിരിക്കാം. അതിനവർ കുററക്കാരാകുന്നതല്ല. അവരുടെ പ്രയത്നത്തിൻെറ ഫലം, ഇഹത്തിൽ വച്ചു സാധിച്ചില്ലെങ്കിലും അവർക്കു് സമൃദ്ധിയായി സിദ്ധിക്കും.

## അനുചിന്തനത്തിൻെറ സാരാംശം

പ്രസാദവരത്തിൽസ്ഥിതിചെയ്യുന്ന ആത്മാവിൽ ദൈവസാന്നിദ്ധ്യമുണ്ടെന്നുള്ളതു് ഒരു വിശ്വാസസത്യമാണ്. ഏററവും ദൃഢമായ യാഥാർത്ഥ്യമാണതു്. വിശ്വാസത്താലുള്ള ഈ അറി

വിനെ ഏറ്റെക്കുറെ അനുഭവിച്ച ബോദ്ധ്യപ്പെട്ടു കയാണ് അനുചിന്തനത്താൽ സാധിക്കുന്നത്. "അഹം ബ്രഹ്മം, അഹം ബ്രഹ്മം" എന്ന്, ആയിരമായിരം ആവർത്തിച്ച് സ്വയം വഞ്ചിക്കപ്പെടുന്ന (auto suggestion and hallucination) ഒരവസ്ഥയല്ല ഇവിടെയുള്ളത്. മറിച്ചു ഒരു യാഥാർത്ഥ്യത്തിൻെറ അനുഭവജ്ഞാനമാണ്–(experimental knowledge). ഇതു സമ്പാദിക്കുന്നതിനു് ആത്മാവിൽ ഒരു പ്രത്യേക പശ്ചാത്തലം ഒരുക്കിയിരിക്കണം. കർമ്മലീത്താ മൂന്നാം സഭാനിയമം കുടുംബജീവിതക്കാരിൽ അനുചിന്തനത്തിനു് അനുപേക്ഷണീയമായ പശ്ചാത്തലം ഒരുക്കുകയാണു ചെയ്യുന്നത്.

ദൈവസാന്നിദ്ധ്യവിചാരത്തോടുകൂടി, അവിടുത്തെ തിരുവിഷ്ടാനുസരണമുള്ള ജോലികളിലോ വിനോദങ്ങളിലോ ഏർപ്പെടുന്ന ആളുകൾക്ക് മേല്പറഞ്ഞതരത്തിലുള്ള പശ്ചാത്തലം ഒരുക്കുവാൻ കഴിയുന്നതായിരിക്കും. തെളിഞ്ഞ സ്വഭാവം ഉണ്ടായിരിക്കുകയും, ബഹളരഹിതജീവിതം നയിക്കുകയും, പതിവായി കുറെസമയത്തേയ്ക്കെങ്കിലും മാനസിക പ്രാർത്ഥന നടത്തുകയും ചെയ്യുന്നവർ, അനുചിന്തനവും അനുഭവജ്ഞാനവുംപ്രാപിക്കുന്നതായിരിക്കും, പ്രസാദവരത്തിലാണവരുടെ നിരന്തരമായ വ്യാപാരമെങ്കിൽ, മങ്ങിയ സ്വഭാവക്കാർ കുറെക്കൂടെ കാത്തിരിക്കേണ്ടതായി വന്നേയ്ക്കാം. എങ്കിലും ദൈവവുമായുള്ള ഐക്യം കൂടുതൽ ഗാഢതരമാകുമ്പോൾ അവരും അനുഭവജ്ഞാനം പ്രാപിച്ചുകൊള്ളും.

സ്നേഹമയിയായ ഒരു ഭാര്യ കഞ്ഞിവയ്ക്കുമ്പോഴും കുഞ്ഞിനെ കുളിപ്പിക്കുമ്പോഴും, ഭക്ഷണം പാകം ചെയ്യുമ്പോഴും വീട് വൃത്തിയാക്കുമ്പോഴും, എന്നല്ലാ എല്ലാ സമയത്തും സ്വഭർത്താവിനെ സ്മരിക്കുന്നതുപോലെ, ഭക്താത്മാവിനു് ഏതു സമയത്തും, ഏതു ജോലിയിലും, സ്നേഹത്തിടമ്പായ ഈശ്വരനെ സ്മരിക്കാവുന്നതാകുന്നു. ഭർത്തൃസ്മരണ പ്രേമബദ്ധയായ ഭാര്യയ്ക്ക്, എല്ലായ്പ്പോഴും ഒരേതരത്തിൽ അനുഭവവേദ്യമാകുന്നില്ലെങ്കിലും, അതു് അവളുടെ മനോമുകുരത്തിൽനിന്നു തീരെ മാഞ്ഞുപോകുന്നില്ല. സ്നേഹബദ്ധയായ ആത്മാവിനു് ദൈവസാന്നിദ്ധ്യസ്മരണയും തഥൈവ. ധ്യാനിക്കുക, പ്രാർത്ഥിക്കുക, സുകൃതകൃതികൾ പാരായണം ചെയ്യുക മുതലായ സന്ദർഭങ്ങളിൽ പ്രത്യേകിച്ച്, ദൈവസ്നേഹവിചാരം കൂടുതൽ ആകാമെങ്കിലും, വേലചെയ്യുമ്പോഴും, റേഡിയോ ശ്രവിക്കുമ്പോഴും, പത്രം വായിക്കുമ്പോഴുമെല്ലാം പ്രസ്തുത സ്മരണ തീരെ വിട്ടുപോകുന്നതല്ല.

പബ്ളിക്ക് പരീക്ഷയ്ക്കു് അതീവ ശ്രദ്ധയോടുകൂടി എഴുതിക്കൊണ്ടിരിക്കുന്ന വിദ്യാർത്ഥിയുടെ മനസ്സിൽ നിന്നു് പരിശോധകൻെറ രൂപം തീരെ മാഞ്ഞുപോകാത്തതുപോലെ വേലയുടേയും വ്യഗ്രതകളുടേയും മദ്ധ്യേ ദൈവസാന്നിദ്ധ്യചിന്ത ഉണ്ടായിരിക്കുന്നതാകുന്നു. ഇതിനു നിരന്തരവും നിഷ്കർഷാപൂർവവുമായ പരിശീലനം കൂടിയേ തീരൂ. ദൈവം അരൂപിയായതുതന്നെ പ്രധാന കാരണം.

നാം കൈകാര്യം ചെയ്യുന്ന ഓരോ സംഗതിയിലും കണ്ടുമുട്ടുന്ന ഓരോ ആളിലും, ദൈവവുമായുള്ള ബന്ധം മനസ്സിലാക്കി പ്രവർത്തിക്കാൻ കഴിയും. സർവ്വത്തിൻേറയും സ്രഷ്ടാവും നമ്മുടെ രക്ഷിതാവും പരിപാലകനുമായ ദൈവത്തെ എല്ലാററിലും കാണുവാൻ പരിശീലിക്കണം.

നമ്മുടെ ജോലിസ്ഥലത്തു് നമുക്കിഷ്ടമില്ലാത്ത ഒരാൾ പ്രത്യക്ഷപ്പെട്ടാൽ, അയാൾ നമ്മെ ഉപദ്രവിക്കാൻ സമീപിക്കാതിരുന്നാലും ദരസ്വസ്ഥത അനുഭവപ്പെടാതിരിക്കില്ലല്ലോ. ശത്രുവിനു പകരം മിത്രമാണു് ആഗതനാവുന്നതെങ്കിൽ അസാമാന്യമായ സന്തോഷവും ഉന്മേഷവും അനുഭവവേദ്യമാകുന്നു. ദൈവത്തെ സ്നേഹിക്കുന്ന ആത്മാവു്, സ്നേഹത്തിടമ്പായ സർവ്വേശ്വരൻെറ സാന്നിദ്ധ്യത്തിൽ വസിക്കുന്നുവെന്ന വിചാരത്താൽഭരിതയാകുന്നു. പ്രസ്തുത സാന്നിദ്ധ്യസ്മരണ ഒരിക്കലും മനസ്സിൽനിന്നു് തീർത്തുമാഞ്ഞുപോവുന്നതുമല്ല. സ്ഥിരപരിശ്രമംകൊണ്ടു് ആ ബോദ്ധ്യം കൂടുതൽ കൂടുതൽ സ്പഷ്ടമായിത്തീരുകയും ചെയ്യും.

ഈശ്വരനുമായുള്ള ഈ ഐക്യബോധം വ്യക്തിയെ മററുള്ളവരിൽനിന്നു് വ്യതിരക്തമാക്കുന്നില്ല. നിരീശ്വരന്മാരുൾപ്പെട്ട നിരവധി ക്ലാർക്കുമാർ ജോലിചെയ്യുന്ന ഒരാഫീസിൽ, പല തരത്തിലുള്ള മനോഭാവക്കാരുടെ മദ്ധ്യേ യാ

# കാലിത്തൊഴുത്തിൽ

(By a Carmelite Sister)

പൂർവ്വപിതാക്കന്മാർ ഏതാണ്ട് നാലായിരത്തിൽപരം സംവൽസരം പ്രതീക്ഷിച്ചിരുന്ന ദൈവകുമാരൻ കാലത്തിന്റെ തികവിൽ ഭൂജാതനായി, ബത്ലേഹം നഗരോപാന്തത്തിൽ ആരുടേയും ശ്രദ്ധയിൽപെടാതെ കിടന്നിരുന്ന ഒരു കാലിത്തൊഴുത്തിൽ. വൈക്കോൽ മെത്തയിൽ ശയിക്കുന്ന ആ കോമള ശിശുവിനെ പലരും കണ്ടെങ്കിലും, മനസ്സിലാക്കിയവർ എത്ര ചുരുക്കം! ആകാശത്തിൽ കാണപ്പെട്ട ഒരു പുതിയ നക്ഷത്രം കൂടാതെ അസാധാരണ സംഭവങ്ങളൊന്നും ആ ദിവ്യശിശുവിന്റെ ജനനവേളയിൽ പ്രത്യക്ഷപ്പെട്ടതായി ആരും അനുഭവപ്പെട്ടില്ല. ശാസ്ത്രത്തിന്റെ പരിധിയിൽപ്പെടുന്ന ആ നവീന നക്ഷത്രോദയം സാധാരണക്കാർക്കു ഗ്രഹിക്കത്തക്കതായിരുന്നുമില്ല. പല ശാസ്ത്രജ്ഞന്മാരും ഈ പുതിയ അടയാളം കണ്ടിരിക്കാം. എന്നാൽ ആ താരത്തിന്റെ ഉദയകാരണം ഗ്രഹിച്ച് തദനുസരണം പ്രവൎത്തിച്ചവർ എത്ര വിരളം! അമലമനോഹരിയായ പരി. കന്യകാമറിയവും വിശുദ്ധാഗ്രണിയായ വി. യൗസേപ്പും സാക്ഷാൽ ദൈവകുമാരനെത്തന്നെയാണ് സംരക്ഷിച്ചുപോരുന്നതു് എന്നു മനസ്സിലാക്കിയവർ അന്ന് എത്രപേരുണ്ടായിരുന്നുവോ ആവോ? സത്യവിശ്വാസവെളിച്ചത്താൽ പ്രകാശിതരായവർ ആ ശിശുവിനെ തിരിച്ചറിഞ്ഞു എന്നതു സംശയരഹിതമായ ഒരു വസ്തുതയാണ്. എന്നാൽ ഇതിനവരെ സഹായിച്ചതു്—പ്രേരിപ്പിച്ചതു്—അവരുടെ ശാസ്ത്രജ്ഞാനവും പാണ്ഡിത്യവുമായിരുന്നുവോ? ഒരിക്കലുമല്ല. വിജ്ഞാനകോവിദരും പണ്ഡിതകേസരികളും ധാരാളമുണ്ടായിരുന്നു,അന്നു ബേത്ല

---

തൊരു വ്യത്യാസവും കാണിക്കാതെ ദൈവഐക്യം പ്രാപിച്ചിട്ടുള്ള ആൾ വേലചെയ്തുകൊണ്ടിരിക്കും. പ്രത്യേകത ഒന്നും കാണിക്കാതെ വിഷയാലമ്പടന്മാരുടേയും പരമദുഷ്ടന്മാരുടേയും മദ്ധ്യേ അയാൾക്ക് ദൈവൈക്യത്തിൽ ജീവിച്ചുകൊണ്ട് വേലചെയ്യുവാൻ കഴിയും. മററുള്ളവർ പ്രൌഢിക്കും സുഖഭോഗാദികൾക്കുവേണ്ടി ജോലിചെയ്തു പണം സമ്പാദിക്കുമ്പോൾ, അയാൾ സർവ്വോപരി ദൈവമഹത്വത്തെ മുൻനിറുത്തി പ്രവർത്തിക്കുന്നു. കുടുംബസംരക്ഷണം, രാജ്യസേവനം, ആദിയായ സദുദ്ദേശങ്ങളും അയാൾക്കുണ്ടായിരിക്കും.

സ്നേഹബദ്ധരായവർതമ്മിൽ സമ്മാനങ്ങൾ കൈമാറുന്നതുപൊലെ ഭക്താത്മാവും ദൈവവും തമ്മിൽ നിരന്തര സമ്പർക്കമുണ്ടായിരിക്കും. സർവ്വനന്മസ്വരൂപിയായ ദൈവം അന്നവസ്ത്രാദികൾക്കുവേണ്ട വകയെല്ലാം തന്നിരിക്കുന്നതിനാൽ പ്രസ്തുത ദാനങ്ങളിൽക്കൂടെ അവിടുത്തെ നന്മ ആസ്വദിക്കുകയും അങ്ങെ സ്നേഹിക്കുകയും ചെയ്യും. പകരം സ്വന്തം ക്ലേശങ്ങളും ബുദ്ധിമുട്ടുകളും വേലകളും ആഹ്ലാദങ്ങളുമെല്ലാം അവിടുത്തേക്കു സമൎപ്പിക്കും. ഇതു് ശുദ്ധനിയോഗം വഴിയാണ് കൂടുതലും സാധിക്കുന്നതു്. പ്രസ്തുത ശുദ്ധനിയോഗമോ ദിവസത്തിന്റെ ആരംഭത്തിൽ ഒരിക്കൽ മാത്രം ചെയ്തുകൊണ്ട് തൃപ്തിപ്പെടാതെ കൂടക്കൂടെ ആവൎത്തിക്കും. ഇപ്രകാരം ദൈവത്തിന്റെ നന്മ ആസ്വദിച്ചുകൊണ്ടും അവിടുത്തെ മഹത്വത്തിനായി സ്വന്തം പ്രയത്നങ്ങളും സന്തോഷങ്ങളും ക്ലേശങ്ങളുമെല്ലാം കാഴ്ചവച്ചുകൊണ്ടും ദൈവവുമായി ഐക്യപ്പെട്ടുജീവിക്കുന്നു. ദൈവീകപുണ്യങ്ങളുടേയും സാന്മാൎഗ്ഗികപുണ്യങ്ങളുടെയും നിരന്തരമായ അഭ്യസനവും ഇതിൽ അന്തർലീനമായിരിക്കും. അനുചിന്തനത്തിന്റെ സാരാംശവും ഇതു തന്നെ.

മൂന്നാംസഭയുടെ നിയമങ്ങൾ തീക്ഷ്ണതയോടെ പാലിച്ചുകൊണ്ട് ജീവിക്കുന്ന കുടുംബജീവിതക്കാരായ കർമ്മലീത്തക്ക് മേല്പറഞ്ഞ വിധത്തിലുള്ള ദൈവൈക്യജീവിതവും അതിൽ അന്തർഭവിച്ചിരിക്കുന്ന അനുചിന്തനവും സുതരാം സുസാദ്ധ്യം തന്നെ.

ഹേമിലും പരിസരങ്ങളിലും. എങ്കിലും നിസ്വതും നിഷ്കളങ്ക മാനസരുമായ ഏതാനും ഇടയന്മാരാണ് അവിടുത്തെ ആരാധിക്കുവാനും കാഴ്ചകൾ സമർപ്പിക്കുവാനുമായി ഓടിയെത്തിയതു്. അതെ, വിജ്ഞർക്കഗ്രാഹ്യമായതു് അജ്ഞർക്കു സുഗ്രാഹ്യമായി. അജ്ഞർ വിജ്ഞരെ തോല്പിച്ചുകളഞ്ഞു. വിജ്ഞരുടെ പ്രാതിനിധ്യംവഹിച്ച് വിദേശികളായ മൂന്നു രാജാക്കന്മാർ ദൈവകുമാരനെ ചെന്നുകണ്ടു് ആരാധിക്കുകയും, പൊന്നു്, മീറാ, കുന്തിരിക്കം എന്നീസാധനങ്ങൾ ഹൃദയത്തിൻെറ പ്രതീകമെന്നവിധം സമർപ്പിക്കുകയും ചെയ്തു എന്നതു് ഇവിടെ വിസ്മരിക്കുന്നില്ല. ആ മൂന്നു ശാസ്ത്രജ്ഞർ അന്നത്തെ വിദ്യാധുരന്ധരിൽ എത്രശതമാനം ആയിരുന്നു എന്നതാണ് നാം ചിന്തിക്കേണ്ടതു്.

വിശ്വാസവെളിച്ചത്താൽ പ്രകാശിതരായ നാം ആത്മിക നേത്രങ്ങളാൽ ദിവ്യരക്ഷകനെ ദർശിക്കുന്നുണ്ടു്. നമ്മുടെ വീക്ഷണം കൂടുതൽ ഫലപ്രദമാകുന്ന സന്ദർഭമാണ് അവിടുത്തെ ജന്മദിനം ഘോഷിക്കുന്ന അവസരം. കാരണം, അന്നു് അവിടുത്തെ കോമളരൂപം നമ്മുടെ ദൃഷ്ടിക്കു് ഗോചരീഭവിക്കുന്നു. "നിങ്ങൾ ശിശുക്കളെപ്പോലെയാകുകയില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല" എന്നു് പില്ക്കാലത്തു് തൻെറ പ്രേഷ്ഠശിഷ്യരോടരുളി ചെയ്യുവാനിരുന്ന ലോകഗുരു, ബലഹീനനായ ഒരു പിഞ്ചു കുഞ്ഞായി പരുപരുത്ത വയ്ക്കോൽ മെത്തയിൽ പള്ളികൊള്ളുന്നതെന്തിനെന്നു് നിഷ്കന്മഷ മാനസർ ഗ്രഹിക്കുമെന്നതിൽ സംശയമില്ല. അതേ, ദൈവദർശനത്തിനു്—സ്വർഗ്ഗഭാഗ്യത്തിനു്—നമ്മെ പ്രാപ്തരാക്കുന്ന, ആദ്ധ്യാത്മിക ശൈശവ ജീവിതത്തിനുള്ള ഒരു സാധനപാഠമാണ്, കാലിത്തൊഴുത്തിൽനിന്നു നമുക്കു ലഭിക്കുന്നതു്.

"എന്നിൽനിന്നു പഠിക്കുവിൻ" എന്നു് ആഹ്വാനം ചെയ്തുകൊണ്ടു് നിശ്ശബ്ദനായി കാലിത്തൊഴുത്തിൽ പള്ളികൊള്ളുന്ന ദൈവകുമാരൻ നമ്മെ പഠിപ്പിക്കുന്നതെന്തെന്നു നോക്കാം.

<u>വിശ്വാസം.</u> ദിവ്യ ശിശുവിൽനിന്നു പഠിക്കേണ്ട പാഠങ്ങളിൽ പ്രമുഖമായതു് വിശ്വാസമാണ്. തൻെറ ദൈവികപ്രഭാവം, ശൂന്യാവസ്ഥയിൽനിന്നു സകലതും സൃഷ്ടിച്ച സർവ്വശക്തി ഇവ മാനുഷിക ബലഹീനതയിൽ ഗോപനം ചെയ്തുകൊണ്ടു് അവിടുന്നു് പ്രത്യക്ഷനാകുന്നതു് ദൈവത്തിൽ വയ്ക്കേണ്ട വിശ്വാസത്തിൻെറ മഹത്തായ വില നമ്മെ ഗ്രഹിപ്പിക്കുന്നതിനുവേണ്ടിയല്ലേ? തൻെറ മാതാപിതാക്കളിൽ അവിടുന്നു പൂർണ്ണമായി വിശ്വസിക്കുന്നു, ശരണപ്പെടുന്നു. തന്റെ എല്ലാ ആവശ്യങ്ങളും അവർ നിറവേററിക്കൊടുക്കുമെന്നും മാതാപിതാക്കളുടെ സാന്നിദ്ധ്യത്തിൽ താൻ യാതൊരപകടത്തിനും വിധേയനല്ലെന്നും ഉള്ള യാഥാർത്ഥ്യങ്ങളിൽ എത്ര ഉറപ്പായ വിശ്വാസമാണു ആ ശിശുവിനുള്ളതു്. മാത്രമല്ല, കുഞ്ഞു് തനിക്കുവേണ്ടി ഒന്നും കരുതിവയ്ക്കുന്നില്ല. നാം നമ്മുടെ നല്ല പിതാവായ ദൈവത്തിൽ വയ്ക്കേണ്ട ശരണത്തിനൊരുദാഹരണമാണിതു്. പിതാവായ ദൈവത്തിൽ നാം നമ്മെ പരിപൂർണ്ണമായി സമർപ്പിക്കണം. ശിശുസഹജമായ നിഷ്കപടതയോടെ ദൈവത്തിൽ വിശ്വസിക്കുകയും ചെയ്യണം. അങ്ങനെയെങ്കിൽ പ്രതികൂലസാഹചര്യങ്ങൾ നേരിട്ടാൽ, ജീവിതവഞ്ചി മുങ്ങിപ്പോകത്തക്കവിധമുള്ള അപകടങ്ങൾ വന്നു ഭവിച്ചാൽ, നാം ചഞ്ചലചിത്തരാകയില്ല: തന്നിൽ അചഞ്ചലമായ വിശ്വാസമർപ്പിക്കുന്ന ഒരാത്മാവിനെ സംരക്ഷിക്കുവാൻ കരുണാനിധിയായ ദൈവം സദാ ജാഗരൂകനാണ്, എന്ന വിശ്വാസത്താൽ ഉന്മേഷഭരിതരായി പ്രയാണം തുടരാൻ ആത്മാക്കൾക്കു സാധിക്കും.

<u>ആശ്രയബോധം:</u> കാലിത്തൊഴുത്താകുന്ന മഹാ പാഠശാലയിൽ നിന്നു് നാം അഭ്യസിക്കേണ്ട രണ്ടാമത്തെ പാഠം ആശ്രയബോധമാണു്. വിശ്വാസത്തിന്റെ അനന്തരഫലമാണ് ആശ്രയബോധമെന്നു പറയാം. ദിവ്യശിശുവിൻെറ കണ്ണുകൾ പരി. കന്യക മറിയയുടേയും വി. യൌസേപ്പിന്റേയും നേരെ തിരിഞ്ഞിരിക്കുന്നു. സ്വയം എന്തെങ്കിലും ചെയ്യുവാൻ താൻ ശക്തനെന്നു് വിചാരിക്കുന്നില്ല. എന്നാൽ മാതാപിതാക്കളുടെ കൈയ്യിൽ എന്തിനും ശക്തനാണ്, എന്ന ധൈര്യവുമുണ്ടു് ആ കുഞ്ഞിനു്. വിശപ്പിലും ദാഹത്തിലും, തണുപ്പിലും എന്നുവേണ്ട

എല്ലാ ആവശ്യങ്ങളിലും മാതാപിതാക്കളുടെ നേരെ കൈയുയർത്തി കരയുക മാത്രമേ കുഞ്ഞിനു ചെയ്യാൻ സാധിക്കുകയുള്ളൂ. ദൈവസന്നിധിയിൽ ശിശുക്കളായ നമുക്ക് അവിടുത്തോടുണ്ടായിരിക്കേണ്ട ആശ്രയബോധത്തിന് എത്ര മഹത്തായ ഒരു മാതൃക. ബലഹീനതകളുടേയും ദുർവാസനകളുടേയും ഒരു കൂമ്പാരം മാത്രമേ നമുക്കു നേട്ടമായിട്ടുള്ളൂ എന്ന യാഥാർത്ഥ്യത്തെപ്പററിയുള്ള ബോദ്ധ്യം ദൈവത്തിൽ ആശ്രയിക്കുന്നതിന് നമ്മെ സഹായിക്കാതിരിക്കുകയില്ല. ദൈവമല്ലാതെ നമ്മെ സഹായിക്കുവാൻ ശക്തിയുള്ളവർ ആരുണ്ട്? അതിനാൽ നാം ബുദ്ധിപൂർവ്വം ആശ്രയം വയ്ക്കേണ്ടതു പിതാവായ ദൈവത്തിൽമാത്രമാണെന്നുള്ളതിനു സംശയമില്ല. അന്യഥാ വർത്തിക്കുന്നവർ മൃഗതൃഷ്ണയുടെ പിന്നാലെ ഓടുന്നവരെപ്പോലെ നിരാശയിൽ നിപതിക്കുമെന്നുള്ളതിനു സംശയമില്ല. അതിനാൽ "കർത്താവേ ഞാൻ നിന്നിൽ ആശ്രയിച്ചു ഒരുനാളും ലജ്ജിക്കയില്ല" എന്നു സങ്കീർത്തകനോടുകൂടി പറയത്തക്കവിധം നമ്മുടെ ആശ്രയം പരിപൂർണ്ണമായി ദൈവത്തിൽ നിക്ഷേപിക്കണം. നമ്മുടെ പാപങ്ങളും ബലഹീനതകളും ഇതിനു തടസ്സമാകുന്നില്ലെന്നു മാത്രമല്ല, അവയുടെ ആധിക്യം ഈ ആശ്രയബോധത്തിന് സഹായകമാവുകയാണു ചെയ്യുന്നത്.

നിഷ്കളങ്കത : വെണ്മഞ്ഞിൻെറ ധവളിമയും ശരച്ചന്ദ്രികയുടെ ശുഭ്രതയും നിഷ്പ്രഭങ്ങളാക്കിത്തീർക്കുന്ന ഹൃദയ നൈർമ്മല്യവുമാണ് മാനവ ശിശുവായി അവതരിച്ച ദൈവകുമാരനിൽ കാണുന്നതു്. ആത്മനൈർമ്മല്യത്തിൻെറ ബഹിർസ്ഫുരണമെന്നോണം ഹൃദയഹാരിയായ പ്രസന്നത സദാ മുഖത്തു കളിയാടുകയും ചെയ്യുന്നു. ഒരു ശിശുവിൻെറ ഹൃദയംപോലെ നിഷ്കളങ്കമായ ഹൃദയം സൂക്ഷിക്കുക പ്രായപൂർത്തിയായവർക്കു സാദ്ധ്യമാണോ എന്ന ഒരു പ്രശ്നം ഇവിടെ ഉദിച്ചേക്കാം. എന്നാൽ വൻ പാപങ്ങൾ ചെയ്തു നമ്മുടെ ഹൃദയം മലിനമായാൽത്തന്നെയും രക്ഷകൻെറ കരുണാജലത്തിൽ കഴുകി പരിശുദ്ധമാക്കുവാൻ സാധിക്കുമെന്നുള്ളതിനാൽ ഇതു് അസാധ്യമെന്നു പറയുക സാധ്യമല്ല. നീതിമാന്മാരെ എന്നതിനെക്കാൾ പാപികളെ അന്വേഷിച്ച് മണ്ണിലേക്കിറങ്ങിയ ആത്മത്രാണകന് നമ്മുടെ ഹൃദയതാപത്തിൻെറ ലാഞ്ഛന മാത്രമേ വേണ്ടൂ പാപപ്പൊറുതിയും വരപ്രസാദവർദ്ധനവും നല്കുന്നതിന്. "ലോകത്തിൽ ഉണ്ടാകാവുന്ന വൻ പാപങ്ങളെല്ലാം ചെയ്തിരുന്നാൽത്തന്നെയും ഞാൻ ഭഗ്നാശയായി ദൈവത്തിൽ നിന്നകലുകയില്ല" എന്ന് സധൈര്യം ഉദീരണം ചെയ്ത ചെറുപുഷ്പത്തെ നമുക്ക് അനുകരിക്കാം, നിഷ്കളങ്കഹൃദയം സൂക്ഷിക്കുന്നതിന്.

എളിമ : വിശുദ്ധിയുടെ അടിത്തറയായ എളിമയുടെ പാഠം നമ്മെ പഠിപ്പിക്കുന്ന ഉത്തമ ഗുരു ഉണ്ണിയേശുവാണ്. എളിമയിൽ പണുതുയർത്താത്ത വിശുദ്ധ ജീവിതം മണലിൽ കെട്ടിപ്പടുത്ത കെട്ടിടം പോലെ ക്ഷണത്തിൽ നിലംപതിക്കുമെന്ന വസ്തുത എളിമ അഭ്യസിക്കുന്നതിന് നമുക്കു പ്രചോദനം നൽകും. എളിമയ്ക്കു് എത്ര ഉൽകൃഷ്ടമായ പാഠമാണ് കാലിത്തൊഴുത്തിൽ നിന്നും നമുക്കു ലഭിക്കുന്നതു്. സകലത്തിൻെറയും ഉടയവൻ നിരാലംബനും ബലഹീനനും ആയ ഒരു ശിശുവായി പരസഹായം കൂടാതെ ജീവിക്കുവാൻ സാദ്ധ്യമല്ലാത്ത നിലയിൽ കാണപ്പെടുന്നു. ആദ്യന്തരഹിതനും സർവ്വശക്തനുമായ ദൈവം ജനനമരണങ്ങൾക്കു വിധേയനായി തീർന്നിരിക്കുന്നു. സൃഷ്ടികൾക്ക് മോടിയേറിയ മണിമേടകൾ ദാനംചെയ്ത ജഗത്ഗുരു തൻെറ വാസസ്ഥലമായി വൃത്തിഹീനമായ ഒരു കാലിത്തൊഴുത്ത് തെരഞ്ഞെടുക്കുന്നു. പരുപരുത്ത വൈക്കോൽ മെത്തയാണ് അവിടുത്തെ ശയ്യ. സഹവാസികൾ വെറും മൃഗങ്ങൾ. ദൈവകുമാരൻെറ നിസ്വതയും വിനയവും അഹന്തകൊണ്ടു വീർത്തിരിക്കുന്ന മനുജഹൃദയങ്ങൾക്കു നൽകുന്ന ആഹ്വാനം "ഹൃദയ ശാന്തതയും എളിമയുമുള്ള എന്നിൽ നിന്നു പഠിക്കുവിൻ" എന്നതാണ്.

സംതൃപ്തി : ശിശുസഹജമായ ഈ ഗുണം ദിവ്യ ഉണ്ണിയിലും വിളങ്ങിയിരുന്നു. തന്നിമിത്തം ഉല്കണ്ഠയുടേയോ വ്യഗ്രതയുടേയോ, മനശ്ചാഞ്ചല്യത്തിൻേറയോ ലാഞ്ഛനപോലും തീണ്ടാത്ത അവിടുത്തെ പൊൻമുഖത്തു് സദാ പ്രസന്ന

# കൊന്തയും ചിന്തയും

ബ്രദർ പീയൂസ്, സി. എസ്. റ്റി.

കൊന്ത അഥവാ ജപമാല ഏതൊരുത്തമ കത്തോലിക്കനെയാണ് ആനന്ദസമാശ്വാസങ്ങളിൽ ആറാടിക്കാത്തത്. നാശഗർത്തത്തിലേക്കു പാഞ്ഞുകൊണ്ടിരിക്കുന്ന ലോകത്തിന് സമാധാനത്തിനും രക്ഷയ്ക്കുംവേണ്ടി നിസംശയം പിടിച്ചുകിടക്കാവുന്ന ലൈഫ് ബോട്ടാണു കൊന്ത. ലോകത്തിൻെറ രക്ഷ മറിയംവഴി സാധിക്കുവാനാണ് ദൈവം ഇന്ന് അത്യധികം ആഗ്രഹിക്കുന്നത്. അതെ, ലോകത്തിൻെറ രക്ഷ കൊന്തയെ ആശ്രയിച്ചാണ് ഇന്നു സ്ഥിതിചെയ്യുന്നതെന്നു ബലമായി പറയാവുന്നതാണ്. മറിയത്തിൻെറ വാക്കുകൾതന്നെയാണ് നമുക്കിതിനു ആധാരമായുള്ളത്. അവൾ പറയുകയാണ്: പാപികളുടെ മാനസാന്തരത്തിനായി ജപമാല ചൊല്ലുവിൻ (ലൂർദ്ദിൻ). മാതാവിനെ അഭിമുഖമായി ദർശിക്കുവാൻപോലും ഭാഗ്യംസിദ്ധിച്ച നിഷ്കളങ്കരായ ലൂസിയോടും ഫ്രാൻസിസിനോടും അവിടുന്നു പറഞ്ഞു "നിങ്ങൾ ധാരാളം കൊന്തചൊല്ലിയെങ്കിൽ മാത്രമെ സ്വർഗ്ഗത്തിൽ പോകുകയുള്ളു." (ഫാത്തിമാ). അങ്ങനെയെങ്കിൽ ബലഹീനരും പാപികളുമായവരുടെ രക്ഷയ്ക്കു കൊന്ത എങ്ങനെ ഒഴിച്ചുനിറുത്തുവാൻ സാധിക്കും. അതെ, മനുഷ്യരക്ഷാകൃത്യത്തിൻെറ ആദ്യപടിയിൽ കാലുവയ്ക്കുന്നത് 'നന്മനിറഞ്ഞമറിയം' വഴിയായിട്ടാണ്. അവൾവഴിയായി അതു തുടരുവാനും അവിടുന്നു അഭിലഷിക്കുന്നു.

മറിയത്തിൻെറ മക്കൾ അവിടുത്തെ തിരുശിരസ്സിൽ പ്രതിദിനം ചൂടിക്കുന്ന മുടിയാണ് കൊന്ത (Pope Bendict XV). തനിക്കു ജന്മവും പരിരക്ഷയും നൽകുകയും തന്നോടുകൂടി മനുഷ്യരക്ഷാകർമ്മത്തിൽ സഹിക്കുകയും പ്രവർത്തിക്കുകയും ചെയ്ത അവിടുത്തെ അമ്മയെ ബഹുമാ

---

തയും പ്രശാന്തതയും കളിയാടിയിരുന്നു. തൻെറ സംരക്ഷണത്തിന് എപ്പോഴും ഉൽസുകരായി വർത്തിക്കുന്ന മാതാപിതാക്കളുള്ളപ്പോൾ ശിശുക്കൾ എന്തിന് അസംതൃപ്തരാകണം. അനന്തനന്മയും ദയാനിധിയുമായ ദൈവത്തിൽ പ്രശോഭിക്കുന്ന ഗുണങ്ങളുടെ ഒരു നേരിയ ഛായമാത്രമുള്ളവരായ മാതാപിതാക്കളിൽ വിശ്വാസമർപ്പിക്കയാൽ ശിശുക്കൾ ഇത്ര സംതൃപ്തരായിവർത്തിക്കുന്നെങ്കിൽ പിതാവായ ദൈവത്തിൽവിശ്വാസവും പ്രത്യാശയും വച്ചിരിക്കുന്ന നാം എത്ര കൂടുതലായി സംതൃപ്തരാകേണ്ടിയിരിക്കുന്നു. സംതൃപ്തിയുടെ ഫലങ്ങളായി പ്രസന്നത, ശാന്തത, ശാലീനത തുടങ്ങിയവയെല്ലാം നമ്മിൽ പരിപോഷിച്ചുകൊള്ളും.

കാലിത്തൊഴുത്തിൽ നിന്നുള്ള പാഠം നന്നായി ഗ്രഹിച്ച് ഈ മഹാ പാഠശാലയിൽ നിന്ന് അനന്യയാർഹമായ വിജയവും മഹത്തായ കീർത്തിമുദ്രകളും നേടിയവളാണ് ഉണ്ണിയീശോയുടെ വി. ചെറുപുഷ്പം. ആകയാൽ സഭാപിതാക്കൾ മാനവവംശത്തിൻെറ മാർഗ്ഗനിർദ്ദേഷ്ടാവായി അവളെ ചൂണ്ടിക്കാണിച്ചുതരുന്നു. ഈ അഭ്യാസം നിമിത്തമല്ലേ കൂർത്ത മുൾമുനകൾ കുത്തിക്കയറി കുരുന്നു വിരലുകൾ മുറിപ്പെട്ടപ്പോൾ പതിന്മടങ്ങു പ്രേമവായ്പോടെ സ്നേഹഗീതം ആലപിക്കുന്നതിനും, കരൾ കവരുന്ന പുഞ്ചിരിയിൽ പൊതിഞ്ഞ് ആലസ്യങ്ങൾ പരനേത്രങ്ങളിൽ നിന്നു മറച്ചുവയ്ക്കുന്നതിനും അവൾക്കു നിഷ്പ്രയാസം സാധിച്ചത്? വി. കൊച്ചുത്രേസ്യായെപ്പോലെ ദിവ്യ ഉണ്ണിയിൽനിന്നും പഠിക്കേണ്ടുന്ന പാഠങ്ങൾ നാമും ശരിയായി മനസ്സിലാക്കുവാൻ ഉണ്ണിയീശോയുടെ ചെറുപുഷ്പം നമ്മുടെ മദ്ധ്യസ്ഥയായിരിക്കട്ടെ. പ്രസംഗങ്ങളാൽ മാത്രമല്ല പ്രവൃത്തി വഴിയായും, നമ്മുടെ ജീവിതസരണി എപ്രകാരമുള്ളതായിരിക്കണമെന്ന് കാണിച്ചുതന്ന ദൈവകുമാരൻ, കാലിത്തൊഴുത്തിലെ ആ പ്രേമത്തിടമ്പ്, നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

നിക്കുന്നവരെ ഈശോ പരിത്യജിക്കുമെന്നു നമു ക്കു എങ്ങനെ ചിന്തിക്കുവാൻ കഴിയും. നീ ഇന്ന പ്രാർത്ഥനചൊല്ലിയോ എന്നു ചോദിക്കുമ്പോൾ, തീർച്ചയായും ഉദ്ദേശിക്കുന്നതു് കൊന്തയെയാണ്.

കൊന്തക്കു് ഒരു ആത്മാവുണ്ടു്-ഒരു ശരീര മുണ്ടു്. ആത്മാവും ശരീരവും ഉള്ളതുകൊണ്ടു് അതു ഒരു സജീവഭക്തിയാണ്. കൊന്തയിലെ രഹസ്യങ്ങളെക്കുറിച്ചുള്ള ധ്യാനം അതിൻെറ ആത്മാവും, 'ആകാശങ്ങളിലിരിക്കുന്ന', 'നന്മനിറ ഞ്ഞമറിയം', 'ത്രീത്വസ്തുതി' എന്നീ നമസ്കാര ങ്ങൾ അതിൻെറ ശരീരവുമാണ്. സജീവമായ ഒരു ഭക്തിയുടെ ആത്മാവായ ധ്യാനത്തെ ഒഴിച്ചു നിറുത്തിയിട്ട നാം അതു് ഉരുവിടുന്നതുകൊണ്ടു തൃപ്തിപ്പെട്ടാൽ കേവലം പ്രയോജനരഹിതമാണ ല്ലോ. ആയതിനാൽ കൊന്തയിലെ രഹസ്യങ്ങളെ ക്കുറിച്ചുള്ള ഒരു പ്രായോഗികധ്യാനരീതി സ്വാഗ താർഹമായിരിക്കുമല്ലോ.

ഒന്നാം രഹസ്യം

മംഗലവാർത്ത

ശാന്തതയുടെയും, സൗകുമാര്യത്തിൻെറയും, സ്നേഹത്തിൻെറയും. താരുണ്യത്തിൻെറയും, ആ ന്തരിക പരിശുദ്ധിയുടെയും നിറകുടമായ ഒരു തരുണി; അവൾ വിനീതവും ദരിദ്രവുമായ ആ ചെറു മുറിയിൽ കരപല്ലവങ്ങൾ മാറ്റോടണച്ചു് അക്ഷികളെ അംബരങ്ങൾക്കപ്പുറം സ്ഥിതിചെ യ്യുന്ന നാഥനിലേയ്ക്കു് ഉയർത്തി പരുപരുത്ത തറ യിൽ മുട്ടുന്നിനിൽക്കുന്നു. അവളുടെ അധരങ്ങൾ ചലിക്കുന്നില്ല, ഹൃദയം ആഞ്ഞടിക്കുന്നുണ്ടു്, എന്തോ ഒന്നിനുവേണ്ടി.

ഇതാ, എദോമിൽനിന്നു് ഒരു സുന്ദരരൂപം, അവൾക്കു് അപ്രതീക്ഷിതവും അനഭിലഷണീയ വുമായ ഒരു പുരുഷരൂപം അവിടെ അവളുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു, അയാൾ സുന്ദരകളേബ രനാണ്. ഏതൊരു തരുണിയുടേയും ലാലസ കളെ തട്ടിയുണർത്താൻ പോരുന്നതാണ് ആ പു മാൻെറ സുന്ദരരൂപം എന്നാൽ അതിനൊന്നും ഇവിടെ സ്ഥാനമില്ല. അവൾ ഈ അപ്രതീ ക്ഷിത ദർശനത്തിൽ വിറയാന്നു. "നന്മ നിറഞ്ഞ വളെ" ആഗതൻ അവളെ അഭിസംബോധനം ചെയ്തു. "നിനക്കു സ്വസ്തി. സ്ത്രീകളിൽ നീ അനു ഗ്രഹിക്കപ്പെട്ടവളാകുന്നു. കർത്താവു് നിന്നോടു കൂടെ". ആ മാടപ്രാവിൻെറ പരിഭ്രമം കണ്ടു് ദൈവദൂതൻ—ആഗതൻ ദൈവത്തിൻെറ ദൂത നായ ഗബ്രിയേലായിരുന്നു—അല്പം കലങ്ങാതിരു ന്നില്ല. എങ്കിലും അയാൾ തുടന്നു. "മറിയമേ", അതായിരുന്നു അവളുടെ പേർ— നീ ഭയപ്പെടേ ണ്ട. നിനക്കു് ദൈവത്തിൻെറ അടുക്കൽ കൃപ ലഭിച്ചിരിക്കുന്നു. ഇതാ നീ ഗർഭം ധരിച്ചു് ഒരു പുത്രനെ പ്രസവിക്കും. അവനു് ഈശോ എന്നു പേർ വിളിക്കണം."

മറിയം അല്പം ആലോചിച്ചു നിൽക്കുകയാ ണ്. മനുഷ്യരക്ഷാകൃത്യം ത്രാസിൽ തൂങ്ങുന്ന നിമിഷം. ദൈവത്തിൻെറ പ്ളാനുകൾ തകരു കയോ? മാലാഖമാർ സംഭ്രമജനകരായി നോ ക്കിനിൽക്കുന്നു. മനുഷ്യകണ്ണുകളിൽ ഈ സംഭ വം എത്തുപെട്ടിരുന്നെങ്കിൽ എത്രപേർ അവിടെ ഓടിക്കൂടുകയില്ലായിരുന്നു, മറിയത്തെ സമ്മതം മൂളിക്കാൻ. അവൾ സംശയവതിയായി ചോദി ക്കുന്നു: "ഞാൻ പുരുഷനെ അറിയാത്തതിനാൽ ഇതു് എങ്ങനെ സംഭവിക്കും?" മാലാഖാ അറി യിച്ചു:"പരിശുദ്ധാത്മാവു വരും. അത്യുന്നതൻെറ ശക്തി നിൻെറ മേൽ ആവസിക്കും..."

അവളുടെ എളിമയുടെ ആഴത്തിൽ ദൈവ ത്തിൻ പക്കലേയ്ക്കു് ഹൃദയത്തെ ഉയർത്തി. അവ ളുടെ ജീവനെക്കാൾ അവൾ മതിച്ചിരുന്ന തൻ്റെ ശുദ്ധതയ്ക്കു ഭംഗം വരികയില്ലെന്നു് അവൾക്കു് ഉ റപ്പു കിട്ടി. അവൾ പറഞ്ഞു: "ഇതാ കർത്താ വിൻെറദാസി. നിൻെറ വാക്കുപോലെ എന്നിൽ ഭവിക്കട്ടെ." മനുഷ്യാവതാരകർമ്മം ഇതാ നിർവ്വ ഹിക്കപ്പെട്ടു കഴിഞ്ഞു.

വഷളത്വവും അശുദ്ധിയും, അന്തസ്സും അഭി മാനവുമായി കരുതുന്ന ലോകത്തിനു് ഇതാ മറി യം ഒരു പാഠം നൽകുന്നു. "ഞാൻ പുരുഷനെ അറിയുന്നില്ല." ദൈവ മാതൃപദത്തെക്കാൾ അ വൾ ശുദ്ധതയെ സ്നേഹിച്ചു. നമ്മുടെ ശുദ്ധതയു ടെ സംരക്ഷണം കയ്യേൽക്കണമെന്നും അവളിൽ നിറഞ്ഞൊഴുകുന്ന 'നന്മ'യിൽ നമ്മേയും ഓഹരി ക്കാരാക്കണമെന്നും മറിയത്തോടു നമുക്കു പ്രാ ർത്ഥിക്കാം.

രണ്ടാം രഹസ്യം

## പ. കന്യകാമറിയം
## എലിശ്വായെ സന്ദർശിക്കുന്നു

യൂദായിലെ ശാദ്വലപ്രദേശങ്ങളിലൂടെ മറിയം ഇതാ നടന്നുപോകുന്നു. ഉത്തമയായ യഹൂദവനിതയ്ക്കുചിതമായ വസ്ത്രധാരണം അവളുടെ വിനയത്തിനു മാററു കൂട്ടുന്നുണ്ടു്. അവൾ ഏകാകിനിയാണ്. അവൾ പോകേണ്ട ദൂരം ഏകദേശം എൺപതു മൈലാണ്. ഏകാകിനിയെങ്കിലും ഭയചകിതയല്ല മറിയം. എന്തിനാണ് അവൾ ഇത്ര ബദ്ധപ്പെട്ടുപോകുന്നതു്? ഗർഭിണിയായ മറിയം ഗർഭിണിയായ തൻെറ ഇളയമ്മയെ ശുശ്രൂഷിക്കുവാൻ. ലോകം ഒരുപക്ഷെ മറിയത്തിൻെറ ഈ ഭോഷത്വത്തെ കണ്ടു പല്ലിളിച്ചേക്കാം. അവൾ വനങ്ങളിലെ മൃഗങ്ങളേയും പ്രകാശധാമങ്ങളായ വാനവരേയും നീലാംബരത്തിൽ സൂര്യനേയും സൃഷ്ടിച്ച അത്യുന്നതൻെറ മാതാവാണ്. എന്നാൽ അവർ അറിയുന്നില്ല, മറിയത്തെ ഈ നിലയിലേയ്ക്കുയർത്തിയതു് അവളുടെ ഈ എളിമയാണെന്നു്. അത്യുന്നതൻെറ അമ്മയായതുകൊണ്ടു് അവൾ ഒട്ടും അഹങ്കരിച്ചില്ല. പിന്നെയോ, എളിമപ്പെട്ടു വീണ്ടും വീണ്ടും 'ഇതാ കർത്താവിൻെറ ദാസി' എന്നു് അവൾ ഉച്ചരിച്ച ക്ഷണംമുതൽ അവൾ മററുള്ളവർക്കായി അർപ്പിക്കപ്പെട്ടു സ്വയം.

അത്യുന്നതൻെറ സുതനെ വഹിച്ചിരുന്ന അവളുടെ പാദങ്ങൾ എലിശ്വായുടെ അങ്കണത്തിൽ സ്പർശിക്കുന്നു. ഇളയമ്മയും മകളും തമ്മിൽ സ്വസ്തി പറയുന്ന ആ രംഗം എത്ര ഹൃദയഹാരിയല്ല. സ്വാർത്ഥതയുടെ കറ പുരളാത്ത സ്നേഹം. അവൾ സ്നേഹാശ്ലേഷണത്തിൽ നിർവൃതി കൊള്ളുന്നു.

എലിശ്വായും എളിമയിൽ കുറവുള്ളവളല്ല. അവൾ വിളിച്ചുപറഞ്ഞു, എൻെറ കർത്താവിന്റെ അമ്മ എൻെറ അടുക്കൽ വരുവാനുള്ള ഭാഗ്യം എനിക്കെവിടെനിന്നു്. ഉദരസ്ഥിതനായ മനുഷ്യദൈവം, താൻ നിർവ്വഹിക്കുവാനിരുന്ന രക്ഷണീയ കൃത്യം, എലിശ്വായുടെ ഗർഭപാത്രത്തിൽ സ്ഥിതിചെയ്തിരുന്ന തൻെറ മുന്നോടിയെ ജന്മപാപവിമുക്തനാക്കിക്കൊണ്ടു് ഉൽഘാടനം ചെയ്യുന്നു.

**In Memoriam**



വെരി റവ. ഫാദർ

ജോൺ, കോയിൽപറമ്പിൽ

സൽഗുണസമ്പന്നനായ ഈ വൈദികൻെറ നിര്യാണംമൂലം തിരുവനന്തപുരം രൂപതയ്ക്കുണ്ടായ നഷ്ടത്തിൽ ദുഃഖിക്കാത്തവർ ആരുമില്ല. മൈനർ സെമിനാരി റെക്ടർ എന്ന ഉത്തരവാദിത്വമുള്ള ഒരു ജോലിയായിരുന്നു അദ്ദേഹം നിർവഹിച്ചുകൊണ്ടിരുന്നതു്. അദ്ദേഹത്തിൻെറ സേവനസന്നദ്ധതയും ഹൃദ്യസംഭാഷണവും അദ്ദേഹത്തെ അറിയുന്നവരാരും മറക്കുകയില്ല. ''കാർമ്മലി''നു് അദ്ദേഹത്തോടു് വലിയ കടപ്പാടുണ്ടു്. ഞങ്ങളുടെ ലേഖനങ്ങളുടെ ഒരു 'അക്ഷയപാത്ര'മായിരുന്ന പരേതൻ.

ജനനം: 17—7—1913

പൌരോഹിത്യം: 13—3—1937

മരണം: 15—12—1960.

R. I. P.

പ്രാർത്ഥനാസമയത്തു് എത്രഎത്ര പ്രാവശ്യം നമ്മുടെ മനസ്സും ഭാവനയും അനാവശ്യമായി ചുററിത്തിരിയുന്നില്ല. നമുക്കു മറിയത്തോടുകൂടി യൂദായിലെ മുന്തിരിത്തോപ്പുകളും, വയലുകളും, ആട്ടിൻ പററങ്ങളും കണ്ടുകൊണ്ടു പോകാം. ആ കാരുണ്യവതിയോടു പ്രാർത്ഥിക്കാം, അവിടുത്തെ എളിമ ഞങ്ങളിലേയ്ക്കും, സത്യത്തിൻെറ മാർഗ്ഗത്തിൽനിന്നു് എളിമയുടെ കുറവിനാൽ തെററിപ്പോയ അനേകലക്ഷങ്ങളിലേയ്ക്കും വർഷിക്കണമെന്നു്.

ഭഗീത

(8-ാം പേജിൽനിന്നും തുടർച്ച)

യാതിരിക്കും? അമ്മയുടെ പക്കൽനിന്നും വേർപെട്ടതിനുശേഷം യാതനകളല്ലാതെ അവൾ അറിഞ്ഞിട്ടില്ല. അന്യരുടെ വേദനയിൽ സഹതാപമില്ലാത്ത ദുഷ്ടന്മാരെ മാത്രമെ അവൾ കണ്ടിട്ടുള്ളു. അവളുടെ ചിന്തകൾ പുറകോട്ട് പറന്നു. സ്വന്തം സഹോദരന്മാർ തൻെറ വേദനകൾ അറിഞ്ഞിരുന്നുവെങ്കിൽ തീർച്ചയായും തന്നെ ഈ അവസ്ഥയിൽനിന്നു രക്ഷിക്കുവാൻ വന്നെത്തുമായിരുന്നു. അവളുടെ അമ്മതന്നെ ഈ ദുഷ്ടന്മാരോട്ട് എതിർക്കത്തക്കവിധം ദേഹശക്തി ഉള്ളവളായിരുന്നു. അല്ലെങ്കിൽ മകളോടൊപ്പം മരിക്കുവാൻകൂടി ആ സ്ത്രീ തയ്യാറാകുമായിരുന്നു. ഇരുട്ടറയിൽനിന്നു് അടങ്ങിയ തേങ്ങലുകൾ ഉയർന്നു. അവൾ മരണം ആഗ്രഹിച്ചു. പലപ്പോഴും മരിക്കുന്നതിന് അവൾക്ക് അതിയായ ഭയമായിരുന്നു. പല അടിമകളും വേദനകൊണ്ട് പിടച്ചു മരിക്കുന്നതു് അവൾ കണ്ടിട്ടുണ്ട്. കഠിനയാതനകളേററു് അവരുടെ ഞരമ്പുകൾ പിടക്കുകയും ദയനീയമായി നിലവിളിക്കുകയും ചെയ്യുമ്പോൾ ഭഗീത പേടിച്ചു വിറച്ചുപോയിട്ടുണ്ട്. മരണശേഷം അവളുടെ സ്ഥിതി എന്തായിരിക്കും? തീർച്ചയായും യാതനകളിൽനിന്നു് മരണം അവൾക്കു മോചനം നൽകും. അങ്ങിനെയെങ്കിൽ മരണം തന്നെയാണ് അഭികാമ്യം.

അസീസ്സിയിലെ വിശുദ്ധ ഫ്രാൻസീസിനെപ്പോലെ മരണത്തെ സഹോദരി എന്നു വിളിക്കുവാൻ അവൾക്കു് കഴിഞ്ഞില്ല. ക്രിസ്തു വാഗ്ദാനംചെയ്ത സ്വർഗ്ഗം തനിക്കായി തുറന്നുതരുന്നതു് മരണമാണ്, ഭഗീത ക്രിസ്തുവിൻെറ വാഗ്ദാനം അറിഞ്ഞിരുന്നെങ്കിൽ! സ്വന്തം സഹോദരങ്ങളെ നികൃഷ്ടരായി കണക്കാക്കുകയും മൃഗങ്ങളെക്കാൾ ക്രൂരമായി ഹിംസിക്കുകയും ചെയ്യുന്ന ആ കാട്ടാള വ്യവസ്ഥിതിയിൽ ക്രിസ്തുവിൻെറ സുവിശേഷം പ്രചരിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

ഭഗീത ആഗ്രഹിച്ചതുപോലെ മരണം അവളെ രക്ഷിക്കുവാൻ എത്തിയില്ല. എല്ലാവരുടേയും രക്ഷയുടെ സുദിനം ദൈവംമാത്രം അറിയുന്നു. ഓരോരുത്തർക്കും വരുവാനിരിക്കുന്ന മഹത്വവുമെല്ലാം ദൈവം മറച്ചുവച്ചിരിക്കുന്നു.

പുറത്തു് കാൽപെരുമാററം കേട്ടു. സമയം രാത്രി ആയിരുന്നു. അടിമകൾ കിടക്കുവാനായി വന്നുകഴിഞ്ഞു. സഹോദരിയെപ്പററിയാണ് ഇപ്പോൾ ഭഗീത ഓർക്കുന്നതു്. അവൾ എവിടെ ആയിരിക്കും? ഇപ്പോൾ കണ്ട അടിമകളുടെ കൂട്ടത്തിൽ ഉണ്ടായിരിക്കുമോ? എങ്കിൽ എത്ര ആശാസകരമായിരുന്നു. വരിവരിയായി അടിമകൾ വന്നുകൊണ്ടിരുന്നു. ദീർഘകായന്മാരായവരും യാതനകളാൽ ആരോഗ്യം നഷ്ടപ്പെട്ട കൃശഗാത്രരുമെല്ലാം വിശ്രമത്തിനായി വരികയാണ്, ഒടുവിലായി വന്നതു് ഭഗീതയോളം പ്രായമായ രണ്ടു കുട്ടികൾ, നിരാശയോടും ഗദ്ഗദത്തോടും കൂടി അവൾ കിടക്കയിലേയ്ക്കു വീണു. അവളുടെ സഹോദരി മരിച്ചിരിക്കുമോ? അവളുടെ തേങ്ങലുകൾ ശ്രദ്ധിച്ച ഒരു സൂക്ഷിപ്പുകാരൻ കൈയിൽ ചാട്ടയുമായി വന്നു് "ഇവിടെ കരയുവാൻ പാടില്ല. വെറുതെ കിടന്നു് ഉറങ്ങിക്കൊള്ളണം. ഇനിയും കരയുവാനാണ് ഭാവമെങ്കിൽ ചോര ഒലിക്കുന്നതുവരെ നിന്നെ ചാട്ടകൊണ്ട് അടിക്കുന്നതായിരിക്കും." ഇത്രയും പറഞ്ഞിട്ട് അയാൾ കൈയിലിരുന്ന ചാട്ട ചുഴററി അവളെ അടിച്ചു. ഹൃദയം ഭേദിച്ചു പുറത്തേക്കു വരുന്ന തേങ്ങലുകൾ അടക്കിക്കൊണ്ടു ഭഗീത നിശബ്ദയായി നിന്നു. സൂക്ഷിപ്പുകാരൻ പോയപ്പോൾ അവൾ മരണത്തെ അതിയായ ആഗ്രഹത്തോടെ ക്ഷണിക്കുകയായിരുന്നു, അല്പം മുൻപു് സ്വന്തം മാതാവിനെ കാണുവാൻ ആഗ്രഹിച്ചതുപോലെ തന്നെ.

കഠിന യാതനകളേററാൽ കരയുവാൻപോലും സ്വാതന്ത്ര്യമില്ല. അവൾ എങ്ങിനെ സഹിക്കും? നിശ്ശബ്ദമായി അവൾ കണ്ണുനീർ ഒഴുക്കി, ഒടുവിൽ മധുരസ്വപ്നങ്ങളുമായി നിദ്ര അവളെ ആശ്ലേഷിച്ചു. ശാന്തമായി ഉറങ്ങിക്കൊള്ളട്ടെ. അടുത്ത ദിവസം അവൾക്കു് പുതിയ പരീക്ഷണങ്ങളായിരിക്കും. പക്ഷെ എല്ലാം ദൈവം അറിയുന്നുണ്ട്. അദ്ദേഹം അനന്ത നന്മയായ ദയാസ്വരൂപനാണ്. നിന്നെ ആശ്വസിപ്പിക്കാതിരിക്കയില്ല, (തുടരും)

# വൈദികനും രാഷ്ട്രവും

(ഈ. ലൂയിസ്സ് റോച്ചു്, പി. എച്ച്. എൽ; ബി. ഡി.)

"സീസറിനുള്ളതു് സീസറിനും ദൈവത്തിനുള്ളതു ദൈവത്തിനും നല്കുക." ഇതാണു ലോകത്തിനു പൊതുവേയും വൈദികർക്കു വിശേഷിച്ചും ക്രിസ്തുനാഥൻ നൽകിയിട്ടുള്ള ഉപദേശം. ഇതിൽ നിന്നും മനുഷ്യരാശിയുടെ പുരോഗതി രണ്ടു ശക്തികളെയാണു് ആശ്രയിച്ചിരിക്കുന്നതെന്നു വിവക്ഷിക്കുന്നതിൽ തെററില്ല. സഭയും രാഷ്ട്രവും. ഓരോന്നിനും അതാതിൻെറ വളർച്ചയ്ക്കു നിദാനമായ അധികാരങ്ങളും പരിധിനിഷ്ഠയവുമൊക്കെ ഉണ്ടുതാനും. സഹവത്തിത്വത്തോടെ മനുഷ്യനെ നന്നാക്കാൻ അക്ഷീണം യത്നിക്കേണ്ട ഈ വൻശക്തികളുടെ പരസ്പരമുള്ള കൈകടത്തലുകൾ ഒരിക്കലും അനുവദനീയമല്ല. അപലപനീയം കൂടിയാണു്. ചില സന്ദർഭങ്ങളിൽ മതപരമായ കാര്യങ്ങളിൽ രാഷ്ട്രം അഭിപ്രായം പറയുകയും ആ അഭിമതത്തെ ഭരണീയരിൽ അടിച്ചേൽപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്യുക എന്നുള്ളതു് പണ്ടുപണ്ടേ സർവസാധാരണമാണു്. രാജാവിൻെറ മതം പ്രജകളുടെ മതവുമായിരിക്കണമെന്നും മററുമുള്ള തത്വങ്ങൾ രാഷ്ട്രത്തിന്റെ പരിധി ലംഘനമല്ലെങ്കിൽപ്പിന്നെ മറെറന്താണു്? ഈ കുതിരകയററത്തെ സ്വാതന്ത്ര്യപ്രേമികൾ എതിക്കും. വേണ്ടിവന്നാൽ രക്തം ചിന്തിയും കാരാഗൃഹവാസമനുഷ്ഠിച്ചും ഞങ്ങളുടെ ആദർശങ്ങൾക്കു് അവർ സ്ഥിരീകരണം നൽകും.

ഒരു ഈശ്വരവിശ്വാസിക്കു് അവൻെറ മതം എന്തുതന്നെയായിരുന്നാലും അതു് വലുതാണു്. മററുഏതൊന്നിനെക്കാളും അതിനു് അവൻ കൂടുതൽ വില കല്പിക്കും, യാഥാത്മ്യം ഇതായിരിക്കെ മൂല്യമായ മതവികാരങ്ങളെ വ്രണപ്പെടുത്താനിടയുള്ള ഏതൊരു പ്രസ്ഥാനത്തേയും ഒരുവൻ എതിക്കുന്നുവെങ്കിൽ അതു വെറും സ്വഭാവികം മാത്രമാണു്. ഏതാണ്ടു് ഇതുതന്നെയാണു് ഒരു വൈദികനും ചെയ്യുന്നതു്. പരിപൂർണ്ണ മതസ്വാതന്ത്ര്യമനുവദിക്കുകയും അതേസമയം മതാനുഷ്ഠാനത്തിനും പ്രചരണത്തിനും ഭരണീയരെ അനുവദിക്കാതിരിക്കുകയും ചെയ്യുന്നതു രാഷ്ട്രങ്ങൾക്കു അനുയോജ്യമായ നടപടിയല്ല. ഈയിടെയായിട്ടു സമസ്തവും, മതപരമായ കയ്യാദികൾപോലും രാഷ്ട്രത്തിന്റെ കുത്തകയായിരിക്കണമെന്ന ഒരു പ്രവണത സാവ്വത്രികമായിത്തീന്നിട്ടുണ്ടെന്നു വേണം പറയുവാൻ. തെററായ കാൽവെയ്പാണിതെന്നു സങ്കല്പിച്ചേ തീരൂ. കൃഷിയെപ്പററി യാതൊരു ഗന്ധവുമില്ലാത്ത ഒരാൾ സ്വാഹചയ്യത്തിൻെറ ആനുകൂല്യം കൊണ്ടു പ്രഫസർ ആഫ് ആഗ്രിക്കൾച്ചർ ആയിത്തീരുന്നതുപോലിരിക്കുന്നു ഭരണകൂടങ്ങളുടെ ഈ പോക്കു്.

സത്യത്തിനും ധമ്മത്തിനും സാക്ഷിയായി, നീതിയുടെ ബലിപീഠത്തിൽ ജീവൻ അർപ്പിച്ച ഒരു മഹാത്യാഗിയുടെ പ്രതിനിധിയാണു വൈദികൻ. ഇവ്വിധമുള്ള ഒരാൾ സത്യവും ധർമ്മവുമെല്ലാം എരിപൊരികൊള്ളുമ്പോൾ മിണ്ടാതിരിക്കുകയോ? തെററിനെ തെറ്റെന്നും ശരിയെ ശരിയെന്നും ഉച്ചത്തിൽ വിളിച്ചുപറയേണ്ടവനല്ലേ ഒരു പുരോഹിതൻ? ഇതിനെയൊക്കെ വൈദികരുടെ രാഷ്ട്രീയ കൈകടത്തലുകൾ എന്നു പറഞ്ഞാൽ ആയതിനെ ആരെങ്കിലും വകവച്ചുകൊടുക്കുമെന്നു തോന്നുന്നില്ല. നീണ്ട രണ്ടായിരം വഷങ്ങൾക്കു മുൻപു്, ഭൂമുഖത്തിൽ രൂപമെടുത്തിട്ടുള്ള ഭരണകൂടങ്ങളിൽവച്ചു് ഏററവും പ്രബലമായ റോമാസാമ്രാജ്യത്തിൻെറ അനീതിയേയും അക്രമത്തേയും രംഗത്തു കൊണ്ടുവരികയും നീതിയുടെ വേദിയിൽ ജീവാർപ്പണം നടത്തുകയും ചെയ്ത ഏതാനും ധാർമ്മിക വിപ്ലവകാരികളുടെ പാദപത്മങ്ങളെ പിന്തുടരുന്ന വ്യക്തിയാണു് ഒരു പുരോഹിതൻ. അവരുടെ ധീരോദാത്തമായ നിലപാടും ആദർശസ്ഥിരതയും വിജയവുമാണു് ഒരു പുരോഹിതനു് രാഷ്ട്രീയകാര്യങ്ങളിൽ ഉണർവ്വും ഉന്മേഷവും പ്രചോദനവും പ്രദാനം ചെയ്യുന്നതു്. സനാതനധർമ്മത്തെയും പ്രകൃതി നിയമങ്ങളെയും

അങ്ങേയററം ബഹുമാനിക്കാൻ അയാൾ പഠിച്ചിട്ടുണ്ട്. അതേസമയം അസത്യത്തേയും അധർമ്മത്തേയും എന്നുവേണ്ടാ അക്രമത്തേയും അനീതിയേയും മതത്തിൻെറ നേർക്കുള്ള ഏതു തള്ളിക്കയററത്തേയും എതിർക്കുവാൻ അയാൾ ബാദ്ധ്യസ്ഥനാണ്.

ദൈവാലയഭിത്തികൾക്കുള്ളിൽ തടവുകാരനായിമാത്രം ജീവിക്കേണ്ടവനല്ല ഒരു വൈദികൻ. ജീവിതത്തിൻെറ ഏതു തുറയിലും നുഴഞ്ഞുകയറി ക്രിസ്തുവിൻെറവിശേഷാത്തരസന്ദേശം ലോകത്തെ അറിയിക്കുവാൻ അദ്ദേഹത്തിനൊരു ധാർമ്മികചുമതലയുണ്ട്. "സ്വർഗ്ഗത്തിലും ഭൂമിയിലും സർവ്വാധികാരവും എനിക്കു പ്രദാനം ചെയ്യപ്പെട്ടിരിക്കുന്നു. അതുകൊണ്ടു നിങ്ങൾപോയി സകല ജാതിക്കാരെയും പഠിപ്പിക്കുവിൻ" ക്രിസ്തുവിൻെറ ഈ അന്ത്യസന്ദേശം വെറുമൊരു ഉപദേശം മാത്രമല്ല; ശാസനം കൂടിയാണ്. ഒരു വൈദികൻെറ നിത്യരക്ഷതന്നെയും ഈ നിർദ്ദേശത്തിൻെറ നിർവ്വഹണത്തെയാണാശ്രയിച്ചിരിക്കുന്നതു്. "പഠിപ്പിക്കുവിൻ" എന്ന വാക്കിൽ മനുഷ്യനെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളും അടങ്ങിയിരിക്കുന്നു. അതുകൊണ്ടുതന്നെയാണു തലമുറ തലമുറയായി നിരവധി വിദ്യാലയങ്ങൾ നിർമ്മിച്ചു മനുഷ്യനെ സൽപഥത്തിൽ ചരിപ്പിക്കുവാനും സംസ്കാരസമ്പന്നനാക്കുവാനും സനാതനസഭ ഇത്ര വെമ്പൽ കൊള്ളുന്നതു്.

വൈദികൻെറ പ്രവർത്തനരംഗം ആദ്ധ്യാത്മികം തന്നെ. എന്നാൽ ചില വേളകളിൽ രാഷ്ട്രീയമണ്ഡലത്തിലേയ്ക്കു് ഒന്നു എത്തിനോക്കുന്നുവെങ്കിൽ അതിനുള്ള പ്രധാനകാരണം ഭരണാധികാരികളുടെ സന്മാർഗ്ഗനിഷ്ഠയില്ലായ്മയിലും പ്രകൃതിനിയമങ്ങളെ ദൂരത്തേയ്ക്കെറിഞ്ഞുകൊണ്ടുള്ള പുറപ്പാടിലും ആരാഞ്ഞാൽ മതിയാകും. അഥവാ ഒരു പൗരൻ എന്ന ലേബലുമായി വൈദികൻ ഭരണചെസ്ഥികളിൽ ഉൾപ്പെടാൻ ആഗ്രഹിച്ചാൽപോലും, അതു് ഇന്നു സുസാദ്ധ്യമല്ല—ദുസ്സാദ്ധ്യമായി തീർന്നിരിക്കുകയാണ്. ചതിയും കളവും, അധികാരമോഹവും, വഞ്ചനയും, കൊലയും എല്ലാംകൊണ്ടും മലീമസമായിരിക്കുകയാണ് ഇന്നത്തെ രാഷ്ട്രീയാന്തരീക്ഷം. പോരെങ്കിൽ അഭിപ്രായം ഇരുമ്പുലക്കയല്ലെന്നു പറയുന്ന തരക്കാരാണു് ഇന്നത്തെ രാഷ്ട്രീയവേദിയിലെ നടീനടന്മാർ. പിന്നെ അന്ധകാരാവൃതമായ രാഷ്ട്രീയരംഗത്തിൽ സത്യം, ധർമ്മം, നീതി തുടങ്ങിയ ദീപങ്ങളുമേന്തി ഒരു ചെറിയ മിന്നാമിനുങ്ങായി തീരുവാനുള്ള പുരോഹിതൻെറ സദുദ്യമത്തെ നാമെന്തിനു വിഘാതപ്പെടുത്തുന്നു.

മനുഷ്യൻ എപ്രകാരം വർത്തിക്കണം, പാവനമായ ഈശ്വരനിയമങ്ങളെ അവൻ എവ്വിധം കാത്തു പരിപാലിക്കണം എന്നും മററുമുള്ള കാര്യങ്ങൾ വൈദികൻെറ പരിധിയിൽ തന്നെയാണ് സദാപി നിലകൊള്ളുക. കാലം മാറിയാലും ലോകം എത്രതന്നെ പുരോഗമിച്ചാലും വൈദികൻെറ ഈശ്വരദത്തമായ ഈ അധികാരത്തെ ആർക്കും ചോദ്യം ചെയ്യാവുന്നതല്ല. ചിലർ പറയുന്നുണ്ടാവും എന്തിനാണ് വൈദികർ രാഷ്ട്രീയകാര്യങ്ങളിൽ തലയിടുന്നതെന്നു്. ഈ അഭിപ്രായം ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. അതിനവീനംപോലെ അതിപുരാതനവുമായ ഈ ആശയം അതേപടി സ്വീകരിച്ചുകൂടാ. ഒരു വൈദികൻെറ പ്രവൃത്തിമണ്ഡലം ആത്മശരീരങ്ങളോടുകൂടിയ മനുഷ്യനാണെന്ന വസ്തുത ജനതതി വിസ്മരിക്കുന്നതുകൊണ്ടാണ് ഈ പ്രമാദം ബുദ്ധിജീവികളെക്കൂടി ആവരണം ചെയ്യുന്നതു്. രാഷ്ട്രീയം, സാമ്പത്തികം, സാമൂഹികം, സാംസ്കാരികം, മതപരം എന്നു തുടങ്ങി അനേകകാര്യങ്ങൾ ഏകയോഗമായി സമ്മേളിക്കുന്ന ഒരു സർവ്വകലാശാലയാണ് മനുഷ്യൻ. ഈ മനുഷ്യനെ സംസ്കരിച്ചും വിശുദ്ധമാക്കിയും മുന്നോട്ടുപോകുന്ന മുഖ്യ ആചാര്യനാണ് പുരോഹിതൻ. ഭരണകൂടത്തിന്റെ നിയമങ്ങൾ മനുഷ്യൻെറ ധാർമ്മികാംശത്തെ ഇഞ്ചിഞ്ചായി കാർന്നു തിന്നുകൊണ്ടിരിക്കുമ്പോൾ അവനെ വിശുദ്ധമൂല്യങ്ങളിൽനിന്നും വ്യതിചലിപ്പിക്കുവാൻ അവിശ്രമം പരിശ്രമിക്കുമ്പോൾ ഒരു വൈദികൻ കണ്ണുംപൂട്ടി ഉറങ്ങുന്നതു വിഹിതമോ? സന്താനനിയന്ത്രണം, കുടുംബസംവിധാനപദ്ധതി (Family Planning), ഭ്രൂണഹത്യ, വിദ്യാഭ്യാസദേശവൽക്കരണം, രാഷ്ട്രത്തിൻെറ യുദ്ധക്കൊതി, യുദ്ധം നടത്തിയ്ക്കുന്നതിലുള്ള മനുഷ്യോചിതമല്ലാത്ത പെരുമാററങ്ങൾ തുടങ്ങിയ

ഒരു നൂറായിരം കാര്യങ്ങൾ ഒരു വൈദികൻെറ ശ്രദ്ധയിൽപ്പെട്ടപ്പോൾ മൌനമായിരിക്കാമോ? ദൈവസ്നേഹത്തിൽ അധിഷ്ഠിതമായ മനുഷ്യസേവനം മുദ്രാവാക്യമായി സ്വീകരിച്ചിട്ടുള്ള പുരോഹിതൻ രാഷ്ട്രത്തിൻെറ ഈദൃശകുതന്ത്രങ്ങളെ ചവിട്ടിമെതിച്ചുകൊണ്ട്, പിന്നിൽ കൊണ്ടുവന്ന ജനങ്ങളെ സൽപഥത്തിൽ ചരിപ്പിക്കുകയും മനുഷ്യനെ ഉത്തമനാക്കി തീർക്കുകയുമല്ലേ അഭിലഷണീയം, ആദരണീയം.?

വെറും വിശുദ്ധഗ്രന്ഥപാരായണവുമായി കഴിഞ്ഞുകൂടേണ്ടവനല്ല ഒരു വൈദികൻ. സാധാരണക്കാരനെ സഹായിക്കുന്നതിലും പാവങ്ങൾക്ക് കിടപ്പാടം നിർമ്മിച്ചുകൊടുക്കുന്നതിലും തൊഴിലില്ലായ്മ പരിഹരിക്കുന്നതിലും നല്ലവേതനം തൊഴിലാളികൾക്കു വാങ്ങി കൊടുക്കുന്നതിലും ആരുടേയും പിന്നിലായിരിക്കരുത് ഒരു പുരോഹിതൻെറ നില. തൊഴിലാളിലോകത്തിനു ഉത്തമമാതൃകയായ ക്രിസ്തുനാഥനെപ്പോലെ ഒരു സമുദായ പരിഷ്കർത്താവിൻെറയും ആദ്ധ്യാത്മിക നേതാവിൻെറയും നിലയ്ക്കായിരിക്കണം ഒരു വൈദികന്റെ ജീവിതവും പെരുമാററവുമെല്ലാം. സാമ്പത്തികഭദ്രത ആദ്ധ്യാത്മികാഭിവൃദ്ധിക്ക് അത്യന്താപേക്ഷിതമാണെന്നതിൽ അഭിപ്രായ അന്തരം കാണുമെന്നുതോന്നുന്നില്ല. "An empty Stomach is no good for religion" വിശക്കുന്ന വയറിനോട് വേദമോതിയാൽ പററുകയില്ല. മനുഷ്യാത്മാവിൻെറ പുരോഗതിക്കു സാമ്പത്തികവും സാമൂഹികവുമായ ദുഃസ്ഥിതി ഏറെക്കുറെ വിലങ്ങുതടിയായി നിൽക്കാം. സാമൂഹ്യ-സാമ്പത്തിക ദുരവസ്ഥ ഒരുവനെ ദുർവൃത്തനാക്കുന്നെങ്കിൽ അതിൽ അൽഭുതത്തിനു വകയില്ല. ഈ അടിയൊഴുക്കിനെ തടയാൻ ഒരു വൈദികൻ ബാദ്ധ്യസ്ഥനാണ്. ഇതു് വസ്തുതകളുടെ ഒരു വശം മാത്രം. നിഷേധാത്മകമായ ഭാഗം. ഇനി വേറൊരുവശം കൂടിയുണ്ട്, സൃഷ്ടിപരം—ക്രിയാത്മകം. ക്രിസ്തുനാഥൻെറ സന്ദേശസുധ മാലോകർക്കു പകർന്നു കൊടുക്കുവാൻ ഒരു വൈദികൻ അവൻെറ ജീവിതാന്തസ്സു നിമിത്തം നിർബന്ധിക്കപ്പെട്ടിരിക്കുന്നു. ഗുരുദേവൻെറ പാവനാദർശങ്ങൾ വ്യക്തമായിട്ടും അസന്നിഗ്ദ്ധമായിട്ടും ഒരു കത്തോലിക്കാ പുരോഹിതനുമാത്രമെ മാനവലോകത്തെ പഠിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. മിക്ക പ്രോട്ടസ്റ്റൻറു മതസംഘടനകളും കാരുണ്യാവധം (Mercy killing), വിവാഹമോചനം ജനന നിയന്ത്രണം തുടങ്ങിയവ അനുവദനീയമെന്നു് വാദിക്കുന്ന കൂട്ടരാണ്. ഈ ദശാസന്ധിയിൽ കത്തോലിക്കാ വൈദികൻ നിശബ്ദനായിരിക്കുകയാണെങ്കിൽ സാമ്പത്തിക-സാമൂഹിക-സാന്മാർഗ്ഗിക പ്രശ്നങ്ങളെപ്പററിയുള്ള ക്രിസ്തുവിന്റെ ആശയങ്ങൾ ലോകം എങ്ങനെയാണ് ഗ്രഹിക്കുക.

വ്യക്തികൾ നന്നാകുമ്പോൾ സമൂഹവും താനേ നന്നായിക്കൊള്ളും. വ്യക്തികളെ പവിത്രീകരിക്കുവാൻ വൈദികനെക്കാൾ പ്രാപ്തനായൊരു വ്യക്തി ഈ ഭൂതലത്തിലില്ല. സർവസംഗപരിത്യാഗികൾക്കു മാത്രമേ, ജനക്ഷേമകരമായി എന്തെങ്കിലും ചെയ്യാൻ സാധിക്കൂ. ഈ ആശയത്തോടു വിയോജിക്കുന്ന ഒരു കൂട്ടരൊണ്ടീനാട്ടിൽ. മനുഷ്യനെ ദുർവൃത്തനാക്കി വിപ്ലവകാരിയാക്കി സമുദായ പരിഷ്കരണം നടത്താൻ വെമ്പൽകൊള്ളുന്ന മാർക്സിസ്റ്റ്-ലെനിനിസ്റ്റ് ആശയക്കാർ. മർദ്ദനംകൊണ്ടു മനുഷ്യനെ നന്നാക്കാൻ സാദ്ധ്യമല്ലെന്ന വസ്തുത ഇക്കൂട്ടർ ഗ്രഹിക്കാത്തതു കഷ്ടാൽകഷ്ടതരം തന്നെ. ആന്തരിക പരിവർത്തനം ഒരുവനിൽ സംജാതമാകുമ്പോൾ. സമീപസ്ഥനെ സ്വന്തസഹോദരനായി ഗണിക്കുമ്പോൾ മാത്രമേ സമുദായ മദ്ധ്യത്തിലുള്ള വൈകല്യങ്ങൾ നീങ്ങി കിട്ടുകയുള്ളൂ. ആയതിനു പററിയ ആചാര്യൻ ഒരു പുരോഹിതനല്ലാതെ മററാരുമല്ല.

ഒരു രാഷ്ട്രീയ പ്രവർത്തകൻ ജനശബ്ദത്തിൻെറ പ്രതിധ്വനി മാത്രമാകുന്നു. ശബ്ദത്തെ ശരിപ്പെടുത്തുമെങ്കിൽ മാത്രമെ ധ്വനിക്കു വിലയും നിലയും മാധുര്യവും മധുരിമയും ഉണ്ടാകൂ. ജനശബ്ദത്തെ പവിത്രീകരിക്കാൻ വൈദികർക്കുള്ള കഴിവു നിരാക്ഷേപമാണ്. അങ്ങിനെ രാഷ്ട്രീയ പ്രവർത്തകരുടെ ജോലിയെ കുറെയൊക്കെ ലഘൂ

# കത്തോലിക്കാലോകം

## ക്രിസ്സ്മസ്സ്ദ്വീപിൽ ക്രിസ്സ്മസ്സ് കുർബാന

ലണ്ടനിൽനിന്നു് 7000 മൈൽ യാത്രചെയ്തു് റോയൽ എയർഫോഴ്സ് ചീഫ് ചാപ്ലൻ മോൺസിഞ്ഞോർ പാട്രിക്കു് ഒക്കോണൽ ക്രിസ്സ്മസ്സ് ദ്വീപിലെത്തി ക്രിസ്സ്മസ്സ് രാത്രിയിൽ ദിവ്യബലി അർപ്പിക്കുകയുണ്ടായി.

## പുതിയ ചാക്രികലേഖനം

ഇരുപത്തിമൂന്നാം ജോൺ മാർപ്പാപ്പാ തിരുമേനിയുടെ 4–ാമത്തെ ചാക്രികലേഖനം അടുത്ത മേയ് 15-ാം തീയതി പ്രസിദ്ധീകരിക്കപ്പെടുന്നതാണു്, സുഭഗസ്മരണാർഹനായ പതിമൂന്നാം ലെയോ മാർപ്പാപ്പായുടെ Rerum novarum എന്ന സുപ്രസിദ്ധ ചാക്രികലേഖനം പ്രസിദ്ധം ചെയ്തിട്ടു് അന്നു് 70 വർഷം തികയുന്നു. പ്രസ്തുത ലേഖനത്തെ പുരസ്കരിച്ചായിരിക്കും പുതിയ ലേഖനം.

ജോൺ മാർപ്പാപ്പാ തിരുമേനിയുടെ മററു മൂന്ന ചാക്രികലേഖനങ്ങൾ.

1. Ad Petri Cathedram (June 1959) സ്നേഹം വഴിയായി സത്യവും ഐക്യവും സമാധാനവും പുലത്തുന്നതിനുള്ള ഒരാഹ്വാനം.
2. Sacerdotii nostri Primordia. (Aug. 1959) പൌരോഹിത്യത്തെക്കുറിച്ചു്.
3. Princeps Pastorum (Nov. '59) മിഷ്യൻ പ്രവത്തനങ്ങളെക്കുറിച്ചു്.

## സ്പെയിനിൽ കലാപസൂചന

സ്പെയിനിലെ ഫ്രാങ്കോ ഗവർമ്മെണ്ടും സഭയും തമ്മിൽ തൊഴിലാളികളുടെ ട്രേഡ്യൂണിയൻ കാര്യത്തിൽ ഭിന്നിപ്പുണ്ടായിരിക്കയാണു്. ജനറൽ ഫ്രാങ്കോയുടെ സ്വേച്ഛാധിപത്യപരമായ പട്ടാളഭരണത്തെ അപലപിച്ചുകൊണ്ടു് സ്പെയിനിലെ അത്യുന്നത കർദ്ദിനാൾ ഡാനിയേൽ പ്ലാ തിരുമേനി ഗവർമ്മെൻറിനു താക്കീതു നൽകിയിരിക്കുന്നു.

---

കരിക്കുന്ന ഒരു പൊതുജനസേവകനായ വൈദികനു രാഷ്ട്രീയരംഗത്തിൽ സ്ഥാനം നിഷേധിക്കുന്നതു അനഭിലഷണീയമെന്നു മാത്രമല്ല ആപത്തു കൂടിയാണു്. ഭരണഘടനയനുസരിച്ചു് എല്ലാ പൌരന്മാക്കും രാഷ്ട്രീയകാര്യങ്ങളിൽ ഇടപെടാമെന്നിരിക്കെ ബഹുമാനപ്പെട്ട വൈദികക്കുമാത്രം ഈ അവകാശം ചില കുബുദ്ധികൾ അനുവദിക്കാത്തതിൻെറ കാരണം എന്താണാവോ? ഒരുവേള വൈദികൻെറ ജനസ്വാധീനത മൂലം തങ്ങളുടെ വ്യാജച്ചരക്കുകൾ രാഷ്ട്രീയകമ്പോളത്തിൽ വിലപ്പോവുകയില്ലെന്ന ഭീതിയായിരിക്കാം-ഈ നിഷേധത്തിനുള്ള മുഖ്യനിദാനം.

---

## ഈ ലക്കത്തിൽ


1. Auguries ... ... ... ... 1
2. Silver Jubilee (Very Rev. Fr. Constantine O. C. D.) ... ... 3
3. In Memoriam ... ... ... ... 4
4. ധ്യാനം—പുണ്യപൂണ്ണതയുടെ ഗിരിശൃംഗം ... ... 5
5. ഭഗിത—തുടർച്ച (Miss Jenette M. Sc.) ... ... 7
6. വിശുദ്ധൻ—തുടർച്ച (ജി. സി. ടീലാർ) ... ... 9
7. തിരുമുഖത്തിൻെറ മറവിൽ (റവ. ഫാ. ഫിലിപ്പ്, ഒ. സി. ഡി.) ... 11
8. ത്രിലോകങ്ങളും നമിക്കും നാമം (Rt. Rev. Msgr. P. Kackacherry) ... 16
9. ആന്തരികമായ മരിയഭക്തി (Rev. Sr. M. J. SABS) ... ... 17
10. അൽമായ കർമ്മലീത്തരോടു് (റവ. ഫാ. ആക്കെയിൻജൽ, ഒ. സി. ഡി.) ... 20
11. കാലിത്തൊഴുത്തിൽ (By a Carmelite Sister) ... ... 22
12. കൊന്തയും ചിന്തയും (ബ്രദർ പീയൂസ്, സി. എസ്. ററി.) ... ... 25
13. വൈദികനും രാഷ്ട്രവും (ഇ. റോച്ചു്, പി. എച്ചു്. എൽ; ബി. ഡി.) ... 29
14. കത്തോലിക്കാലോകം ... ... ... 32
15. പുതിയ പുസ്തകങ്ങൾ ... ... ... കവർ 3

# പുതിയ പുസ്തകങ്ങൾ

## 1. ഗലീലിയോ—ചരിത്രവസ്തുതകൾ

വശങ്ങൾ, 51. പ്രസാധകർ: എസ്. എച്ച്. ലീഗ്, ആലുവാ നോർത്ത് P. O. 1960, വില 25 ന. പൈ.

മതവും വിശ്വാസവും ഒന്നിച്ചു പോകുകയി ല്ലെന്ന വാദം മതവൈരികളുടെയിടയിൽ കൂടെക്കൂടെ പൊന്തിവരുന്ന ഒന്നാണ്. അതിനെന്നും ആധാരമായി കൊണ്ടുവരുന്ന ഒരു ചരിത്രമാണ് ഗലീലിയോയും കത്തോലിക്കാ സഭയും തമ്മിലുണ്ടായ സംഘട്ടനം. ചരിത്രവസ്തുതകളെപ്പററിയുള്ള അജ്ഞതനിമിത്തം വളരെ ചിന്താക്കുഴപ്പം ഉണ്ടാക്കിയിട്ടുള്ള പ്രസ്തുത വിഷയം അതിൻെറ യഥാർത്ഥ വെളിച്ചത്തിൽ ഈ ചെറിയ പുസ്തകത്തിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു.

## 2. സഭയും രാഷ്ട്രീയവും

രചയിതാവ്: ജോസഫ് ചാലിൽ. വശങ്ങൾ 64. പ്രസാധകർ: എസ്. എച്ച്. ലീഗ്, ആലുവാ നോർത്ത് P. O., 1960, വില 50 ന. പൈ.

മതവും രാഷ്ട്രവും തമ്മിലുള്ള ഇടച്ചിൽ ഇന്നുമിന്നലെയും തുടങ്ങിയതല്ല. ക്രിസ്തുമതത്തിൻെറ ആവിർഭാവത്തിനു മുമ്പും അതു നിലവിലിരുന്നു. എന്നാൽ അനാവിഷ്കൃത മതങ്ങൾക്ക് ഏതു തത്വവും ബലികഴിച്ച് രാഷ്ട്രീയസമ്മർദ്ദത്തിനു വഴങ്ങുന്നതിനു പ്രയാസമില്ലായിരുന്ന ഒരു കാലത്തു് ഈ പ്രശ്നം അധികമാളുകളുടെയും ശ്രദ്ധയെ ആകർഷിച്ചിരുന്നില്ല. എന്നാൽ ഇന്നത്തെ സ്ഥിതി അതല്ല. കത്തോലിക്കാസഭയ്ക്ക് അതിൻെറ തത്വങ്ങളേയോ, അവ അഭംഗം സംരക്ഷിക്കാനുള്ള വിപുലമായ അധികാരാവകാശങ്ങളേയോ ഒന്നും വെറും അനുരഞ്ജനത്തിനുവേണ്ടി ത്യജിക്കാൻ പാടില്ല.

സഭയുടേയും രാഷ്ട്രത്തിൻെറയും സമ്മിശ്രപ്രവർത്തനമണ്ഡലത്തിൽ കത്തോലിക്കർ ശരിക്ക് ഏതു നിലപാടാണ് സ്വീകരിക്കേണ്ടതു് എന്നു ഗ്രഹിക്കുന്നതിനു് ഈ ലഘുലേഖ വളരെ സഹായിക്കും.

## 3. രണ്ടു ജീവിതരീതികൾ

ഗ്രന്ഥകർത്താവ്:—സിൽവെസ്റ്റർ. വശങ്ങൾ 48. പ്രസാധകർ: എസ്. എച്ച്. ലീഗ്, ആലുവാ, നോർത്ത് P. O., 1960, വില 25 ന. പൈ.

F. Sherwood Taylor-ൻെറ "Two Ways of Life" എന്ന പുസ്തകത്തെ ആസ്പദമാക്കി രചിച്ചിരിക്കുന്ന ഒരു ലഘുലേഖയാണ് രണ്ടു ജീവിതരീതികൾ. പരലോകത്തിനു വേണ്ടിയും ഇഹലോകത്തിനു വേണ്ടിയും ജീവിക്കുന്ന രണ്ടുതരം ആളുകൾ മുറുകെ പിടിക്കുന്ന തത്വങ്ങളും ആശയങ്ങളുമാണു പ്രതിപാദ്യവിഷയം.

---


# കാർമ്മൽ സന്യാസാർത്ഥി മന്ദിരം

## എറണാകുളം

കർമ്മലീത്താ ഒന്നാം സഭയുടെ മലബാർ പ്രോവിൻസിൽ പ്രവേശിച്ച് പ്രാർത്ഥനാപരവും ത്യാഗസംപൂർണ്ണവും മരിയാനുചിതവുമായ ഒരാന്തരികജീവിതം നയിച്ചുകൊണ്ടു് ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി അനുസരണം ആവശ്യപ്പെടുന്ന ബാഹ്യജോലികളും ചെയ്യുന്നതിനാഗ്രഹിക്കുന്ന നിഷ്കളങ്കഹൃദയരും, ഉദാരമതികളും, ഉത്സാഹശീലരും, ആരോഗ്യവാന്മാരുമായ സ്കൂൾഫൈനൽ & കോളേജു വിദ്യാർത്ഥികൾ നേരത്തെ താഴെ കാണുന്ന മേൽവിലാസത്തിൽ അപേക്ഷിക്കുവിൻ.

viii, ix സ്റ്റാൻറേർഡുകളിൽ പഠിക്കുന്നവർക്കും അപേക്ഷിക്കാവുന്നതാണ്.

Rev. Fr. Director, Carmel Mandir,
St. Teresa's Carmelite Monastery,
Banerji Road, Ernakulam-1,

or

Very Rev. Fr. Provincial,
Carmel Hill Monastery,
Trivandrum-10.

Lic. No. 581 **CARMEL** Telephone No. 2286


# തിരുവസ്ത്രീയത്തിന്റെ പ്രേഷിതകേന്ദ്രം

ഉത്തരീയഭക്തരുടെ വാസനാവൈവിധ്യത്തെ കഴിയുന്നത്ര തൃപ്തിപ്പെടുത്തുന്നതിനു് വിവിധതരത്തിലുള്ള കർമ്മലോത്തരീയങ്ങൾ ഞങ്ങൾ തയ്യാറാക്കിയിട്ടുണ്ടു്. ചെറിയ തട്ടുള്ള സാധാരണ ഉത്തരീയം ഡസനു് 75 ന. പ. വലിയ തട്ടുള്ള സാധാരണ ഉത്തരീയം ഡസനു് 94 ന. പ. ചെറിയ തട്ടും ഒരു വശത്തുമാത്രം പ്ലാസ്റ്റിക്കുമുള്ള ഉത്തരീയം ഡസനു് 94 ന. പ. വലിയ തട്ടും നീളം കൂടിയ ചരടും ഒരു വശത്തുമാത്രം പ്ലാസ്റ്റിക്കും ഉള്ള ഉത്തരീയം ഡസനു് 1 ക. 12 ന. പ. കറുപ്പു്, ചുവപ്പു് എന്നീ നിറങ്ങളിലുള്ള പട്ടുചരടാണു് സാധാരണയായി ഉത്തരീയത്തിനു് ഉപയോഗിച്ചിരിക്കുന്നതു്. പത്തു ഡസൻ ഉത്തരീയമെങ്കിലും ആവശ്യപ്പെടുന്നവർക്കു് ആകർഷണീയമായ കമ്മീഷൻ.

താഴെക്കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടുക.

Director, Scapular Apostolate, Carmel Hill Monastery, Trivandrum-10.

---

തയ്യാറായിരിക്കുന്നു. ഉടൻ അപേക്ഷിക്കുക.

# ഒളിച്ചോട്ടം

അഥവാ

കമ്മ്യൂണിസ്റ്റു പോലീസിനെ കബളിപ്പിച്ച കന്യാസ്ത്രീ

Deliverance of Sister Cecilia എന്ന ഗ്രന്ഥത്തിന്റെ സ്വതന്ത്രവിവർത്തനം.

"സംഭവബഹുലമായ ഈ ജീവിതകഥ ഒരു നോവൽ പോലെ സരസവും മനോജ്ഞവുമായിരിക്കുന്നു"
(അവതാരകൻ)

---

# വിശുദ്ധ കൊച്ചുത്രേസ്യാ

സംപൂർണ്ണമായ സ്വയംകൃതചരിതം

മൂലലിഖിതങ്ങളുടെ വിവർത്തനം

താഴെക്കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടുക:-

മേനി കടലാസിൽ 1-ാംതരം ബയിന്റ് Rs. 6-00
,, 2-ാംതരം ,, ,, 4-00

മാനേജർ,
കാർമ്മൽ ബുക്കു് സ്റ്റാൾ,
കാർമ്മൽഹിൽ-തിരുവനന്തപുരം-10

---

# കാർമ്മൽ

മലബാർ പ്രോവിൻസിലെ നിഷ്പാദുക കർമ്മലീത്താ ഒന്നാം സഭാസന്യാസികളുടെ മേൽനോട്ടത്തിൽ ജനുവരി, ഏപ്രിൽ, ജൂലൈ, ഒക്ടോബർ എന്നീ മാസങ്ങളുടെ മദ്ധ്യത്തിൽ പ്രസിദ്ധപ്പെടുത്തുന്ന

## ★ ഒരു ത്രൈമാസികം ★

ഉദ്ദേശങ്ങൾ:— അഗാധമായ ആദ്ധ്യാത്മികജീവിതം പോഷിപ്പിക്കുക, മരിയഭക്തി പ്രചരിപ്പിക്കുക, പ്രേഷിതപ്രവർത്തനങ്ങൾ പുലർത്തുക മുതലായവ. വരിപ്പണം ആണ്ടൊന്നിനു് മുൻകൂർ 1 രൂ.50 ന.പ.

കത്തിടപാടുകൾക്കുള്ള മേൽവിലാസം :

വരിപ്പണം സംബന്ധിച്ചു്:— മാനേജർ, "കാർമ്മൽ", സെന്റ് ജോസഫ്സ് പ്രസ്സ്, തിരുവനന്തപുരം-10

ലേഖനങ്ങൾ സംബന്ധിച്ചു്:—പത്രാധിപർ, കാർമ്മൽഹിൽ, തിരുവനന്തപുരം-10


---

Edited by Very Rev. Fr. Eliseus O. C. D., printed and published by Rev. Br. Fidelis O. C. D., at St. Joseph's Press, Trivandrum, with permission of Eccl. Superiors.